# വിമർശവും വിമർശകന്മാരും

3041

21

ഗ്രന്ഥകർത്താ,

വക്കം അബ്ദുൽഖാദർ.

പ്രസാധകർ:-

വിജ്ഞാനപോഷിണിപ്രസ്സ് & ബുക്ക്ഡിപ്പോ,

കൊല്ലം.

കാപ്പി 1000.

1122.

NATIONAL BOOK STALL
KOTTAYAM.
KALARIKAL BAZAAR

M07

No.

# മുഖവുര.

ഈ പുസ്തകത്തിൻെറ ചില ഭാഗങ്ങൾ ഞാൻ 'മാതൃഭൂമി ആഴ്ചപ്പതിപ്പി'ൽ മൂന്നുനാലു കൊല്ലങ്ങൾക്കു മുൻപ് എഴുതിയിരുന്ന ചില ലേഖനങ്ങളാണു്. ആ ലേഖനങ്ങൾ ഇത്തരത്തിൽ ഉപയോഗപ്പെടുത്തിക്കൊള്ളുവാൻ സദയം അനുമതി നല്കിയതിനു 'മാതൃഭൂമി' പത്രാധിപർക്കു ഞാൻ ഹൃദയംഗമമായ കൃതജ്ഞത രേഖപ്പെടുത്തിക്കൊള്ളുന്നു.

വിമർശത്തെയും വിമർശകന്മാരെയും സമീപിക്കുവാൻ ആഗ്രഹിക്കുന്നവർക്ക് ഈ എളിയ ശ്രമം ഒരു സഹായമാവുമെങ്കിൽ ഞാൻ കൃതാർത്ഥനാകുന്നതാണു്.

ഗ്രന്ഥകർത്താ.

തിരുവനന്തപുരം,
21—3—122.

# ഗ്രന്ഥകത്താവിന്റെ ഇതരകൃതികൾ.

ജിയും ഭാഷാകവികളും

പുരോഗതിയും സാഹിത്യകലകളും

ഇഖ്ബാൽ

തൂലികാചിത്രങ്ങൾ

ചിത്രദർശിനി

ആത്മനിവേദനങ്ങൾ—ഇഖ്ബാൽ

ആത്മരഹസ്യങ്ങൾ ”

മൂന്നു സഹോദരിമാർ—ചെഹോവ്

ചെറിമരത്തോപ്പ് ”

ഐവാനോവ് ”

പാരവശ്യം—മാററർലിൻക്

No. 3044

# വിമർശവും വിമർശകന്മാരും.

വിമർശത്തെയും വിമർശകനെയും സംബന്ധിച്ച് അസാധുവായ പല അധിക്ഷേപങ്ങൾ ഇന്നും നമ്മുടെ ഇടയിൽ പ്രചരിക്കാറുണ്ട്. അവയിൽ പലതിനും മറുപടിക്കു അർഹിക്കത്തക്ക യോഗ്യതപോലും ഇല്ല. പുലഭ്യംപറച്ചിലുകൾക്കും ശകാരങ്ങൾക്കും മൌനമായിരിക്കും ചിലപ്പോൾ ഏററവും സമുചിതവും ഫലപ്രദവും ആയ മറുപടി. വിമർശത്തെപ്പററിയുള്ള ശ്രദ്ധാർഹങ്ങളായ ആക്ഷേപങ്ങളെയും ആരോപണങ്ങളെയും നാം വിഗണിച്ചുകൂടാ.

'വിമർശം എളുപ്പമാണ്; എന്നാൽ കല വിഷമമാകുന്നു. ഞാൻ വിമർശപരനല്ലെങ്കിൽ ഒന്നുമല്ല' എന്ന് ഷേക്സ്പീയരുടെ ഒഥെല്ലോ പറയുന്നു. കളിക്കാർ കാണുന്നതിനെക്കാൾ കൂടുതൽ കളികാണുന്നവർ കാണുന്നു എന്നു ബേക്കൺ വിമർശത്തെ ചിന്താങ്ങിപ്പറഞ്ഞു. പൂച്ചയും രാജാവിനെ നോക്കും എന്ന് പറഞ്ഞു ഗോൾഡ്സ്മിത്ത് ഒരിക്കൽ വിമർശകനെ കളിയാക്കി. ബുദ്ധിമാൻ കെട്ടിപ്പടുക്കുന്നതിനെക്കാൾ കൂടുതലായി വിഡ്ഢി കുററം പറയുന്നു എന്ന ബേക്കന്റെ വചനം ഒരുതരം വിമർശകനു ബാധകമാണ്.

സമുന്നതമായ ഒരു പദവി വിമർശത്തിനു നൽകുവാൻ വിസമ്മതിക്കുന്നവരുണ്ട്. അതിന് അവർ ചില കാരണങ്ങളും കണ്ടുപിടിക്കുന്നു. സാഹിത്യത്തൊഴിലിൽ തോൽവിയടഞ്ഞവരാണ് വിമർശകന്മാരെന്ന് അവർ വിചാരിക്കുന്നു. സൃഷ്ടിപരന്മാരല്ലാത്ത അലസന്മാരുടെ തൊഴി

ലാണു വിമൎശം എന്നു് പോപ്പ് പ്രസ്താവിക്കയുണ്ടായി. അദ്ദേഹം വിമൎശകന്മാരെക്കൊണ്ടു് പൊറുതിമുട്ടിയ ഒരു കവിയായിരുന്നു. വിമൎശത്തിന്റെ കടന്നൽകൊത്തുകളും കഠാരിപ്രയോഗങ്ങളും ഏൽക്കേണ്ടിവന്നിട്ടുള്ള പലൎക്കും ഈ അഭിപ്രായം ശരിയെന്നു തോന്നാം. 'പുലഭ്യം പറയുന്ന ഈ ലോകത്തിലെ എല്ലാ പുലഭ്യങ്ങളിലുംവെച്ചു് കൗടില്യത്തിന്റെ പുലഭ്യം ഏററവും വഷളാണെങ്കിലും വിമൎശത്തിന്റെ പുലഭ്യംപറച്ചിലാണു് ഏററവും ദുസ്സഹമായിട്ടുള്ളതു്' എന്നു സ്റ്റേൺ പ്രസ്താവിക്കയുണ്ടായി. 'ഒരു കാളസൎപ്പത്തിന്റെ മുൻപിൽ നില്ക്കാം, നിഷ്കരുണമായ ആ ത്തൂലികയുടെ മുൻപിൽ നില്ക്കവയ്യ' എന്നു് ടി.എ. ബ്രൌൺ പറയുന്നു. അന്യരുടെ അഭിപ്രായങ്ങളും ആശയങ്ങളും കൊണ്ടു ജീവിക്കുന്നവനാണു വിമൎശകൻ എന്നൊരാക്ഷേപമുണ്ടു്. ഗ്രന്ഥങ്ങളെയും ഗ്രന്ഥകൎത്താക്കളെയും സംബന്ധിച്ചു് ഒരു അഭിപ്രായം പറയുക എന്നതിൽക്കൂടുതലായി അവനൊന്നും ചെയ്യേണ്ടതില്ലെന്നു് ഈ ആക്ഷേപക്കാർ വിശ്വസിക്കുന്നു. സൃഷ്ടിപരതയിൽ വളരെ പിന്നിട്ടു നില്ക്കുന്നവനാണു വിമൎശകൻ എന്നും അവർ വാദിക്കും. 'കഴിവുള്ളവർ പ്രവൎത്തിക്കുന്നു; അതില്ലാത്തവൻ പഠിപ്പിക്കുന്നു' എന്നു് ആധുനികാധ്യാപകന്മാരെ പരിഹസിക്കുന്ന ജി. ബി. ഷായുടെ വാക്കുകളെ ഉദ്ധരിച്ചുകൊണ്ടു് 'കഴിവുള്ളവൻ സൃഷ്ടിക്കുന്നു; അതില്ലാത്തവൻ വിമൎശിക്കുന്നു' എന്നു് ഇന്നത്തെ ഒരു എഴുത്തുകാരൻ എഴുതുന്നു.

വിമൎശങ്ങളെയെല്ലാം വിമൎശങ്ങളായും വിമൎശകന്മാരെയെല്ലാം വിമൎശകന്മാരായും ഗണിക്കുന്നതുകൊണ്ടാണു് ഇത്തരക്കാൎക്കു് ഇത്ര വലിയ പ്രമാദങ്ങൾ പററുന്നതു്. വിമൎശിച്ചിട്ടുള്ളവരുടെ ലോകത്തു യഥാൎത്ഥ വിമൎശകന്മാർ വളരെ കുറവാണെന്നറിയുമ്പോൾ മാത്രമേ നാം വിമൎശകന്റെയും വിമൎശത്തിന്റെയും പദവിയും മൂല്യവും മനസ്സിലാക്കുക

ള്ളു. വിമശിക്കുന്നതുകൊണ്ടുമാത്രം ഒരുവനെ വിമശ്കനെന്നു വിളിക്കാമെങ്കിൽ വിമശിക്കാത്തവനെയും വിമശ്കനെന്നു വിളിക്കാം. വിമശ്കന്മാർ എന്ന പേരിൽ അറിയപ്പെടുന്നവരിൽ യഥാത്ഥ വിമശ്കന്മാർ വളരെ കുറവാണെന്നേ ഇതുകൊണ്ടു വിവക്ഷിക്കേണ്ടതുള്ളു. തനിക്ക് നോബെൽ പ്രൈസ് നൽകുവാൻ നോബെൽപ്രൈസ്കമ്മിററി തീരുമാനിച്ച വിവരം ജി. ബി. ഷാ അറിഞ്ഞപ്പോൾ അദ്ദേഹം അവക്കയച്ച പരിഹാസകരമായ കത്തിൽ, താൻ എഴുതിയ കാരണത്താലാണു് നോബെൽ സമ്മാനം നൽകുന്നതെങ്കിൽ, അതിനെക്കാൾ നല്ലതു്, താൻ എഴുതാതിരുന്നിട്ടുള്ള കൊല്ലങ്ങൾ എത്രയെന്നു കണക്കാക്കി, ആ ഓരോ കൊല്ലത്തിനും ഒന്നിച്ചു നോബെൽസമ്മാനങ്ങൾ നൽകുകയാണു്" എന്നു പറഞ്ഞിരുന്നു. ഈ പരിഹാസംകൊണ്ടു ഷാ വിവക്ഷിക്കുന്ന അത്ഥം എന്താണെന്നു മനസ്സിലാക്കാൻ നാം വിഷമിക്കേണ്ടതില്ല. നോബെൽസമ്മാനംകൊടുക്കുന്നവരെയും അതുവാങ്ങുന്നവരെയും സംബന്ധിച്ച അദ്ദേഹത്തിൻെറ മോശമായ അഭിപ്രായമാണു തൻെറ പരിഹാസത്തിൽനിന്നു നാം മനസ്സിലാക്കുന്നതു്. കേട്ടുകേൾവിയെ അടിസ്ഥാനപ്പെടുത്തി സമ്മാനങ്ങൾക്കുള്ള യോഗ്യതയെ നിണ്ണയിക്കുന്ന ഇന്നത്തെ പതിവിനെ അദ്ദേഹം കഠിനമായി നിന്ദിക്കുന്നു. പരക്കെ അറിയപ്പെടുന്നതുകൊണ്ടു് സമ്മാനം കൊടുക്കാമെങ്കിൽ ഒരു പൊതുസ്ഥലത്തു കെട്ടിത്തൂക്കപ്പെടുന്ന ശവത്തിനും സമ്മാനം നൽകണമെന്നു ഷാ വാദിച്ചു.

മനുഷ്യരിൽത്തന്നെ മനുഷ്യനെന്നു വിളിക്കപ്പെടാൻ പാടില്ലാത്തവനുണ്ടു്. മൃഗമോ മൃഗത്തെക്കാൾ താഴ്ന്നവനോ ആയ മനുഷ്യനെ മനുഷ്യത്വമുള്ളവരിൽനിന്നു തിരിച്ചറിയുവാൻ വിവേചനത്തിൻെറ മാനദണ്ഡങ്ങൾ നമുക്ക് അനുപേക്ഷണീയമാണു്. മനുഷ്യരെയെല്ലാം മനുഷ്യരെന്നു

വിളിക്കുന്നതിൽപരം ഒരു അബദ്ധം നമുക്കു ചെയ്യുവാനില്ല. ഇന്നും കുരങ്ങിനോളം വളച്ച്യെത്തിയിട്ടില്ലാത്ത മനുഷ്യർ നമ്മുടെയിടയിലുണ്ടെന്നു മനുഷ്യന്റെ പരിണാമത്തെപ്പററി ചിന്തിക്കുന്ന കൂട്ടത്തിൽ ജൂലിയൻഹക്സ്ലി ചെയ്യുന്ന പ്രസ്താവം എത്രയോ അത്ഥവത്താണു്!

നല്ല വിമൎശകനെ തേടിപ്പിടിക്കുക എന്നതു കഠിനവും ആയാസകരവും ആയ ഒരു പണിയാണു്. "ലക്ഷംചേന്നൊരു സഭയിൽചെന്നാൽ ലക്ഷണമുള്ളവരൊന്നോ രണ്ടോ" എന്നു് കുഞ്ചൻനമ്പ്യാർ പാടിയതാണു് ഓമ്മയിൽ വരുന്നതു്. 'വെള്ളം, വെള്ളം എല്ലയിടത്തും വെള്ളം; എന്നാൽ കുടിക്കാൻ ഒരുതുള്ളിയും കിട്ടുന്നില്ല' എന്നു് ഒരു ഇംഗ്ലീഷ്കവി പാടിയതും ഇവിടെ ഓമ്മിക്കാം.

യഥാൎത്ഥ വിമൎശകനെ കണ്ടുപിടിക്കുവാൻ ഇന്നത്തെ ലോകത്തു നടത്തപ്പെടുന്ന ശ്രമങ്ങൾ കൂടുതൽ ക്ലേശകരമാകുന്നു. എന്നാൽ യഥാൎത്ഥ വിമൎശനത്തിന്റെ ആവശ്യകത മററൊരു കാലവും ഇത്രത്തോളം അനുഭവിച്ചിട്ടില്ല. മാനസികവും ശാരീരികവും ആയ ഇക്കാലത്തെ വേദനകളും അവ്യവസ്ഥിതിയും നിയമരാഹിത്യവും ഏററവും പ്രബലവും പ്രയോജനപ്രദവുമായ വിമൎശത്തെ സത്വരം ആവശ്യപ്പെടുന്നു. ഭൗതികവും ആത്മീയവും ആയ മനുഷ്യജീവിതത്തിന്റെ എല്ലാ രംഗങ്ങളിലും ഇന്നു നാം ഉറപ്പും ഉയച്ചയും ഉള്ള വിമൎശകന്മാരുടെ ആവിർഭാവത്തെ അക്ഷമരായി ആഗ്രഹിക്കുന്നു എന്നാൽ ഈ ദശയുടെ ഒരു പ്രത്യേകതയെന്നോണം ഇന്നത്തെ വിമൎശം നമ്മെ ഉന്നയിക്കുന്നതിന് ഉപയുക്തമാവുന്നില്ല. സത്സ്വാത്മകതത്വത്തിൽ ആധുനികലോകം, ആപേക്ഷികമായി നോക്കുമ്പോൾ, ഏററവും ദുർബ്ബലമാണു്; മാനുഷികമായ, സ്നേഹകാരുണ്യങ്ങളിൽ ഇന്നത്തെ ലോകം വരണ്ടുപോയിരിക്കയാണു്. സുഖിക്കുന്നവനും കഷ്ടപ്പെടുന്നവനും ഒന്നുപോലെ അധികാരപ്രമത്ത

തയ്യുകവേണ്ടി ഉഴറുന്നു. ബുദ്ധിയില്ലാത്ത അനുസരണം ഒരു വശത്തുകൂടിയും ദുർമ്മോഹഭരിതമായ അധഃപതനം മറെറാരു വശത്തുകൂടിയും ഇന്നത്തെ വിമർശത്തെ വികലമാക്കുകയാണു ചെയ്യുന്നതു്; വിലയും അന്തസ്സും കെട്ടു് അതു് അധഃപതിച്ചുപോയിരിക്കുന്നു. ദുശ്ചേതനയുടെ നിയന്ത്രണത്തിൽ അതു മാനവും കുലീനതയും വിട്ടു തോന്ന്യാസത്തെ അവലംബിക്കുകയും ചെയ്യുന്നു ആർക്കും എന്തിനെപ്പററിയും ഏതു രൂപത്തിലും ഏതു ഭാവത്തിലും എന്തും പറയാമെന്ന അവസ്ഥ വരുന്നതു ഭയാനകമാണു്.

യുദ്ധത്തെക്കാൾ ഒട്ടും മോശമല്ലാത്ത അന്തസ്സുകെട്ട കുററകരമായ അസംബന്ധം എന്ന നിലയിൽ വിമർശം ഒരു സ്ഥാപനമായിത്തീർന്നിരിക്കുന്നുവെന്നു മാക്സ് ബിർബാം എന്ന ഇന്നത്തെ ഒരു ഫലിതസാഹിത്യകാരൻ എഴുതുന്നു. 'ഇന്നത്തെ പതിനായിരം വിമർശകന്മാർ കൂട്ടത്തോടെ വെടിവെച്ചുകൊല്ലപ്പെട്ടാലും അതുകൊണ്ടു് ഒരു വിമർശകൻ നിര്യാതനാവുന്നമൂലമുള്ള നഷ്ടം നമുക്കു് അനുഭവിക്കേണ്ടിവരികയില്ല' എന്നു് സ്റ്റീഫൻ ലീക്കോക്കു എഴുതുന്നു.

വിമർശത്തിന്റെ ലോകത്തു നിയന്ത്രണം ഏർപ്പെടുത്തുവാനും അതിൽ ചില നിശ്ചിതമായ തോതുകൾ ചുമത്തുവാനും മുൻപു പല വിമർശകന്മാരും വാദിച്ചുനോക്കിയിരുന്നു. എന്നാൽ ഈ വാദം ഒരുവിധത്തിൽ നിരർത്ഥകമാണെന്നും അസാദ്ധ്യമാണെന്നും അവർതന്നെ ഒടുവിൽ മനസ്സിലാക്കാതിരുന്നില്ല. വിമർശത്തെ ഒരു സ്ഥിരശാസ്ത്രം (Exact Science) ആക്കുവാനുള്ള ശ്രമം ഒരിടത്തും ഒരിക്കലും വിജയിച്ചിട്ടില്ല. സംഗതികളെ അളക്കുവാനും അവലോകനംചെയ്യുവാനുമുള്ള തോതുകളും മൂല്യങ്ങളും അറിവിന്റെ വികാസത്തോടൊന്നിച്ചു മാറിമാറിക്കൊണ്ടിരിക്കുമ്പോൾ ഓരോ നിയമത്തിന്റെ തോതുവെച്ചു കാര്യങ്ങളെ അളക്കുകയും വിധിക്കയും ചെയ്യുക ബുദ്ധിപൂർവ്വകമല്ല. ഇന്ന

ത്തെ ഇംഗ്ലീഷ് വിമർശം നാലഞ്ചുകാശുമാത്രം വിലപിടിക്കത്തക്കവിധം തരംതാഴ്ന്നുപോയെന്നു സാമെർസെററ്ബാം പരിഭവപ്പെടുന്നു. മാത്യു അർനോൾഡ്, സിങ്ബെം, ബ്രൂനത്തേ, കാററിഡ്ജ് എന്നിവരുടെ പദവിയിലുള്ള ഒരു വിമർശകനെ ഇന്ന് ഇംഗ്ലീഷ്ഭാഷാലോകത്തു തിരഞ്ഞു ബാം നിരാശപ്പെടുന്നു.

ഗ്രന്ഥങ്ങളെയോ ഗ്രന്ഥകർത്താക്കളെയോ അധികരിച്ച് അഭിപ്രായം പറയുന്നവനെന്നനിലയിൽ കവിഞ്ഞ് ഒരു വിമർശകനെ വീക്ഷിക്കുവാൻ കഴിയാത്തവൻ വിമർശകൻെറ മഹിമയുടെ ആകെത്തുക മനസ്സിലാക്കാത്തവനാകുന്നു. വിമർശകൻ വെറും അഭിപ്രായക്കാരനോ വിധികർത്താവോ അല്ല. വിമർശിക്കപ്പെടുന്നവൻെറ വ്യക്തിത്വത്തെ എടുത്തുകാണിച്ച് അതേപ്പററി ഒരഭിപ്രായം പറഞ്ഞു വിരമിക്കുന്നതുകൊണ്ടു മാത്രം വിമർശകൻ വിജയിക്കയില്ല. നിർമ്മാണനൈപുണിയുടെ വ്യാപാരം ഇല്ലാത്ത വിമർശം യഥാർത്ഥ വിമർശമല്ല. ഉൽകൃഷ്ട വിമർശം എപ്പോഴും സൃഷ്ടിപരവും കലാപരവും ആയിരിക്കും. വിജയികളായ എല്ലാ വിമർശകന്മാരും സൃഷ്ടിപരന്മാരാണ്. യഥാർത്ഥ വിമർശം ജീവിതത്തിനു ലഭിക്കുന്ന ഒന്നാംതരം മാർഗ്ഗദർശനമായിരിക്കും. എന്നാൽ ഒരു വഴികാട്ടി മാത്രമല്ല. അതു നമ്മുടെ അന്ധതയിൽ കടന്നുവരുന്ന ദർശനത്തിൻെറ ഒരു തേജഃപ്രസരണമാണ്. നമ്മുടെ ബുദ്ധിക്കും ഹൃദയത്തിനും സിദ്ധിക്കുന്ന ഒരുദ്ദീപനമാണതു്. നാം എവിടെയാണു നിലകൊള്ളുന്നതെന്നോ, എങ്ങോട്ടാണു ഗമിക്കുന്നതെന്നോ നമുക്കു മനസ്സിലാക്കിത്തരുന്നതു് വിമർശമാണ്.

യഥാർത്ഥ വിമർശം ജന്മവാസനയുടെ പ്രേരണകൊണ്ട് അതിന്നനുസരണം വളരുന്നുവെന്നും പ്രായോഗികലോകത്തും ചിന്താലോകത്തും നിലനില്ക്കുന്ന ഏററവും

ശ്രേഷ്ഠമായതിനെ കണ്ടുപിടിക്കുവാൻ ഉദ്യമിക്കുന്ന[1] വെന്നും ഉള്ള പ്രസ്താവം ഇന്നും ആദരിക്കപ്പെടുന്നു. വിമർശനത്തിനുള്ള വിദ്യാഭ്യാസപരമായ വില ഇന്നോളം നാം പൂർണ്ണമായി ഗ്രഹിച്ചിട്ടില്ലെന്നു തോന്നുന്നു. ഉയർന്നതരം വിദ്യാഭ്യാസത്തിൽ സാഹിത്യവിമർശനത്തിനുള്ള പദവിയെ അംഗീകരിച്ചിട്ടുള്ള ഏകരാജ്യം ഫ്രാൻസാണെന്ന വസ്തുത എഡ്മൺട് ഗ്രസെ വിവരിച്ചിട്ടുണ്ട്.

ഗ്രന്ഥങ്ങളേയും ഗ്രന്ഥകർത്താക്കളേയും സംബന്ധിച്ച ഒരു അഭിപ്രായപ്രകടനമെന്ന നിലയിൽനിന്ന് ഉയരുവാൻ കഴിയാത്ത വിമർശം തരംതാഴ്ന്ന വിമർശമാണ്. ഉൽകൃഷ്ടനായ ഒരു വിമർശകൻ ചെയ്യുന്നത് ആശയങ്ങൾ, അഭിപ്രായങ്ങൾ, സിദ്ധാന്തങ്ങൾ, വീക്ഷണങ്ങൾ എന്നിവയെ പ്രകാശിപ്പിച്ചുകൊണ്ട് അവയെ വിമർശിക്കയാണ്. ഈ കൃത്യം കൊണ്ട് അവൻ സാധിക്കുന്നത് ആശയങ്ങളെയും അഭിപ്രായങ്ങളെയും സിദ്ധാന്തങ്ങളെയും വീക്ഷണങ്ങളെയും സൃഷ്ടിക്കയാണ്. അതിന്ന് അവനു സ്വന്തമായ വ്യക്തിത്വമാണ് ആദ്യമായും അവസാനമായും ഉണ്ടായിരിക്കേണ്ടത്. വിമർശകൻ അനുകരിക്കുന്നവനോ അനുഗമിക്കുന്നവനോ അല്ല. അവന്റെ വീഥി അന്യന്റെ വീഥിയല്ല. തനിക്കു സഞ്ചരിക്കുവാൻ സ്വന്തമായ സരണി നിർമ്മിക്കുന്നവനാണ് അവൻ. കാര്യങ്ങളുടെ സാധുതയേയും അസാധുതയേയും പ്രസക്തിയേയും അപ്രസക്തിയേയും പ്രാധാന്യത്തെയും അപ്രാധാന്യത്തെയും അളക്കുവാൻ വിമർശകനു സ്വന്തമായ വിചാരപദ്ധതിയുടെ മാനദണ്ഡങ്ങൾ ഉണ്ടായിരിക്കും. വിമർശകൻ സൃഷ്ടിപരനാണെങ്കിലും സൃഷ്ടിപരതയിൽ അവൻ ഒരു കവിയുടെ പദവിയെയല്ല അലങ്കരിക്കുന്നത്.

1 Mathew Arnold : Essays in Literary Criticism

സൃഷ്ടിയെ മാത്രം ലക്ഷ്യമാക്കുന്ന വിമർശം വിലമതിക്കപ്പെട്ടില്ലെന്നു വരാം. അതു സൃഷ്ടിപരമായിരിക്കണം എന്നു പറയുന്നതുകൊണ്ടു വിമർശം കാവ്യത്തിന്റേയോ കലയുടെയോ ധർമ്മമാണു് അനുഷ്ഠിക്കേണ്ടതെന്നു വിധിച്ചുകൂടാ. വിമർശകന്റെ ചുമതല കേവലം സൃഷ്ടിയാണെന്നു വിശ്വസിക്കുന്നവന്നു് ശ്രേഷ്ഠനായ ഒരു വിമർശകനാകാൻ കഴികയില്ല. ഇന്നത്തെ വിമർശം വളരെ മോശപ്പെട്ടുകാണുന്നതിന്റെ കാരണങ്ങളിൽ ഒന്നു് സൃഷ്ടിപരന്മാരായ എഴുത്തുകാർ സൃഷ്ടിക്കുവേണ്ടി മാത്രം അതിനെ വിനിയോഗിക്കുന്നുവെന്നതാണു് "വഴികാട്ടുക, അഭിനന്ദിക്കുക, നൂതനസൃഷ്ടിയുടെ വീഥികളെ ചൂണ്ടിക്കാണിക്കുക എന്നിവയാണു് അവന്റെ തൊഴിൽ." [2] സൃഷ്ടിപരമായ വിമർശംകൊണ്ടു പുരോഗതി നേടിയിട്ടുള്ള ഒരു കലാകാരനെയും താൻ അറിയുന്നില്ലെന്നു പറയുന്ന മെൻകിൻ വിമർശത്തിന്റെ ഉദ്ദേശം വിമർശകന്റെ അഭിപ്രായത്തോടു്, ആളുകളെ യോജിക്കയല്ലെന്നു വിശ്വസിക്കുന്നു. സൃഷ്ടിപരമായ വിമർശത്തിനു വേണ്ടിയുള്ള മുറവിളിയെ അദ്ദേഹം എതിർക്കുന്നു. അനശ്വരസത്യം കലയിൽ കുടികൊള്ളുന്നുവെന്ന പ്രസ്താവം കാപട്യമാണെന്നു് മെൻകിൻ വാദിക്കുന്നു. "ഗാഢമായി നിരീക്ഷിക്കുമ്പോൾ വിമർശത്തെ സ്കെപ്റ്റിസിസത്തിൽ നിന്നു വേർതിരിക്കുക സാദ്ധ്യമല്ല. വിമർശം സൗന്ദര്യതത്വാവബോധപരമായ പ്രതിപാദനംകൊണ്ടും സ്കെപ്റ്റിസിസം ലോജിക്കൽ പ്രതിപാദനംകൊണ്ടും അംഗീകൃതമായിട്ടുള്ളതിനെ സ്വീകരിക്കുവാൻ സാധാരണ മനുഷ്യസ്വഭാവത്തെ സമീപിക്കുന്നു." [3]

എന്നാൽ ഒരു കാര്യം തീർച്ചയാണു്. സൃഷ്ടിക്കാൻ കഴിവില്ലാത്തവൻ വിമർശകനല്ല. വിമർശം കലാപര

---

2 Somerset Maugham — Summing Up

3 H. L. Menkin — Selected Prejudices

മായിരിക്കണമെങ്കിൽ, വിമർശകൻ കലാകാരനായിരിക്കണമെങ്കിൽ, അവൻ ചിന്താപരനായിരിക്കണമെങ്കിൽ, വ്യക്തിത്വമുള്ളവനായിരിക്കണമെങ്കിൽ, സൃഷ്ടിക്കുവാൻ കഴിവുള്ളവനായിരിക്കണം സൃഷ്ടി, വികാരപരം, ഭാവനാപരം, ധിഷണാപരം ഇങ്ങനെ പ്രധാനമായി മൂന്നുതരത്തിലുണ്ട്. "മതിക്കപ്പെടുന്ന എല്ലാ വിമർശവും സൃഷ്ടിയെ ലക്ഷ്യമാക്കി നയിക്കപ്പെടുന്നു. ഒരു ചരിത്രമോ തത്വചിന്തയോ സൃഷ്ടിക്കാനാണ് ചരിത്രപരനോ തത്വചിന്താപരനോ ആയ വിമർശകൻ കാവ്യത്തെ വിമർശിക്കുന്നതു്. കാവ്യപരനായ വിമർശകൻ കാവ്യത്തെ വിമർശിക്കുന്നതു കാവ്യത്തെ സൃഷ്ടിക്കുവാനാണു്. വിമർശകനു മനുഷ്യജീവിതസംബന്ധിയായ ഒരു തത്വവിചാരഗതിയുണ്ടായിരിക്കണം. അവൻെറ അന്വേഷണം ഒരു ഉൽകൃഷ്ടജീവിതാദർശത്താൽ പ്രേരിതമായിരിക്കണം. അവൻ ഒരു അന്വേഷകൻ മാത്രമല്ല" [4]

തൻെറ വ്യക്തിമുദ്രയുടെ കൂറ്റൻകുറവനുസരിച്ചായിരിക്കും ഒരു വിമർശകൻെറ വിമർശത്തിൻെറ ജയാപജയങ്ങൾ. വ്യക്തിത്വം എന്നതു് ഒരുവൻെറ മാനസികനേട്ടങ്ങളെ സംബന്ധിച്ച കാര്യമാണു്. വിമർശകൻെറ വ്യക്തിത്വം എത്രത്തോളം വലുതായിരിക്കുമോ അത്രത്തോളം അവൻെറ വിമർശവും വലുതായിരിക്കും. അതിൻെറ ഉറപ്പും അതിൻെറ ഉയർച്ചയും അതിൻെറ മറെല്ലാ പ്രഭാവങ്ങളും വിമർശത്തിനും ലഭിക്കുന്നു വിമർശകൻ ആർജ്ജിക്കുന്ന പരിജ്ഞാനത്തിൻെറയും സംസ്കാരത്തിൻെറയും തോതുകളനുസരിച്ചു് അവൻെറ സൃഷ്ടി ചെറുതോ വലുതോ ആയിരിക്കും. തൻെറ അറിവിൻെറയും സംസ്കാരത്തിൻെറയും അനല്പത്വമോ സമൃദ്ധിയോ കൊണ്ടു മാത്രം അവൻെറ വ്യക്തിത്വത്തെ നിർണ്ണയിച്ചുകൂടാ. അവയെ പെരു

4. J. Middleton Murry  Aspects of Literature

മാറുന്നതിലും പ്രയോഗിക്കുന്നതിലും നിന്നു വേണം അവന്റെ വ്യക്തിത്വത്തിന്റെ ഗുണദോഷങ്ങളെ നിർണ്ണയിക്കേണ്ടതു. അറിവും പ്രയോഗവും പെരുമാററവും ഒന്നല്ല. പെരുമാററത്തിന്റെയും പ്രയോഗത്തിന്റെയും അനർഘത സംസ്കാരത്തെ ആശ്രയിച്ചിരിക്കുന്നു. ധാരാളം സംഗതികൾ അറിയുന്നവൻ ചിലപ്പോൾ സംസ്കാരം അശേഷമില്ലാത്തവനായിരിക്കും; അവൻതന്നെ ചിലപ്പോൾ ഏററവും വഷളായി പ്രയോഗിക്കയും പെരുമാറുകയും ചെയ്തുവെന്നുവരാം. സംസ്കാരപൂർവ്വം പെരുമാറുവാനും പ്രയോഗിക്കുവാനും സാധിക്കാത്തവന്റെ അറിവു് എത്ര വിപുലമായിരുന്നാലും എത്ര വിവിധമായിരുന്നാലും അതു നിരുപയോഗമാണു്. വ്യക്തിമുദ്രയുടെ സാരവും സൗരഭ്യവും സംസ്കാരമാണു്; പെരുമാററമാണു്. എന്നാൽ അറിവു് സംസ്കാരത്തെ നിയന്ത്രിക്കുന്ന മഹനീയശക്തിവിശേഷമാകുന്നു. സാംസ്കാരികനേട്ടങ്ങൾക്കു കാരണമാവാത്തതും പെരുമാററത്തിന്റെ ജീവിതപാഠങ്ങളെ പഠിപ്പിക്കാത്തതും ആയ അറിവു വെറും അറിവുമാത്രം. ധർമ്മാധർമ്മങ്ങളെ സംബന്ധിച്ച ആജന്മസിദ്ധമായ ബോധത്തിലാണു സംസ്കാരം ഉപജീവിക്കുന്നതും വളരുന്നതും.

ഏററവും ഉൽകൃഷ്ടന്മാരായ വിമർശകന്മാർ അറിവിനെയും സംസ്കാരത്തെയും ഒന്നുപോലെ വളർത്തിയിട്ടുള്ളവരാണു്. നമ്മുടെ അറിവിനും സാംസ്കാരബോധത്തിനും വൈപുല്യവും അഗാധതയും നൽകുന്ന സൃഷ്ടികളാണു്, അവരുടെ വിമർശങ്ങൾ. അവ നമ്മുടെ വികാരവിചാരങ്ങൾക്കു് അർത്ഥവും രൂപവും നൽകുന്നു; അവയ്ക്കു സംസ്കരണവും വിപുലതരമായ ദർശനവും സമ്മാനിക്കുന്നു. ഉൽകൃഷ്ടവിമർശം നമ്മുടെ താല്പര്യത്തെയും സെൻറിമെൻസിനെയും മൃഗീയതയിൽനിന്നു സംരക്ഷിക്കുന്നു; ഏററവും സ്ഥൂലവും ഏററവും സൂക്ഷ്മവും ആയ സത്യത്തോടും

യാഥാർത്ഥ്യങ്ങളോടും അതു നമ്മെ പരിചയപ്പെടുത്തുന്നു; നമ്മുടെ വാസനകളെയും അഭിരുചികളെയും ഉന്നമിപ്പിക്കുന്നു; ചിന്തിക്കുവാനും ദർശിക്കുവാനുമുള്ള നമ്മുടെ കഴിവുകളെ വികസിപ്പിക്കുന്നു; നമ്മുടെ വിവേചനാബുദ്ധിക്കു പരിപോഷണം നൽകുന്നു.

ഒന്നാംതരം വിമർശനം കേവലം അദ്ധ്യാനത്തിന്റെ ഫലമല്ല. അദ്ധ്യാനവും അഭ്യാസവും അതിന്റെ വിജയത്തെ മഹത്തരമാക്കുന്നുവെന്നേയുള്ളു. നിരീക്ഷണബുദ്ധി ഏറെക്കുറെ ജന്മവാസനയുടെ ഒരു അവസ്ഥയാണു്. പ്രകൃത്യാ നിരൂപകദൃഷ്ടിയുള്ളവരാണു് ഒന്നാംകിട വിമർശകന്മാർ. കലാപരമായ വാസന പഠനത്തിന്റെയോ പരിശ്രമത്തിന്റെയോ ഫലമല്ലാതിരിക്കുന്നതുപോലെ നിരൂപണസാമർത്ഥ്യം ജന്മവാസനയിൽ ലയിച്ചിരിക്കുന്നു. ക്ലേശകരവും വിപുലവും ആയ പഠനത്തിന്റെയും അന്വേഷണത്തിന്റെയും കീഴിൽമാത്രമേ ആ നിരൂപണബുദ്ധി തഴയ്ക്കുകയുള്ളു.

പരിമിതി വിമർശത്തിന്റെ അപക്വതയാണു്. അനുവാചകരുടെ സന്ദേഹങ്ങളെ പരിഹരിക്കുവാനും അവരിൽ അചഞ്ചലമായ വിശ്വാസവും ബോധവും കൈവരുത്തുവാനും കഴിയാത്ത വിമർശകൻ അവന്റെ ഉദ്യമത്തിൽ വിജയിക്കയില്ല. ഒരു സംഗതിയെ സ്ഥിരപ്പെടുത്തുവാനോ അസ്ഥിരപ്പെടുത്തുവാനോ വിമർശകൻ ചെയ്യുന്ന പ്രയത്നം അവൻ സംഭരിച്ചിട്ടുള്ള തെളിവുകളുടെയും ഉദാഹരണങ്ങളുടെയും ഗുണങ്ങളെയും എണ്ണത്തെയും അവലംബിച്ചിരിക്കുന്നു. നല്ലൊരു നിരൂപകൻ നല്ലൊരു ന്യായവാദിയും പണ്ഡിതനുമായിരിക്കും. താൻ അവലംബിക്കുന്ന നിലയെ ഉറപ്പിക്കാൻ തക്ക കരുക്കളും ഉപകരണങ്ങളും ഇല്ലാത്ത വിമർശകനു് ആരെയും പ്രേരിപ്പിക്കുന്നതിനൊ അനുധാവനം ചെയ്യിക്കുന്നതിനൊ കഴികയില്ല. വസ്തുത

കളും തെളിവുകളും ഉദാഹരണങ്ങളുംകൊണ്ടു് പൂർണ്ണമാകാത്ത വിമർശത്തിന്നു് ആരെയും നയിക്കുവാൻ കഴികയില്ലെന്നു മോശമായ വിമർശത്തെ പരാമർശിച്ചു ഡേവിഡ്ഹ്യൂം പ്രസ്താവിക്കുന്നു. "ഒരു മുറിയിലും തങ്ങുകയോ താമസിക്കുകയോ ചെയ്കയില്ലെന്ന വ്യവസ്ഥയിന്മേൽ കലാമന്ദിരത്തിന്റെ താക്കോൽക്കൂട്ടവുമായി അതിൽ പ്രവേശിക്കുന്ന ഒരാളാണു വിമർശകൻ. ഒരു വാതിൽ തുറന്നു് ആ മുറിയിലുള്ള സാധനങ്ങളെ പരിശോധിച്ചു ജനലിൽക്കൂടി മറ്റേ മുറികളിലുള്ള സാധനങ്ങളേയും നോക്കി അവയെ പരസ്പരം തുലനംചെയ്കയാണു് അവന്റെ ജോലി. ആ മുറിയുടെ ഉടമസ്ഥൻ അവിടെ കണ്ടതെന്തൊക്കെയാണെന്നറിയുവാൻ വിമർശകൻ അവിടെ മതിയാവോളം താമസിക്കണം. എന്നിട്ടു് അവൻ പിന്നെയും കടന്നുപോകണം. അവന്റെ ആദ്യത്തെ കടമ ഒരെഴുത്തുകാരന്റെ ആന്തരദർശനത്തിന്റെ ആഴത്തിലെത്തുവാൻ അവനെ അനുവദിക്കയാണു്. എന്നിട്ടു് അതിൽ താൻ കാണുന്ന കാഴ്ചകളെ മറ്റുള്ള എഴുത്തുകാരുടെ എഴുത്തുകളിൽ കാണുന്ന കാഴ്ചകളുമായി താരതമ്യപ്പെടുത്തണം" [5] ഈ താരതമ്യപഠനത്തിൽക്കൂടി ആ വിമർശകൻ സാധിക്കുന്നതു് അവന്റെ ആത്മാവിഷ്കരണമാണു്. അതായതു് അവന്റെ ആശയങ്ങളെയും അനുഭവങ്ങളെയും പ്രകടിപ്പിക്കയാകുന്നു.

ഉൽകൃഷ്ടനായ ഒരു വിമർശകൻ എല്ലാ കാലങ്ങളെയും എല്ലാ പ്രശ്നങ്ങളെയും ആശ്ലേഷിച്ചു നിൽക്കുന്നവനാണു്. എന്നാൽ അവൻ താൻ ജീവിച്ചിരിക്കുന്ന കാലത്തിനും അതിന്റെ പ്രശ്നങ്ങൾക്കും പ്രത്യേക പരിഗണന നൽകുന്നു. സമകാലീനപ്രശ്നങ്ങളെ പഠിക്കുവാൻ അവൻ കഴിഞ്ഞകാലങ്ങളിലെ പ്രശ്നങ്ങളെ പഠിക്കുന്നു . ഇന്നത്തെ വീരപുരുഷന്മാരെയും ചിന്താപ്രസ്ഥാനങ്ങ

---

5 Mac Carthy Criticism Vol. I

ളെയും പഠിക്കുവാൻ, അവൻ കഴിഞ്ഞുപോയ വീരാത്മാക്കളെയും കഴിഞ്ഞുപോയ ചിന്താപ്രസ്ഥാനങ്ങളെയും പഠിക്കുന്നു. തൽഫലമായി അവൻ തന്റെ കാലത്തിന്റെ തെറ്റുകളെ തിരുത്തുവാനും ശരികളെ ബലപ്പെടുത്തുവാനും യത്നിക്കുന്നു. അവന്റെ നോട്ടം ഭാവിയിലേയ്ക്കാണ്. മഹത്തായ ഒരു ഭാവിക്കുവേണ്ടി അവൻ പണിയെടുക്കുന്നു. ഇന്നലത്തെയും ഇന്നത്തെയും സംഭവങ്ങളെ വെച്ചുകൊണ്ട് അവൻ നാളത്തെസംഭവങ്ങളെനിയന്ത്രിക്കുവാനുദ്യമിക്കുന്നു. യഥാർത്ഥ വിമർശകൻ സ്ഥലകാലങ്ങളുടെ തടവുകാരനല്ല. തദ്ദേശീയവും താല്ക്കാലികവും ആയ പ്രശ്നങ്ങളെ അവൻ ചർച്ചചെയ്യുവാൻ കടപ്പെട്ടവനാണെങ്കിലും അവൻ സാർവ്വത്രികനായിരിക്കും. മനുഷ്യജീവിതത്തെയും മനുഷ്യന്റെ പ്രവർത്തനങ്ങളെയും അവൻ ദേശീയമായും സാർവ്വദേശീയമായും നിരീക്ഷിക്കയും വിമർശിക്കയും ചെയ്യുന്നു. അവന്റെ ചിന്താവിഷയം മനുഷ്യജീവിതവും, അവന്റെ പ്രവർത്തനമണ്ഡലം പ്രപഞ്ചവും ആകുന്നു.

വിഷയങ്ങൾക്കുള്ള വൈവിധ്യം വിമർശങ്ങൾക്കുമുണ്ട്. സാഹിത്യം, കല, മതം ശാസ്ത്രം, ചരിത്രം, തത്വജ്ഞാനീയം എന്നിവയെ സംബന്ധിച്ച വിമർശങ്ങൾ സ്വഭാവത്തിൽ വ്യത്യസ്തങ്ങളായിരിക്കാമെങ്കിലും ധർമ്മത്തിലും ലക്ഷ്യത്തിലും അവ വിഭിന്നങ്ങളല്ല. എല്ലാത്തരം വിമർശങ്ങൾക്കും പൊതുവേ ബാധകമായ ചില നിയമങ്ങളും സിദ്ധാന്തങ്ങളുമുണ്ട്. വിമർശനത്തെ ശാസ്ത്രീയമെന്നും കലാപരമെന്നും പൊതുവിൽ രണ്ടായി വിഭജിക്കാം. സാങ്കേതികമാർഗ്ഗമാണ് അവ രണ്ടിനേയും പ്രധാനമായി തരംതിരിക്കുന്നത്. ശാസ്ത്രീയവിമർശത്തിൽ മുന്നിട്ടുനില്ക്കുന്നതു ധിഷണയും കലാപരമായ വിമർശത്തിൽ മുന്നിട്ടുനില്ക്കുന്നതു ഹൃദയവും ആകുന്നു. യുക്തിയുടെയും ബുദ്ധിയുടെയും അഭ്യാസങ്ങളും അവലോകനങ്ങളും ശാസ്ത്രീയവിമർശത്തെ സൃഷ്ടിക്കുന്നു. വികാരത്തി

ന്റെയും വിഭാവനയുടെയും ആന്തരമായ അനുഭൂതികൾ കലാവിമർശത്തെ സൃഷ്ടിക്കുന്നു. രണ്ടിനും തെളിവുകൾ കൂടിയേതീരൂ. കല ആവിഷ്കരണസമ്പ്രദായമായതിനാൽ കലാപരമായ വിമർശനരീതി ആനന്ദജനകമായിരിക്കും; സൗന്ദര്യബോധജനകമായിരിക്കും. ശാസ്ത്രീയരീതിയിലുള്ള വിമർശത്തിനു് ആവിഷ്കരിക്കാൻ സാധിക്കുന്ന ആനന്ദം യുക്തിയും ബുദ്ധിയും ദർശിക്കുന്ന സൌന്ദര്യത്തിന്റെ ആനന്ദമാണു്; അതിന്റെ അനുഭൂതിയാണു്. രണ്ടുവിധത്തിലുള്ള മാനുഷികാനുഭവങ്ങളെ അവ പ്രതിനിധീകരിക്കുന്നുവെന്നേയുള്ളു. അറിവും അനുഭവവും രണ്ടുപ്രകാരത്തിലാണു്; ഒന്നു സഹജാവബോധപരവും മററതു യുക്തിപരവും.

പ്രതിഭാശാലിയായ ഒരു വിമർശകൻ, ബുദ്ധിയുടേയും ഹൃദയത്തിന്റേയും സമഞ്ജസസമ്മേളനംകൊണ്ടു് സംപുഷ്ടമാവുന്ന വ്യക്തിമുദ്രയ്ക്കു്, മേല്പറഞ്ഞ രണ്ടുവിധം അറിവുകൊണ്ടു് ആനന്ദദർശനവും ചിന്താപരിപോഷണവും നൽകുന്നവനാണു്. അവൻ ബുദ്ധിയെ സൂക്ഷ്മവല്ക്കരിക്കുന്നു; വികാരത്തെ സൂക്ഷ്മവല്ക്കരിക്കുന്നു. മാനസികാനുഭവത്തിന്റേയും അനുഭൂതികളുടെയും പരിധിയെ അവൻ വികസിപ്പിക്കുന്നു; അവയുടെ ആഴത്തെ വർദ്ധിപ്പിക്കുന്നു. സ്വരവും നിറവും നൽകുന്നതു കൂടാതെ മനുഷ്യന്റെ വ്യക്തിത്വത്തിനു് അവൻ ഊർജ്ജസ്വലതയും സുരഭിലതയും സമ്മാനിക്കുന്നു. "നല്ലൊരു വിമർശകൻ തന്റെ ആനന്ദത്തെ പ്രതിഭാവിലാസത്തിൽക്കൂടി പ്രദാനംചെയ്യുന്നു. അവന്റെ അനുസ്മരണീയമായ വാക്യങ്ങൾ അനനുസ്മരണീയമായ കലാകൃതികളുടെ ദർപ്പണങ്ങളാണു്. കവിയെപ്പോലെ അവൻ ഒരു പ്രകാരത്തിൽ ഒരു തത്വചിന്തകനാണു്. എന്നാൽ അവന്റെ തത്വചിന്ത മിക്കപ്പോഴും വ്യക്തമായിരിക്കുന്നു. ഉദാഹരണങ്ങളും തെളിവുകളും വഴി വെളിച്ചം കൊണ്ടുവരുന്ന ഒരു

പ്രഭയാണവൻ. അവൻ പ്രാഥമികമായി സൗന്ദര്യത്തത്വാവബോധപരനോ ആത്മകഥാപരനോ ആയിരിക്കാം.” [6]

ഒരു തത്വചിന്തയുടെ പശ്ചാത്തലം ഇല്ലാത്ത വിമർശകനു വിമർശത്തിൽ പറയത്തക്ക വിജയം പ്രാപിക്കാൻ കഴികയില്ല. ഗ്രന്ഥങ്ങളേയും ഗ്രന്ഥകർത്താക്കളേയും അധികരിച്ച അവൻെറ വിമർശം ജീവിതത്തെയും ജീവിതത്തെ നയിക്കുന്ന വികാരവിചാരങ്ങളേയും സംബന്ധിച്ച വിമർശമാണ്. മനുഷ്യലോകത്തെയും മനുഷ്യജീവിതത്തെയും സംബന്ധിച്ചു് അറിയുകയും ചിന്തിക്കയും ചെയ്യാത്ത ഒരുവനു് അതേപ്പററി വ്യക്തമായ ഒരഭിപ്രായം പറയുവാൻ കഴികയില്ല. അഭിപ്രായമില്ലാത്തവൻ വിമർശകനേയല്ല. വിജയിയായ ഒരു വിമർശകനിൽ ഒരു കലാകാരനേയും ഒരു തത്വചിന്തകനേയും ഒരു ശാസ്ത്രജ്ഞനേയും നമുക്കു കാണുവാൻ കഴിയും. “കല മനുഷ്യജീവിതത്തിലെ ആദർശത്തിൻെറ വെളിപാടാണു്. കല ജീവിതത്തിൻെറ ബോധമാണു്. യഥാർത്ഥവിമർശത്തിൻെറ വ്യാപാരം കലകൊണ്ടുള്ള സമഞ്ജസമായ കലാനിയന്ത്രണമാണു്.” [7]

മാതൃകായോഗ്യനായ ഒരു വിമർശകനു് ഒരു അദ്ധ്യേതാവിൻെറയും പ്രചാരകൻെറയും പരിഷ്കർത്താവിൻെറയും ആചാര്യൻെറയും കടമ നിർവ്വഹിക്കാനുണ്ടു്. അവൻ തിന്മയുടെ കൊടിയ ശത്രുവും നന്മയുടെ സംരക്ഷകനുമായിരിക്കും. അവൻ ആസ്വാദകനും അഭിനന്ദകനും ആയിരിക്കുന്നതുപോലെ വിധ്വംസകനും വിനാശകാരിയുമാണു്. ദുരകളെ എതിരിടുകയും അവയെ മർദ്ദിക്കയും ചെയ്യുന്ന ഒരു മിഷനറിയാണവൻ. യഥാർത്ഥ വിമർശകൻ എത്രത്തോളം കാരുണികനും ദയാശീതളനും സ്നേഹനിർഭരനും ആയി

---

6 Robert Lynd — Books and Authors
7 J. Middleton Murry — Aspects of Literature

രിക്കുന്നുവോ അത്രത്തോളം അവൻ ക്രൂരനും കഠിനചിത്തനും ആകുന്നു. എന്നാൽ സ്നേഹിക്കുവാനും നന്മയെ പ്രചരിപ്പിക്കുവാനുമാണു് അവൻ ക്രൂരത കാണിക്കുന്നതു്. അവൻെറ ക്രൌര്യത്തെ നാം സ്നേഹിക്കയും അഭിനന്ദിക്കയും ചെയ്യുന്നു. അഴിമതിയുടേയും അധമ്മത്തിൻെറയും മുൻപിൽ അവൻ നിഷ്ക്കരുണനായ വ്യാഘ്രത്തെപ്പോലെ വിധ്വംസകനായി നിൽക്കുന്നു. നീതിയുടേയും സ്നേഹത്തിൻേറയും ധമ്മത്തിൻേറയും മുൻപിൽ അവൻ സ്നേഹനിർഭരനായി വത്തിക്കുന്നു. അവൻെറ ചുംബനം ഏൽക്കുമ്പോൾ നന്മ കൂടുതൽ ഉജ്ജ്വലിക്കുന്നു അവൻെറ സമീപനത്താൽ അനീതി വിറകൊള്ളുന്നു.

അനുഭാവം, സഹിഷ്ണുത, ധമ്മതല്പരത എന്നിവയെ വെടിയുന്ന വിമർശം ഒരിക്കലും അവികലമായിരിക്കയില്ല. ഒരു വിമർശകനു് എത്രത്തോളം അനുഭാവം കുറയുന്നുവോ അത്രത്തോളം സംഗതികളെ മനസ്സിലാക്കാൻ കഴിയാതാവുന്നു. വസ്തുതകളെ പരിചയിക്കുവാനും അവയെ ഗ്രഹിക്കുവാനും ആ വിമർശകനു് ആദ്യമായുണ്ടായിരിക്കേണ്ടതു് അനുഭാവമാണു്. അസഹിഷ്ണുത സങ്കുചിതമനസ്കൻെറ ലക്ഷണമാണു്. അധമ്മം വിമർശകനെ അപരാധിയും വിദ്രോഹിയുമാക്കുന്നു. പുരുഷഗതമായ രോഷത്തിനും വിദ്വേഷത്തിനും സ്പദ്ധയ്ക്കും വിമർശം വിധേയമായാൽ അതു് വിരൂപമായി, വിഷലിപ്തമായി ഭവിക്കും. വ്യക്തികളേയും അവരുടെ സൃഷ്ടികളേയും അനുഭാവത്തോടും സഹിഷ്ണുതയോടുംകൂടി വീക്ഷിക്കുവാൻ കഴിയാത്ത വിമർശകൻ വിമർശിക്കുന്നുവെന്നു പറയുന്നതിനേക്കാൾ നല്ലതു സംസ്കാരത്തെയും ധമ്മബോധത്തെയും അധിക്ഷേപിക്കുന്നു എന്നു പറയുന്നതാണു്. അഭിപ്രായങ്ങളോടൊ വ്യക്തികളോടൊ ഒരുതരത്തിൽ അല്ലെങ്കിൽ മറൊരുതരത്തിൽ സ്പദ്ധയും അസഹിഷ്ണുതയും തോന്നാത്തവർ നമ്മിലാരും ഉണ്ടായിരിക്കയില്ല.

എന്നാൽ അവക്കു സംസ്കാരപൂർവ്വമായ നിയന്ത്രണം നൽകപ്പെടാതിരിക്കുന്നതാണു് കൂടുതൽ ആപല്ക്കരവും അധിക്ഷേപാർഹവും. 'വിമർശകനു് തന്റെ നിലനില്പിനെ ന്യായവൽക്കരിക്കണമെങ്കിൽ അവൻ തന്റെ വ്യക്തിഗതമായ സ്പർദ്ധകളെ നിയന്ത്രിക്കുകയും തന്റെ സഹജീവികളുമായുള്ള അഭിപ്രായവിഭിന്നതകളെ കഴിയുന്നിടത്തോളം പരിഹരിക്കയും ചെയ്യണം. യഥാർത്ഥത്തിലുള്ള വിധിപ്രസ്താവത്തിനു് ഇങ്ങനെ ചെയ്യേണ്ടതു് ആവശ്യമാകുന്നു.' [8]

മനുഷ്യനെയും അവന്റെ ജീവിതത്തെയും പ്രപഞ്ചത്തെയും സംബന്ധിച്ചു് നമുക്കു ലഭിച്ചിട്ടുള്ള വിജ്ഞാനമാരമായ സമ്പാദ്യങ്ങളുടെ വലിയൊരു വിഭാഗം വിമർശത്തിലടങ്ങിയിരിക്കുന്നു. എല്ലാത്തരം വിമർശങ്ങളും, മനുഷ്യന്റെ ലോകാവലോകനങ്ങളെയും ജീവിതനിരീക്ഷണങ്ങളെയുമാണു് ഉൾക്കൊള്ളുന്നതു്. മനുഷ്യന്റെ അറിവിന്റെയും അവലോകനത്തിന്റെയും തോതുകളും നിയമങ്ങളും മാറുന്നതനുസരിച്ചു് അവന്റെ വിമർശങ്ങളുടെ മൗലികസിദ്ധാന്തങ്ങളും മാനദണ്ഡങ്ങളും മാറുന്നു. വ്യത്യസ്തകാലഘട്ടങ്ങളിലെ വിമർശങ്ങളുടെ ചരിത്രം ഈ പരമാർത്ഥത്തെ വേണ്ടുംപോലെ തെളിയിക്കുന്നു. വ്യകതികൾക്കുണ്ടാവുന്ന അനുഭവങ്ങളുടെയും അറിവിന്റെയും വികാസവും കണ്ടുപിടിത്തങ്ങളുമാണു് നവീനയുഗത്തെ സൃഷ്ടിക്കുന്ന വിജ്ഞാനപരിവർത്തനത്തെ നയിച്ചിട്ടുള്ളതു്. ചരിത്രത്തിലെ വ്യത്യസ്തങ്ങളായ കാലഘട്ടങ്ങളിൽ വളർന്നിട്ടുള്ള വിമർശപ്രസ്ഥാനങ്ങൾക്കു് മൗലികമായ അന്തരമുണ്ടു്. ക്ലാസിസത്തിന്റെയും റൊമാൻറിസിസത്തിന്റെയും 'റിയലിസത്തിന്റെയും താല്പര്യങ്ങളാലും വീക്ഷണകോടികളാലും ഭരിക്കപ്പെട്ടിരുന്ന ചിന്താപ്രസ്ഥാനങ്ങൾ വ്യത്യസ്തകാലഘട്ടങ്ങളുടെ സൃഷ്ടികളാണു്. മദ്ധ്യകാലം, നവോത്ഥാനദശ, ആധുനികദശ എ

---

8 T. S. Eliot Function of Criticism

ന്നീ കാലങ്ങളുടെ മൗലികതാല്പര്യങ്ങൾക്ക തമ്മിൽ പൊരുത്തമില്ലെന്നു കാണാം. സാങ്കേതികമാർഗ്ഗപരമായും ആശയപരമായും വിമർശം ചരിത്രപ്രസിദ്ധമായ പരിവർത്തനങ്ങളെ തരണം ചെയ്തിട്ടുണ്ടെങ്കിലും കഴിഞ്ഞ കാലങ്ങളിലെ വിമർശപ്രസ്ഥാനങ്ങളിലൊന്നുപോലും അപ്പടി പരിത്യാജ്യമോ അപ്രധാനമോ അല്ല. മൗലികമായ തിരുത്തങ്ങൾക്ക് വിധേയമാവുമെന്നല്ലാതെ അവ ആപാദചൂഡം പരിത്യക്തങ്ങളാകയില്ല. മനുഷ്യചരിത്രത്തിലെ ആദ്യത്തെ വിമർശകനും ഏററവും ഒടുവിലത്തെ വിമർശകനും തമ്മിൽ സാരമായ അകൽച്ചയുള്ളതുപോലെ സാരമായ അടുപ്പവുമുണ്ട്. ആദ്യവിമർശത്തിൽനിന്ന് ആധുനികവിമർശത്തിന് ഒന്നും പഠിക്കുവാനും അറിയുവാനും അനുസരിക്കുവാനുമില്ലെന്നു ധരിക്കുന്നതു് അബദ്ധമാണ്. മുൻകാലങ്ങളിലെ വിമർശങ്ങളും വിമർശകന്മാരും നിശ്ശേഷം വർജ്ജിക്കപ്പെടണമെന്ന വാദം അർത്ഥശൂന്യമാണ്.

മനുഷ്യവിജ്ഞാനത്തിൽ സംഭവിച്ച വിപ്ലവകരമായ പരിവർത്തനത്താൽ, വിശിഷ്യ ആധുനികശാസ്ത്രങ്ങളുടെ വിസ്മയാവഹമായ കണ്ടുപിടിത്തങ്ങളാൽ, പൂർവ്വകാലങ്ങളിൽ നാം തീരുമാനിച്ചുവെച്ചിട്ടുള്ള അറിവിന്റെ പല പ്രമാണങ്ങളും അസാധുവായിത്തീർന്നിട്ടുണ്ടെന്നുള്ള വസ്തുത അനിഷേധ്യമാണ്.

മറെറാരുകാര്യം പറയുമ്പോഴും പുരാതനയവനരിലേയ്ക്കു പാഞ്ഞുചെല്ലുന്ന നമ്മുടെ ചിന്തയും അന്വേഷണബുദ്ധിയും വിമർശത്തിലും അവരെ സമീപിക്കാതിരിക്കുന്നില്ല. കലാപരവും വിമർശപരവും ആയ സിദ്ധാന്തങ്ങളെപ്പററി ചർച്ചചെയ്യുന്ന ഒരാൾക്ക യവനരെ വിസ്മരിച്ചുകൊണ്ടു തന്റെ ചുമതല നിർവ്വഹിക്കാൻ കഴികയില്ല. വിമർശത്തിന്റെ വളർച്ചയ്ക്കു് അവർ ചെയ്ത വിപുലവും വിലപ്പെട്ടതുമായ സേവനങ്ങൾ നാഗരികതയ്ക്കു ലഭിച്ച അനർഘസഹായങ്ങ

ളാണു്; അസ്ഥിവാരമാണു്. ധിഷണാ പരവും യുക്തിപരവും ആയ അവരുടെ വീക്ഷണത്തിനു് ജീവിതത്തിലും കലയിലും പ്രഥമഗണന നൽകുവാൻ നമുക്കു് ഈ കാലഘട്ടത്തിൽ പലപ്രകാരങ്ങളിൽ കഴിയാതായിട്ടുണ്ടെങ്കിലും, ഇന്നും നാം അവരിൽനിന്നു മാർഗ്ഗദർശനം വഹിക്കുന്നു; പ്രചോദനം കൊള്ളുന്നു. ജീവിതത്തെ നോക്കിയ ദൃഷ്ടികൊണ്ടുതന്നെ അവർ കലയേയും നോക്കി. രണ്ടിനെയും അവർ ഒരേ മാർഗ്ഗത്തിൽക്കൂടി സമീപിച്ചു. കലയ്ക്കും ജീവിതത്തിനും യവനർ കൈക്കൊണ്ടിരുന്ന മാനദണ്ഡം മൂല്യങ്ങളുടെ മാനദണ്ഡമാണു്. നന്മ, തിന്മ, സൗന്ദര്യം എന്നിവയെ അധികരിച്ച് പ്രശ്നങ്ങളെസംബന്ധിച്ചുള്ള അവരുടെ ചർച്ചകളും നിരൂപണങ്ങളും പരിചിന്തനങ്ങളും പുരോഗതിയുടെ സിദ്ധികളായിരുന്നു. യഥാർത്ഥ വിമർശകന്മാർ യവനന്മാരാണെന്നു വാദിക്കുവാൻ ഇന്നത്തെ ചില വിമർശകന്മാർ മടിച്ചിട്ടില്ല.

അരിസ്റ്റോട്ടലിന്റെ വിമർശം നന്മതിന്മകളെ സംബന്ധിച്ച വിമർശമാണു്; സാന്മാർഗ്ഗികജീവിതത്തിനു വഴിതെളിക്കുവാനായിരുന്നു അദ്ദേഹത്തിന്റെ എല്ലാ ശ്രമങ്ങളും. കലാവിമർശത്തിൽ പ്ലേറ്റോവിന്റെ പദവി ഇപ്പോഴും തെറ്റിദ്ധരിക്കപ്പെടാറുണ്ടു്. അദ്ദേഹം സൗന്ദര്യതത്ത്വത്തെയും കലയെയും നിരാകരിച്ചുവെന്ന അധിക്ഷേപം ശരിയല്ല. കവികളെ അദ്ദേഹം തന്റെ മാതൃകായോഗ്യമായ സ്റ്റേറ്റിൽ നിന്നു ബഹിഷ്കരിച്ചതുകൊണ്ടു് അദ്ദേഹം യഥാർത്ഥമായ കലയെ ബഹിഷ്കരിക്കയല്ല ചെയ്തതു്. കൃത്രിമവും അയഥാർത്ഥവും ആയ കലയെയാണു പ്ലേറ്റോ ധ്വംസിച്ചതു്. എന്നാൽ പൊതുവിൽ അദ്ദേഹം കലയ്ക്കോ കാവ്യത്തിനോ പ്രോത്സാഹനം നൽകിയിരുന്നില്ല. തന്റെ കലാനിരൂപണത്താൽ പ്ലേറ്റോ ചെയ്യുന്നതു പുതിയൊരു കലാസിദ്ധാന്തത്തെ സൃഷ്ടിക്കുകയാണു്. ഭാവനാപരമായ സാഹിത്യ

ത്തെ പ്ലേറോ യാഥാൎത്ഥ്യത്തിൻെറയും സദാചാരത്തിൻെറയും മാനദണ്ഡങ്ങൾകൊണ്ടു പരിശോധിച്ചു. ഈ മാനദണ്ഡങ്ങൾ സൗന്ദൎയ്യസാരതത്വവിഹീനമായിരുന്നു. തൻെറ സദാചാരപരമായ സിദ്ധാന്തങ്ങൾക്കു ചേരാത്ത കലാവ്യാപാരങ്ങളെയെല്ലാം അദ്ദേഹം അധിക്ഷേപിച്ചു. ഭാവനാപരമായ സാഹിത്യം ദുർവികാരങ്ങളെ ഉണൎത്തി മനസ്സിനെ ദൂഷിപ്പിക്കുന്നുവെന്ന ഒരു വീക്ഷണത്തെ പ്ലേറോ ഉന്നയിച്ചു. തൻെറ നിലയെ ഉറപ്പിക്കുവാൻ അദ്ദേഹം മഹാകവി ഹോമറിൻെറ കൃതികളിൽ, സത്യഭ്രംശം, ദൈവദൂഷണം, പലമാതിരി അശ്ലീലതകൾ എന്നിവകയെ കണ്ടുപിടിച്ചു. മദ്ധ്യകാലത്തിലെ മാത്രമല്ല നവോത്ഥാനദശയിലെയും നിരൂപണങ്ങളിൽ പ്ലേറോവിൻെറ പ്രസ്തുതാഭിപ്രായത്തിനു വമ്പിച്ച സ്വാധീനതയുണ്ടായിരുന്നു. ഈ ദശകളിലെ യഥാൎത്ഥവാദങ്ങളും സദാചാരസിദ്ധാന്തങ്ങളും കാവ്യത്തെ അസത്യത്തിൻെറയും ഒരു പ്രകാശനമായി കരുതുകയുണ്ടായിട്ടുണ്ടു്.

മദ്ധ്യകാലത്തെ വിമർശങ്ങളെ നയിച്ചിരുന്ന സദാചാരപരവും യാഥാൎത്ഥ്യപരവും ആയ അഭിമതങ്ങളെയും വീക്ഷണങ്ങളെയും നവോത്ഥാനദശയിലെ വിമർശം സാരമായി പരിഷ്ക്കരിക്കയും പരിവൎത്തിപ്പിക്കയും ചെയ്തു. ഭാവനാപരമായ സാഹിത്യത്തേയും കലയേയും സംബന്ധിച്ചു മദ്ധ്യകാലം പുലൎത്തിയ വിമർശം സൗന്ദൎയ്യസാരത്തെ സംബന്ധിച്ചിടത്തോളം കേവലം അപ്രസക്തവും അപൎയ്യാപ്തവുമായിരുന്നു. ഈ കുറവിനെ പരിഹരിക്കയായിരുന്നു നവോത്ഥാനദശയിലെ വിമർശകന്മാർ ചെയ്തതു്. മനുഷ്യൻെറ ജീവിതത്തിൽ സൗന്ദൎയ്യത്തിനുള്ള പദവിയെ ഉന്നയിക്കുവാനും സാഹിത്യകലകളിൽ സൗന്ദൎയ്യസിദ്ധാന്തപരമായ അസ്ഥിവാരത്തെ പുനഃസ്ഥാപിക്കുവാനുമാണു നവോത്ഥാനദശയിലെ വിമർശം സൎവ്വപ്രധാനമായി പ്രയത്നിച്ചതു്. ഈ പ്രയത്നംകൊണ്ടു് സാഹിത്യത്തിനും കല

യ്യും, നൂതനവും സ്വതന്ത്ര്യവുമായ ഒരു ലോകം സൃഷ്ടിച്ചു. മദ്ധ്യകാലത്തെ നിയന്ത്രിച്ചിരുന്ന ആശയങ്ങളേയും വീക്ഷണങ്ങളേയും ചോദ്യംചെയ്തുകൊണ്ടു് അവയെ അസ്ഥിരപ്പെടുത്തുവാൻ ശ്രമിച്ചു നവോത്ഥാനദശയിലും ക്ലാസിസത്തിന്റെ തല്പരതകൾ തലപൊക്കി നിന്നിരുന്നു. മനുഷ്യവർഗ്ഗസ്നേഹം, അല്ലെങ്കിൽ ക്ലാസിസാനുകരണം, അരിസ്റ്റോട്ടലിന്റെ സിദ്ധാന്തങ്ങളുടെ സ്വാധീനത, യുക്തിവാദതാല്പര്യം എന്നീ കാരണങ്ങളാണു പ്രസ്തുത ദശയിൽ ക്ലാസിക്സ്പിരിട്ടിനെ നിവേശിപ്പിച്ചതു്. നവോത്ഥാനദശയ്ക്കുശേഷം ഉദയം ചെയ്യുന്ന ആധുനികദശയിലെ വിമർശത്തെ നയിക്കുന്നതു് ഭൗതികശാസ്ത്രങ്ങളും സാമൂഹ്യപ്രസ്ഥാനങ്ങളും പുതിയ തത്വചിന്തയും ഉല്പാദിപ്പിക്കുന്ന വിചാരങ്ങളും തല്പരതകളും ആകുന്നു.

## ആധുനികകാലം.

ആധുനികദശയിലെ വിമർശത്തിൽ അഭൂതപൂർവ്വമായ വിഷമതകളും കുഴപ്പങ്ങളും കടന്നുകൂടുന്നു. ഈ വിഷമതകളും കുഴപ്പങ്ങളും സംഗതികളുടെ മൂല്യങ്ങളെ സംബന്ധിച്ച പരിചിന്തനങ്ങളിൽ നിന്നാണു പ്രധാനമായി വന്നുകൂടുന്നതു്. മനുഷ്യജീവിതത്തിന്റെ ഉൽകൃഷ്ടതരമായ പ്രശ്നങ്ങളെ സുസമ്മതമായും സാർവ്വത്രികമായും പരിഹരിക്കുന്നതിൽ ആധുനികദശ ഒരു അനിശ്ചിതത്വത്തെയാണു് അഭിമുഖീകരിക്കുന്നതു്. ശാസ്ത്രീയ കണ്ടുപിടിത്തങ്ങൾകൊണ്ടു് കൂടുതൽ വികസിതമായ മനുഷ്യന്റെ അനുഭവമണ്ഡലം വിജ്ഞാനത്തിന്റെ നവീന വാതായനങ്ങളെ തുറന്നു മലർത്തി എന്നു മാത്രമല്ല അബദ്ധങ്ങളെന്നു തെളിയപ്പെട്ട പൂർവ്വവിശ്വാസങ്ങളുടെയും വിചാരങ്ങളുടെയും വാതായന

ങ്ങളെ അടച്ചുമൂടുകയും ചെയ്തു. പ്രപഞ്ചത്തെയും മനുഷ്യനെയും അവർ തമ്മിലുള്ള ബന്ധത്തെയും സംബന്ധിച്ചു നാം പഠിച്ച മിക്ക പഴയ വാദങ്ങളും ഇന്നു തിരുത്തുവാനും മാററി എഴുതുവാനും നാം പ്രേരിതരാവുന്നു. ആധുനികദശ ചെയ്യുന്ന ഏററവും പ്രമുഖമായ കൃത്യം മനുഷ്യവിജ്ഞാനത്തിന്റെ സാദ്ധ്യതകളെയും കഴിവുകളെയും വൎദ്ധിപ്പിക്കയാണു്. സന്ദേഹാതീതമായി തീരുമാനിക്കപ്പെട്ട അനേകം ജീവൽപ്രശ്നങ്ങളെ ഇന്നു നമുക്കു പുനരാലോചിക്കേണ്ടതുണ്ടു്.

ഇക്കാലം ഇതരകാലഘട്ടങ്ങളിലൊന്നിനോടും ഇണങ്ങി നിൽക്കുന്നില്ല. ആധുനികദശയുടെ സ്വഭാവത്തിനു പല പ്രത്യേകതകൾ നൽകുന്ന കാൎയ്യങ്ങളേയും കാരണങ്ങളേയും നാം കാണുന്നുണ്ടു്. മനുഷ്യവൎഗ്ഗം മറെറാരു കാലത്തും അനുഭവിച്ചിട്ടില്ലാത്ത അവസ്ഥയെയാണു് ഇന്നു നാം അനുഭവിക്കുന്നതു്. ഇന്നത്തെ ചിന്തകന്മാരിലൊരാൾ ആധുനികകാലത്തെപ്പററി ഇങ്ങനെ പറയുന്നു: "ഇതാ ഒരു കാലം, അതിനു മതത്തിൽ വിശ്വാസം ഇല്ല. അതിനു് സദാചാരങ്ങൾ സംബന്ധിച്ച തോതുകളില്ല, രാജ്യതന്ത്രത്തിൽ ഉറച്ച വിശ്വാസങ്ങളില്ല. കലയിൽ അതിനു് മൂല്യങ്ങളില്ല. ഇങ്ങനെ തോതുകളോ മൂല്യങ്ങളോ ഇല്ലാതിരുന്നിട്ടുള്ള ഒരു കാലഘട്ടം നമ്മെ കടന്നുപോയിട്ടുണ്ടോ എന്നു ഞാൻ സംശയിക്കുന്നു. വിശ്വാസത്തെ സംബന്ധിച്ച ആവശ്യത്തെ അമൎത്തി വച്ചിരിക്കുന്നതിന്റെ ദോഷങ്ങളെ ഈ തലമുറ അനുഭവിക്കുന്നു. അതിന്റെ മതവിരുദ്ധമനോഭാവം വ്യാപകമായിരിക്കുന്നുവെന്നു മാത്രമല്ല, വ്യഥാജനകവും ആയിരിക്കുന്നു. എന്താണു ചിന്തിക്കേണ്ടതെന്നും എങ്ങനെയാണു പ്രവൎത്തിക്കേണ്ടതെന്നും പറഞ്ഞുതരിക; ഞങ്ങൾ എങ്ങനെ രക്ഷനേടേണ്ടുവെന്നും പറഞ്ഞുതരിക." [9] ആ

---

9 C. E. M. Joad Philosophy for Our Times

ധുനികദശയുടെ പ്രാരംഭം എവിടംമുതൽക്കാണ്? അതിനെ വേർതിരിക്കുന്ന ഏററവും പ്രധാനമായ കാര്യങ്ങളെന്തൊക്കെയാണ്? ഈ പരിവർത്തനദശയെ സൃഷ്ടിച്ചതു സയൻസല്ലാതെ മററൊന്നുമല്ല. വിപ്ലവകരമായ സാമൂഹ്യരാഷ്ട്റീയപ്രസ്ഥാനങ്ങളുടെ പാഞ്ഞുകയററവും മഹാപരിവർത്തനത്തിന്റെ വാതായനങ്ങളെ തള്ളിത്തുറന്നു. ഈ സംഭവങ്ങളുടെയും സയൻസിന്റെയും ശക്തി നമ്മുടെ വികാരവിചാരങ്ങളെ അട്ടിമറിക്കാൻ പര്യാപ്തമായി. പഴയ സമ്പ്രദായങ്ങളിൽക്കൂടിയല്ല ഇന്നു നാം വിചാരിക്കയും വിശ്വസിക്കയും ചെയ്യുന്നതു്. ഇന്നു നമ്മുടെ പ്രവൃത്തിമണ്ഡലത്തിലും വിചാരമണ്ഡലത്തിലും പരിവർത്തനഫലത്തിന്റെ തിരമറിയുന്ന തിക്കവും ബദ്ധപ്പാടും അനല്പമാണ്. ഏതാണ്ടു് 1895 മുതൽക്കാണ് ആധുനികദശയുടെ പ്രാരംഭം എന്നു പറയാം. പദാർത്ഥത്തെ സംബന്ധിച്ച സിദ്ധാന്തത്തെയും ഭൗതികശാസ്ത്രത്തിന്റെ അർത്ഥം, പ്രയോജനം എന്നിവയെപ്പററിയുള്ള നമ്മുടെ വിചാരങ്ങളെയും ഒന്നോടെ പരിവർത്തിപ്പിച്ച ഗവേഷണങ്ങൾ 1895-നും 1900-നും ഇടയ്ക്കാണുണ്ടായതു്. ഭൂമി സൂര്യനെ ചുററുന്നുവെന്നു് കാപ്പർണിക്കസ് തെളിയിച്ചതിനുശേഷം ഇത്രത്തോളം മഹത്തായ ഒരു വിപ്ലവം ശാസ്ത്രീയവിചിന്തനത്തിൽ ഇതുവരെ സംഭവിച്ചിട്ടില്ല. നമ്മുടെ വിശ്വാസാചാരങ്ങളെ മൗലികമായി സംസ്കരിച്ചുകൊണ്ടു മുന്നോട്ടു കയറിയ ശാസ്ത്രത്തിന്റെ സേവനങ്ങൾ മനുഷ്യന്റെ മറെറല്ലാ വിജ്ഞാനപ്രസ്ഥാനങ്ങളിലും അപ്രതിരുദ്ധമായ സ്വാധീനശക്തി ചെലുത്തി അവയെ പരിവർത്തിപ്പിച്ചു. ശാസ്ത്രലോകത്തെ ഇരുനൂറു കൊല്ലത്തോളം ഭരിച്ചുകൊണ്ടിരുന്ന ന്യൂട്ടന്റെ സിദ്ധാന്തം അപര്യാപ്തമാണെന്നു തെളിയിച്ച പരമാർത്ഥത്തിലാണ് സയൻസിലെ ആധുനികവിപ്ലവം അടങ്ങിയിരിക്കുന്നതു്. ന്യൂട്ടന്റെ സിദ്ധാന്തത്തിനു പകരം മറെറാരു വ്യത്യസ്തമായ സിദ്ധാന്തം സ്ഥാപിക്കപ്പെട്ടു

കൊണ്ടിരിക്കയാണു്. അതിന്റെ പുനഃസംഘടനം പൂൎത്തിയായിട്ടില്ലെങ്കിലും നവീനശാസ്ത്രീയവീക്ഷണത്തിന്റെ തത്വചിന്താപരമായ സ്വഭാവം പഴയതിന്റേതിനെ അപേക്ഷിച്ചു വളരെ വ്യത്യസ്തമാകുന്നു. "അനൈക്യവും സമരവുമാണു് ആധുനികകാലത്തിന്റെ പ്രധാന ലക്ഷണങ്ങളിലൊന്നു്. എല്ലാ കാൎയ്യങ്ങളിലും കടന്നുകൂടിയിട്ടുള്ള ബലക്ഷയമാണു് ആധുനികദശയുടെ പ്രധാന ഒരു പ്രത്യേകത എന്നു് റസ്സൽ സൂചിപ്പിക്കുന്നു. ഈ ബലക്ഷയം, സയൻസ്, സാഹിത്യം, കല, മതം, രാജ്യതന്ത്രം മുതലായവയിലെല്ലാം ദുരധികാരത്തിൽകൂടി കലൎന്നിരിക്കയാണു്. ആധുനികകാലം പൂൎവ്വകാലങ്ങളുടെ നേൎക്കുള്ള പ്രതിഷേധമാണെന്നിരുന്നാലും അതിനു നിശ്ചിതമായ മൗലികതത്വങ്ങളൊ പൊതുവെ അംഗീകൃതമായ മാനദണ്ഡങ്ങളൊ ഉണ്ടെന്നു പറകവയ്യ. അഭിനവനാഗരികത അതിന്റെ ശാസ്ത്രീയമനോഭാവം മാനുഷികചൈതന്യവും ജീവിതത്തെ സംബന്ധിച്ച ഭൗതികവീക്ഷണവുംകൊണ്ടു് ലോകത്തെ കീഴ്മേൽ മറിക്കുകയും അസ്വാസ്ഥ്യത്തിന്റെ ചലനത്തെ സൃഷ്ടിക്കയും ചെയ്യുന്നു... ഒരു നവീനമനുഷ്യത്വം ജീവിതചക്രവാളത്തിൽ ഉദയംചെയ്തു തുടങ്ങിയിരിക്കുന്നു. എന്നാലും നാം ആശ്ചൎയ്യപ്പെട്ടുമാറു് ലോകം അനാഥവും അയഥാൎത്ഥവും ആയിരിക്കയാണു്. അതിന്റെ മനസ്സു് കുഴഞ്ഞുമറിഞ്ഞു കിടക്കുന്നു. അതിന്റെ മസ്തിഷ്കം സ്ഥാനംപിഴച്ചിരിക്കുന്നു. മുൻകാലങ്ങളെ അപേക്ഷിച്ചു് ലോകം ഇന്നു കൂടുതൽ ഭിന്നിച്ചിരിക്കുകയും ഭയാനകദുരകളാൽ ബാധിതമായിരിക്കയും ചെയ്യുന്നു."[10] ഇത്രകാലവും നമ്മുടെ അറിവിനെയും ബോധത്തെയും നിയന്ത്രിച്ചിരുന്ന അവയുടെ മൗലികതത്വങ്ങൾപോലും ഇന്നു പരിത്യക്തമായിട്ടുണ്ടു്. നാം പുതിയ ആലംബത്തെ ആരായുന്നു. ചിന്തിക്കുന്നവരെ പ-

---

10 S. Radha Krishnan The Eastern Religions and Western Thought.

21 No. 3041

രിഭ്രാന്തരാക്കുന്ന ഒരു അനിശ്ചിതത്വവും അസ്ഥിരതയും നമ്മെ വേട്ടയാടുകയാണു ചെയ്യുന്നതു്. ഇന്നത്തെ നമ്മുടെ കായികവും മാനസികവുമായ ദുരിതങ്ങളെയും വ്യഥകളെയും ശമിപ്പിക്കുന്ന അവസ്ഥയെ നാം അക്ഷമരായി കാത്തിരിക്കയാണു്. "പുതിയ ഒരു ജീവിതത്തിൻെറ തുടക്കത്തെക്കുറിച്ചുള്ളബോധം ഇന്നത്തെ സയൻസിൽ മാത്രമല്ല കലയിലും കടന്നിട്ടുണ്ടു്. പഴയ ആചാരങ്ങളെ ഭേദിച്ചു് പുതിയതിനെ പരീക്ഷിക്കുവാനുള്ള മനോഭാവം സയൻസിലും കലയിലും പ്രവേശിച്ചു കഴിഞ്ഞു. ഇന്നത്തെ കലയുടെ താല്പര്യങ്ങൾ കഴിഞ്ഞ കാലങ്ങളിലെ നേട്ടങ്ങളിൽ എന്നതിനേക്കാൾ ഭാവിയിലെ സാദ്ധ്യതകളിലാണു കൂടുതലായി പതിഞ്ഞിരിക്കുന്നതു്." 11 ആധുനികദശ വമ്പിച്ച പരിത്തങ്ങളുടെ ദശയാണു്. പുരോഗമിപ്പിക്കുന്ന നിയമങ്ങളും വ്യവസ്ഥകളും കാണാതെ അടുക്കും മുറയുമില്ലാതെ, ഏതിലും എവിടെയും ഇന്നു് നാം അമ്പരന്നു നില്ക്കുന്നു. ഉള്ള നിയമങ്ങളെ നാം കൈക്കൊള്ളുന്നില്ല. പുതിയ നിയമത്തേയും വ്യവസ്ഥിതിയേയും സൃഷ്ടിക്കുവാനും സൃഷ്ടിക്കാതിരിക്കുവാനും കഴിയാതെ നാം പരുങ്ങുന്നു.

ഭൗതികശാസ്ത്രങ്ങളുടെ ചരിത്രപ്രസിദ്ധമായ കണ്ടുപിടിത്തങ്ങൾ, അവയേയും ഗണിതശാസ്ത്രത്തേയും അവലംബിച്ചു വളരുന്ന പുതിയ തത്വശാസ്ത്രത്തിൻെറ വികാസം, മനോവിജ്ഞാനീയത്തിൻെറയും ജീവവിജ്ഞാനീയത്തിൻെറയും പുതിയ സിദ്ധാന്തങ്ങൾ സാമൂഹ്യവും രാഷ്ട്രീയവും ആയ പ്രസ്ഥാനങ്ങൾ ജനിപ്പിക്കുന്ന നവീനതാല്പര്യങ്ങൾ എന്നിവ നവീനലോകപ്രവണതകളെയും മനോഭാവത്തെയും നിയന്ത്രിക്കുന്നവയാണു്. ക്ലാസിസിസത്തിൻെറയും റൊമാൻറിസിസത്തിൻെറയും കഴൽപ്പാടുകൾ സാഹിത്യകലാലോകത്തുനിന്നും ചിന്താലോകത്തുനിന്നും തേഞ്ഞുമാഞ്ഞുപോവുന്ന ഘട്ടമാണിതു്.

---

11 C. E. M. Joad Guide to Modern Thought.

സത്യം ആപേക്ഷികമായിട്ടുള്ളതാണെന്നു് ശാസ്ത്രം തെളിയിക്കുന്നതോടുകൂടി, മുൻപത്തെ നമ്മുടെ പല തീരുമാനങ്ങളും തിട്ടപ്പെടുത്തലുകളും അസ്ഥിരപ്പെടുത്തപ്പെട്ടു. സത്യാസത്യങ്ങളെ സംബന്ധിച്ച വിമർശത്തിന്റെ മൗലികസിദ്ധാന്തങ്ങൾതന്നെ ദുർബലങ്ങളായി. പൂർവ്വകാലങ്ങളിലെ മാനദണ്ഡങ്ങൾ വെച്ചുകൊണ്ടു് ഇന്നതു ശരി ഇന്നതു തെററു് എന്നു വിധിച്ചുതള്ളുവാൻ നമുക്കു സാധിക്കുന്നില്ല. കാര്യങ്ങൾക്കു് ഇന്നു നാം പുതിയ മൂല്യങ്ങളെ സൃഷ്ടിക്കുന്നു. പഴയ നീതിശാസ്ത്രത്തിന്റെയും വേദാന്തത്തിന്റെയും പശ്ചാത്തലം പൊളിഞ്ഞുപോയി. ഇന്നലത്തെ ദുരാചാരം ഇന്നത്തെ സദാചാരമായിത്തീരുന്നു. നന്മതിന്മകളെ സംബന്ധിച്ച നമ്മുടെ സിദ്ധാന്തങ്ങൾ ചോദ്യാർഹങ്ങളായി പരിണമിക്കുന്നു. ശാസ്ത്രം പോററിവളത്തിയ പഴയ നാസ്തികത്വവും പഴയ ഭൗതികത്വവും പഴയ ആത്മീയതയും നിഷേധാർഹങ്ങളായിത്തീരുന്നു.

ഏററവും കരുതലോടും ചുവട്ടറപ്പോടുംകൂടി വർത്തിക്കേണ്ടവനാണു് ഇക്കാലത്തെ വിമർശകൻ. കഴിഞ്ഞുപോയ കാലങ്ങളിലെ വിമർശകന്മാക്കില്ലാത്ത ഉത്തരവാദിത്വങ്ങളും കരുതലുകളുമാണു് ഇന്നത്തെ വിമർശകന്മാക്കുണ്ടായിരിക്കേണ്ടതു്. മനുഷ്യവിജ്ഞാനത്തിന്റെ ശാഖകൾ പരസ്പരബന്ധിതമായിരിക്കുന്ന ഈ ദശയിൽ അവയുടെ പ്രത്യേകവും കൂട്ടുചേൎന്നുള്ളതുമായ വളച്ചയേയും പരിണാമഗതിയേയും ഇന്നത്തെ വിമർശകന്മാർ പഠിക്കേണ്ടതാണു്. പരിണാമവാദവും ആപേക്ഷികസിദ്ധാന്തവും പഴയ വിജ്ഞാനലോകത്തെ മൗലികമായി പരിവത്തിപ്പിച്ചിരിക്കയാണു്. സാഹിത്യലോകത്തു സംഭവിച്ചിട്ടുള്ള വലിയ കോളിളക്കങ്ങളേയും സാഹിത്യത്തിലെ സമ്പ്രദായങ്ങളേയും പ്രമാണയോഗ്യമായി വിവരിച്ചിട്ടുള്ള ഫ്റഞ്ചു സാഹിത്യനിരൂപകനും സാഹിത്യചരിത്രകാരനുമായ ഫെർഡിനൻഡ് ബ്രൂ-

നതേ ഡാർവിൻെറ പരിണാമസിദ്ധാന്തങ്ങളിൽക്കൂടി കലാ പരിവത്തനനിയമങ്ങളെ വിവരിക്കുവാനുള്ള . സാദൃശ്യതയെ വിഭാവനംചെയ്തിരുന്നു. മനുഷ്യൻെറ വ്യക്തിഗതതത്വക്ഷേതയും അവൻെറ ബോധത്തേയും സംബന്ധിച്ച അന്വേഷണങ്ങൾക്കും പഠനങ്ങൾക്കും ഇന്നത്തെ അപഗ്രഥനാത്മകമായ മനഃശാസ്ത്രവും പദാത്ഥത്തെ ഊജ്ജമാക്കിക്കാണിക്കുന്ന ഭൗതികശാസ്ത്രവും ചെയ്യുന്ന സഹായങ്ങൾ അനല്പമാണ്.

ഇന്നത്തെ വിമർശത്തെ മുൻകാലങ്ങളിലെ വിമർശങ്ങളിൽനിന്ന് വേർപെടുത്തിക്കാണിക്കുന്ന പ്രധാന സംഗതികൾ മനുഷ്യവിജ്ഞാനത്തിൻെറ പുതിയ വികസനവും, പ്രായോഗികവും സിദ്ധാന്തപരവും ആയ ലോകത്തിലെ പുതിയ താല്പയ്യങ്ങളും പ്രവണതകളും ആകുന്നു. കഴിഞ്ഞ ദശകളിലെ വിമർശത്തിൻെറ തത്വചിന്തയും വിമശത്തിൻെറ ചരിത്രവും ഇന്നത്തെ ലോകത്തിലെ വിമശത്തിൻെറ തത്വചിന്തയോടും ചരിത്രത്തോടും വിയോജിച്ചാണ് നിൽക്കുന്നത്.

"നിശ്ചിതമായ ചില കൃതികൾ പരിപൂണ്ണമായ മാതൃകകളാണെന്ന് വിധിച്ചിരുന്ന പഴയ അന്ധമായ വിമശനം (Dogmatic Criticism) Pedagogy യുടെ ഒരു ശാഖയായ Grammer School ൻെറ ഒരു ഉൽപന്നമായിരുന്നു. ശാസ്ത്രം, വ്യവസായാഭിരുചി, ജനാധിപത്യോദയം, സ്കെപ്ടിസിസം എന്നിവയാണ് ആധുനികവിമർശത്തിലെ പുതിയ പ്രവണതകൾ." [12]

ഇന്നത്തെ വിമർശത്തിൽ ശാസ്ത്രീയതാല്പയ്യം കടന്നുകൂടിയിട്ടുണ്ടെങ്കിലും അതു ശാസ്ത്രത്തിൻെറ സാങ്കേതികസരണിയെ അവലംബിക്കുന്നില്ല. വിശിഷ്യ, സാഹിത്യവിമശവും കലാവിമശവും അതിൻെറ സാങ്കേതികമാർഗ്ഗത്തെ ക്രൂ

---

12 W. Raeleigh On Writing and Writers

ട്ടതൽ കലാപരമാക്കുകയാണു ചെയ്യുന്നതു്. എന്നാൽ സയൻസ് അതിലെ അന്ധവും അയുക്തികവും, തെളിയിക്കപ്പെടാൻ കഴിയാത്തതും ആയ വിശ്വാസങ്ങളെയും ആചാരങ്ങളെയും തിരുത്തുന്നു. അതുകൊണ്ടാണു് ഇക്കാലത്തിന്റെ ആശയങ്ങളെയും പ്രവൎത്തനങ്ങളെയും ശാസ്ത്രീയബുദ്ധി നയിക്കുന്നുവെന്നു പറയപ്പെടുന്നതു്. ഭൂരിപക്ഷത്തിന്റെ ക്ഷേമൈശ്വൎയ്യങ്ങളെയും സ്ഥിതിസമത്വത്തെയും അടിസ്ഥാനപ്പെടുത്തി ഡെമോക്രസിയുടേയും സോഷ്യലിസത്തിന്റെയും സിദ്ധാന്തങ്ങളെയും, പ്രയോഗങ്ങളെയും, വീക്ഷണകോടിയേയും വിമർശത്തിൽ കടത്തിക്കൊണ്ടുവരാൻ ഇന്നത്തെ വിമർശകന്മാരിൽ ഒരു ഭാഗം പ്രയത്നിക്കുന്നു. സാമൂഹ്യോദ്ധാരണത്തിനു് ഉതകാത്തതും സാധാരണലോകത്തിനു് ആവശ്യമില്ലാത്തതും അഥവാ അവർ അംഗീകരിക്കാത്തതും ആയ പദ്ധതികളെ ജനാധിപത്യവാദക്കാരും സ്ഥിതിസമത്വവാദക്കാരും വിമർശത്തിൽനിന്നു് ബഹിഷ്കരിക്കുന്നു. ജനസാമാന്യം എന്ന സംജ്ഞയിൽ വിവരിക്കപ്പെടുന്നവൎക്കു ഗ്രഹിക്കാൻ കഴിയാത്ത കാൎയ്യങ്ങളെ അസത്യങ്ങൾ, അസ്വീകാൎയ്യങ്ങൾ, അനാവശ്യങ്ങൾ എന്നൊക്കെ പറഞ്ഞു പുറംതള്ളുവാനും അവയുടെ പ്രചരണത്തെ പ്രതിബന്ധപ്പെടുത്തുവാനും ജനകീയസാഹിത്യവിമൎശകന്മാർ ഉത്സാഹിക്കുന്നുണ്ടു്. ഇവരുടെ പ്രയോഗങ്ങളുടെയും സിദ്ധാന്തങ്ങളുടെയും പട്ടികയിൽ വ്യക്തികൾക്കും വ്യക്തിഗതത്വത്തിനും (Induvidualism) പദവിയില്ല. വ്യക്തിഗതമായ അനുഭൂതികളെയും ദർശനങ്ങളെയും ഈ സാമാന്യലോകോദ്ധാരകന്മാർ കളവുകളെന്നും അസംബന്ധങ്ങളെന്നും വിളിച്ചു പരിഹസിക്കയാണു ചെയ്യുന്നതു്. ചുരുക്കത്തിൽ വ്യക്തിപരതയേയും വ്യക്തിയുടെ ആധിപത്യത്തെയും സംഹരിക്കുവാനുള്ള 'സാമൂഹ്യവീക്ഷണകോടി'ക്കാരുടെ പല ശ്രമങ്ങളും ബുദ്ധിയേയും പ്രതിഭയേയും പുച്ഛിക്കുന്ന കിരാതത്വത്തിന്റെ പ്രതിഫലനങ്ങളാണു്; അജ്ഞതയു-

ടെയും ചിന്താശൂന്യതയുടെയും വികൃതസന്താനങ്ങളാണ്. ഉടുതുണിയും ആഹാരവും സമമായി വീതിച്ചുകിട്ടുകയും ജീവിക്കുവാനുള്ള സൗകര്യങ്ങളും സാഹചര്യങ്ങളും ഒന്നുപോലെ ലഭിക്കുകയും ചെയ്‌വാനുള്ള കഠിനയത്നങ്ങൾ മനുഷ്യരാശിയുടെ പുരോഗതിക്ക് അനുപേക്ഷണീയങ്ങൾ തന്നെ. എന്നാൽ ജനസാമാന്യത്തിന്റെ ലോകത്തിലെ ഒരു ഘടകത്തിനും പ്രതിഭാശാലികളുടെ ലോകത്തിലെ ഒരു ഘടകത്തിനും ഒന്നിച്ചു ജീവിക്കുവാനുള്ള സൗകര്യവും സ്വാതന്ത്ര്യവും അവകാശവും നിഷേധിക്കപ്പെടുന്ന ഒരു ലോകത്തു യഥാർത്ഥ നാഗരികത തലപൊക്കുകയില്ല. വേലചെയ്യുന്ന കരം ചിന്തിക്കുന്ന ബുദ്ധിയേയും, ചിന്തിക്കുന്ന ബുദ്ധി വേലചെയ്യുന്ന കരത്തേയും വിസ്മരിക്കുകയും അവയുടെ സ്വഭാവത്തെയോ ആവശ്യങ്ങളെയോ അനുവദിക്കാതിരിക്കയും ചെയ്യുന്ന ഒരവസ്ഥയിൽനിന്ന് മനുഷ്യജീവിതത്തിന് സുഖമോ സംതൃപ്തിയോ ലഭിക്കയില്ല. ജനസാമാന്യത്തിന്റെ സംസ്കാരത്തെ സ്ഥാപിക്കുവാനും അവരുടെ ആധിപത്യത്തെ ഉറപ്പിക്കുവാനും ശ്രമിക്കുന്നവർ പ്രതിഭാശാലികളുടെ ലോകത്തെ അനുഭാവത്തോടും സഹിഷ്ണുതയോടുംകൂടി വീക്ഷിക്കുകയും അവരെ മനസ്സിലാക്കാൻ ശ്രമിക്കയുംചെയ്യാത്തപക്ഷം, ഉണ്ടാകാവുന്ന അനർത്ഥങ്ങൾ പ്രതിഭാശാലികൾ ചെയ്യുന്ന ഇത്തരം ഉപേക്ഷകൊണ്ടും ഉണ്ടാകുന്നതാണ്. ഇന്നത്തെ രീതിയിലുള്ള വ്യക്തിപരതയ്ക്കും സാമൂഹ്യപരത (Collectivism)യ്ക്കും ബുദ്ധിവികാസവും നവദർശനവും ലഭിക്കേണ്ടിയിരിക്കുന്നു. മുതലാളിത്തവും മതസ്ഥാപനങ്ങളും മൂടോടെ നശിച്ചുപോയാൽ ലോകം ക്ലേശരഹിതവും സമാധാനപൂർണ്ണവും ആകുമെന്നുള്ള വീരവാദം ദുർബ്ബലമാണ്. സുഭിക്ഷമായി തിന്നുകുടിച്ചുകിടക്കുന്നതുകൊണ്ടുമാത്രം സംതൃപ്തനാകുന്ന ജന്തുവല്ല മനുഷ്യൻ. യന്ത്രത്തെ വിവരിക്കുന്നതുപോലെ, മനസ്സിലാക്കുന്നതുപോലെ, മനുഷ്യനെ വിവരിക്കുവാനും മനസ്സിലാക്കാനും കഴികയില്ല.

യാന്ത്രികത്വം മനുഷ്യത്വമല്ല; മനുഷ്യത്വം യാന്ത്രികത്വവുമല്ല. രണ്ടിനും സാമ്യങ്ങളുണ്ടായിരിക്കാം. എന്നാൽ രണ്ടും ആകൃതിയിലും പ്രകൃതിയിലും രണ്ടുതന്നെയാണു്. പരസ്പരസഹകരണവും പരസ്പരബന്ധവുംകൊണ്ടു വളരുന്ന പദാൎത്ഥത്തിന്റെ രണ്ടവസ്ഥകളാണ ശരീരവും മനസ്സും. എന്നിരിക്കിലും അവയുടെ താല്പൎയ്യങ്ങളെയും അഭിനിവേശങ്ങളെയും സ്വഭാവത്തെയും ഒരേ തത്വത്തിൽക്കൂടി വിവരിക്കാൻകഴികയില്ല. ശരീരത്തിനു മനസ്സിനെയും മനസ്സിനു ശരീരത്തെയും ആശ്രയിക്കാതിരിക്കാൻവയ്യ. എന്നാൽ ഇന്നത്തെ ഹ്രസ്വവീക്ഷണക്കാരായ വിപ്ലവക്കാരും യാഥാസ്ഥിതികന്മാരും ഒന്നിച്ചുചേൎന്നു പ്രവൎത്തിക്കേണ്ട മനസ്സിനെയും ശരീരത്തെയും പരസ്പരം വേർപെടുത്തുവാനാണു ശ്രമിക്കുന്നതു്. അതിന്റെ ദുരന്തഫലം മരണമായിരിക്കും. ജീവിതമല്ല. കായികാഭ്യാസിക്കു മാനസികാഭ്യാസിയിൽനിന്നും മാനസികാഭ്യാസിക്കു കായികാഭ്യാസിയിൽനിന്നും മഹത്തായ മാർഗ്ഗദർശനങ്ങളും നിർദ്ദേശങ്ങളും ലഭിക്കേണ്ടതുണ്ടു്. ദുർഭാഗ്യത്താൽ ഈ നില ഇന്നത്തെ ലോകത്തു കൈവന്നിട്ടില്ല. രണ്ടുപേരിലും യുക്തിഹീനമായ, ധൎമ്മബോധരഹിതമായ, പരസ്പരവിദ്വേഷവും പകയും സ്പൎദ്ധയുമാണു കലൎന്നിരിക്കുന്നതു്. ലിംഗബന്ധമെന്നോ മദ്യപാനമെന്നോ കേൾക്കുമ്പോൾ പുരോഹിതനും, ദേവാലയമെന്നോ മതമെന്നോ പ്രാൎത്ഥനയെന്നോ കേൾക്കുമ്പോൾ ഭൗതികവാദിക്കും തോന്നുന്ന പരമ്പരാഗതമായ വെറുപ്പും അവജ്ഞയും ക്രോധവും ശത്രുതയും സംഹരിക്കപ്പെടാത്ത കാലത്തോളം നാം അക്ലിഷ്ടമായ മാനുഷികപുരോഗതിയുടെ ഫലങ്ങളെ ആസ്വദിക്കയില്ല. അസംസ്കൃതവും അരൂപവും ആയ വികാരവിചാരങ്ങളുള്ള ജനസാമാന്യത്തിൽപെടുന്ന ഒരുവന്റെ പിന്നാലെ നടക്കുന്നതിനേക്കാൾ, അവനാൽ ഭരിക്കപ്പെടുന്നതിനേക്കാൾ, വ്യക്തിത്വമുള്ള ഒരു പ്രതിഭാശാലി തൂങ്ങിച്ചാവാനോ കടുവായുടെ വായിൽ അകപ്പെട്ടു ചാവാ

നോ ആഗ്രഹിച്ചേയ്ക്കും. വ്യക്തി വിഡ്ഢിയാകണമെന്നി ല്ലെങ്കിലും വ്യക്തികളുടെ സംഘടനയായ സമൂഹം അഥവാ ജനക്കൂട്ടം (സാങ്കേതികാൎത്ഥത്തിൽ അതിനെ നാം Mass എന്നോ Mob എന്നോ people എന്നോ മനസ്സി ലാക്കണം) അന്ധരുടെയും ഭയങ്കരവിഡ്ഢികളുടെയും സംഘമാണ്. ബുദ്ധിശൂന്യതയ്ക്കും അസംബന്ധത്തിനും ദുൎഗ്ഗന്ധംവമിക്കുന്ന വഷളത്തത്തിനും അവർ കൊടിപിടിക്കു ന്ന സ്വഭാവക്കാരാണ്. ചുമടെടുക്കുവാനുള്ള കോവർകഴു തയുടെ വാസനയെ മാററാൻ കഴിഞ്ഞാൽ ഇവരുടെ വി ഡ്ഢിത്തത്തെയും പരിഹരിക്കാം. സാമാന്യജനത്തിന് സാമാന്യജനമായി നിന്നുകൊണ്ട് ഒരു ബുദ്ധിമാനെ പിന്തു ടരുവാൻ കഴികയില്ല. കാണുന്നവനും കാണാത്തവനും അ റിയുന്നവനും അറിയാത്തവനും തമ്മിലുള്ള അന്തരം അവ ർതമ്മിലുണ്ട്.

പ്രോളിറേറിയൻകൾച്ചറ(ജനകീയസംസ്കാരം അഥ വാ തൊഴിലാളിസംസ്കാരം)ണ് അവരുടെ സംസ്കാരം. ബൂർഷാവൎഗ്ഗമെന്ന് വിളിക്കപ്പെടുന്ന മതാധികാരികളുടെ യും മുതലാളികളുടെയും സംഘമായ മേൽവൎഗ്ഗക്കാരോടുള്ള വിരോധത്തിൽനിന്നാണ് 'ജനസംസ്കാരം' അതിൻെറ ആ വേശങ്ങളെയും സിദ്ധാന്തങ്ങളെയും സൃഷ്ടിക്കുന്നതു്. വൎഗ്ഗ സമരത്തിനും വ്യാവസായികവിപ്ലവത്തിനും സാമൂഹ്യപ്ര ക്ഷോഭണങ്ങൾക്കും മുൻപുമുതൽക്കേ നിലനിന്നുവരുന്ന എ ല്ലാ സംസ്കാരങ്ങളിൽനിന്നും മൗലികമായി വ്യത്യസ്തമായ സംസ്കാരമാണ് പ്രോളിറേറിയൻ കൾച്ചർ. അതിൻെറ അസ്ഥിവാരം മാർക്സിസത്തിൻെറ അല്ലെങ്കിൽ അതിനെ ഒ ന്നുകൂടി വികസിപ്പിക്കയും പരിപോഷിപ്പിക്കയും ചെയ്ത ലെനിനിസത്തിൻെറ ജീവിതസിദ്ധാന്തങ്ങളാണ്. അതു് ഡയലക്ടിക്കൽ മെറീരിയലിസത്തിൻെറ ഏററവും പരി ഷ്കൃതമായ പതിപ്പാണ്. മതഭ്രാന്തിൽ ഇത്രത്തോളം അ ടിയുറച്ചിട്ടുള്ള ഒരു നിയമസംഹിതയില്ല. ഫനട്ടിസിസ

(മതഭ്രാന്തു്)ത്തിൻെറ ഏററവും വികൃതമായ ഭാവവും കോലവുമാണു് അതിനുള്ളതു്. വികാരപരവും ഭാവനാപരവുമായ ജീവിതത്തിൻെറ മൃദുലതരമായ വാസനകളെ നിരുത്സാഹപ്പെടുത്തിക്കൊണ്ടും വററിക്കൊണ്ടും പടൎന്നുപിടിക്കുന്ന ഭൗതികതൃഷ്ണയെ ഉദ്ദീപിപ്പിച്ചുകൊണ്ടു വ്യാപരിക്കുന്ന വ്യാവസായവല്ക്കരണം ഈ മതഭ്രാന്തിനെ ഉണ്ടാക്കുകയാണു ചെയ്യുന്നതു്. ഈ രാഷ്ട്രീയസാമുഹ്യപ്രസ്ഥാനത്തിൻെറ പ്രചാരകന്മാരിൽ പെടുന്ന പല നിരൂപകന്മാരും കോമളകലകൾക്കും സംഗീതത്തിനും ഉള്ള പദവിയെ തെററിദ്ധരിച്ചു് അവയെ ബോധശൂന്യരായി അധിക്ഷേപിച്ചിട്ടുണ്ടു്. കലകളും സംഗീതവും വ്യക്തികൾക്കല്ലാതെ ജനങ്ങൾക്കു വേണ്ടിയുള്ളതല്ലെന്നും അവകൊണ്ടു് പുരോഗതിക്കു യാതൊന്നും ലഭിക്കാനില്ലെന്നും വാദിച്ചിരുന്നു. പ്രോലിറേറിയൻ സംസ്കാരത്തിൻെറ താല്പൎയ്യങ്ങൾക്കും ആവശ്യങ്ങൾക്കും പ്രയോജനപ്പെടുത്താത്ത എല്ലാററിനേയും ഇന്നത്തെ വിജ്ഞാനപ്രസ്ഥാനങ്ങളിൽനിന്നു് നീക്കംചെയ്യണമെന്നു വാദിച്ചിരുന്ന ചില സഖാക്കളുടെ പ്രസ്താവങ്ങളെ സ്റ്റോഡാർഡ് അദ്ദേഹത്തിൻെറ Revolt Against Civilization എന്ന ഗ്രന്ഥത്തിൽ ഉദ്ധരിച്ചിട്ടുണ്ടു്. കേവലം സാമ്പത്തികനിയമങ്ങളും രാഷ്ട്രീയസിദ്ധാന്തങ്ങളും സാൎവ്വത്രികമായ മനുഷ്യജീവിതത്തിനു് ഒരു തത്വം സൃഷ്ടിക്കുവാൻ അനുവദിക്കപ്പെടുന്നതുകൊണ്ടുള്ള തരക്കേടുകൾ ഇക്കാലത്തു വ്യക്തമായി കാണുവാൻകഴിയും.

ഇന്നത്തെ dogmatic communism വികാരപരവും ഭാവനാപരവും ആയ ജീവിതവശത്തെ തകൎക്കുകയും യുക്തിയേയും ബുദ്ധിയേയും അലങ്കോലപ്പെടുത്തുകയുമാണു ചെയ്യുന്നതു്. വിചാരത്തിൻെറയും വികാരത്തിൻെറയും ബാലൻസോടുകൂടി നില്ക്കുന്നവൎക്കു് കമ്മ്യൂണിസത്തിൻെറയോ അപഗ്രഥനപരമായ ഇന്നത്തെ മനഃശാസ്ത്രത്തിൻെറയോ പരിമിതിയിൽനിന്നു് മനുഷ്യനെയും അവൻെറ വ്യാപാര

ങ്ങളെയും സംബന്ധിച്ചു് വിമശ്നപരമായ ഒരു വിധി പ്രസ്താവിക്കാൻ കഴികയില്ല. ഇന്നത്തെ പൂരോഗമനവാദക്കാരിൽ പലരും ഈ പ്രസ്ഥാനങ്ങളെ അന്ധമായി ശരിവയ്ക്കുന്നവരാണു്.

അപഗ്രഥനപരമായ മനഃശാസ്ത്രത്തിൻെറ വളർച്ച വിമർശത്തിൻെറ സാദ്ധ്യതകളെയും വകകളെയും വദ്ധിപ്പിച്ചിട്ടുണ്ടു്. അബോധമനസ്സിൻെറ വ്യാപാരങ്ങളെ വെളിപ്പെടുത്തുവാനുള്ള നവീന മനഃശാസ്ത്രത്തിൻെറ പഠനങ്ങൾ മനുഷ്യൻെറ വ്യക്തിത്വത്തെ മനസ്സിലാക്കുന്നതിനുള്ള പുതിയ മാർഗ്ഗങ്ങളാണു്. അജ്ഞാതമെന്നോ ദുർജ്ഞേയമെന്നോ നാം പരമ്പരയായി വിശ്വസിച്ചുപോന്നിരുന്ന മനസ്സിൻെറ നിഗൂഢവ്യാപാരങ്ങളെ സ്വപ്നവ്യാഖ്യാനമാർഗ്ഗങ്ങൾകൊണ്ടു് ആവിഷ്കരിക്കുവാൻ ഫ്റായിഡും അദ്ദേഹത്തിൻെറ സിദ്ധാന്തങ്ങളുടെ വ്യാഖ്യാതാക്കളും പരിഷ്കൎത്താക്കളും ചെയ്തിട്ടുള്ള സേവനങ്ങൾ വിമശത്തിൻെറ പരിധിയെ ഇന്നു വളരെ വിപുലപ്പെടുത്തിയിട്ടുണ്ടു്. ലൈംഗികബന്ധത്തിനു ജീവിതത്തിലുള്ള പ്രാധാന്യത്തെയും അതിനെ സംബന്ധിച്ച പഠനങ്ങളിൽക്കൂടി മനുഷ്യൻെറ വ്യക്തിത്വത്തെ സമീപിക്കുവാനുള്ള സൗകര്യങ്ങളെയും അദ്ദേഹം വെളിപ്പെടുത്തി. അപഗ്രഥനപരമായ മനഃശാസ്ത്രത്തിൻെറ കണ്ടുപിടിത്തങ്ങളോടുകൂടി മതപരവും ആത്മീയവും സാഹിത്യകലാപരവും ആയ വിമശം അഭൂതപൂൎവ്വമായ ഒരു ദശയിൽ കടക്കുകയാണു ചെയ്യുന്നതു്.

"മൗലികമെന്നു് അവകാശപ്പെടാവുന്നിടത്തോളം പഴയ വിമശം ഒരു ഏടുപ്പു് ആകുന്നു. അതിൻെറ അടിസ്ഥാനങ്ങൾതന്നെ നശിച്ചുപോയിരിക്കുന്നു. വികാരപരന്മാരായ സ്വേച്ഛാധിപതികളുടെ ഒരു രംഗമായിത്തീരുന്നതിൽനിന്നു് അതിനെ നാം വിമോചിപ്പിക്കണമെങ്കിൽ, അമാനുഷികത്വത്തെ വാദിക്കുന്ന തത്വചിന്തയെ സാരമാ

യി പരിവത്തിപ്പിച്ച മററു വിജ്ഞാനപദ്ധതികളുമായി ബ ന്ധിപ്പിക്കണം. പദാത്ഥവിജ്ഞാനീയം ഇങ്ങനെയുള്ള പരി ഷ്കരണങ്ങൾ വരുത്തിക്കൊണ്ടിരിക്കയാണു്. എന്നാൽ സാ ഹിത്യവിമശ്കനെ സംബന്ധിച്ചിടത്തോളം മനഃശാസ്ത്രം വളരെ പ്രധാനമാണു്." 13

സാഹിത്യകലാകൃതികളെ വിമശിക്കുന്നതിൽ ഹെർബെ ട്ട്റീഡ് മുതലായ ഇന്നത്തെവിമശ്കന്മാർ മാനസികാപഗ്ര ഥനസമ്പ്രദായത്തെ അഭിനന്ദനീയമായി പ്രയോഗിച്ചിട്ടുള്ള വരാണു്. മാനസികാപഗ്രഥനത്തിൻെറ വളച്ചയോട്ടുകൂടി കല, വിമശം, കലാകാരൻെറ വ്യക്തിത്വം എന്നിവയെ സ മീപിക്കുവാൻ നമുക്കു കൂടുതൽ വഴിതെളിഞ്ഞിട്ടുണ്ടു്. ഫ്റായിഡിനുമുമ്പുള്ള കലാവിമശത്തിനും അദ്ദേഹത്തി ൻെറ 'അഹന്തയും വ്യക്തിത്വവും' (Ego and persona- lity) എന്ന കൃതിക്കും അതുപോലുള്ള മററു പഠനങ്ങൾക്കും പിൻപുള്ള കലാവിമശത്തിനും മൗലികമായ അന്തരം ഉണ്ടു്.

ബോധമനസ്സ്, ബോധാതീതമനസ്സ്, ഉപബോധമനസ്സ് ഇങ്ങനെ മനസ്സിനെ ഫ്റായിഡ് മൂന്നായി തരംതിരിക്കുന്നു. ബോധമനസ്സിൻെറ അവസ്ഥയെ പ്രാപിക്കാൻ കഴിയുമാറു് അന്തർല്ലീനമായിരിക്കുന്ന ഒന്നാണു് ബോധാതീതമനസ്സ്. രോഗശമനോപാധികളെന്ന നിലയിൽ പ്രയോഗിക്കപ്പെട്ടു ന്ന സമ്പ്രദായങ്ങൾകൊണ്ടു ബോധമനസ്സിൻെറ അവസ്ഥയി ലെത്തിക്കപ്പെടാവുന്ന ഒന്നാണു് ഉപബോധമനസ്സ്. ഈ ഉപബോധമനസ്സിൻെറ വ്യാപാരങ്ങൾ പ്രകടിതമായി കാ ണുന്നതു് സ്വപ്നങ്ങളിലും സാഹിത്യകലകളിലും മതത്തിലും മിസ്റ്റിസിസത്തിലും ദൈനംദിനജീവിതത്തിലെ സാധാരണ തെററുകൾ മറവികൾ എന്നിവയിലും ആകുന്നു. പുരാത

13 Herbert Read Selected Essays in Literary Criticism.

നനിവാസികളുടെ കെട്ടുകഥകൾ, നാടോടിപ്പാട്ടുകൾ എന്നിവയിലും ഉപബോധമനസ്സിന്റെ വ്യാപാരങ്ങൾ നിഴലിക്കുന്നു. മററു മനഃശാസ്ത്രസമ്പ്രദായങ്ങളിലൊന്നിനും കഴിഞ്ഞിട്ടില്ലാത്തവിധത്തിൽ. മാനസികാപഗ്രഥനസമ്പ്രദായത്തിനു് ഉപബോധമനസ്സിന്റെ വ്യാപാരങ്ങളെ കണ്ടുപിടിക്കുവാൻ സാധിക്കുന്നുവെന്നതു് സുസമ്മതമായ ഒരു പരമാർത്ഥമാകുന്നു.

ഈഗോ, സൂപ്പർഈഗോ, ഇദ് എന്നിവകൊണ്ടാണു് ഒരു വ്യക്തിയുടെ മനോമണ്ഡലത്തെ ഫ്റായിഡ് തരംതിരിക്കുന്നതു്. ജന്മവാസനാപരമായ അഭീഷ്ടങ്ങളുടെ (instinctive desiVes) ആകെത്തുകയാണു് ഇദ്. ജന്മവാസന അതിൽ ചൈതന്യംനിറയ്ക്കുന്നു. എന്നാൽ അതിനു് ഏകീകരണമോ സംഘടനയോ ഇല്ല. ജന്മവാസനാപരമായ ആവശ്യങ്ങളെ സംതൃപ്തമാക്കുവാനുള്ള , ഒരു പ്രേരണയേ അതിനുള്ളു. 'പ്രകൃത്യാ, ഇദ് എന്നതു മൂല്യങ്ങളെയോ നന്മതിന്മകളെയോ സദാചാരത്തെയോ അറിയുന്നില്ല.' ഈഗോ മാനസികവ്യാപാരത്തിന്റെ പരസ്പരസംസക്തമായ ഒരു സംഘടനയാകുന്നു. ഈഗോ യുക്തിക്കും, ഇദ്, ഇണങ്ങാത്ത—കുതറിനിൽക്കുന്ന—വികാരത്തിനുംവേണ്ടി നിലകൊള്ളുന്നു. ഈ ഈഗോ നമ്മിൽ വളരുന്നതെങ്ങനെ? ജന്മവാസനകളും ബാഹ്യലോകവും അല്ലെങ്കിൽ യാഥാർത്ഥ്യവും തമ്മിലുള്ള ഏകീകരണത്തിന്റെ സിദ്ധാന്തമാണു് ഈഗോ. ബാഹ്യലോകത്തിന്റെ അധീനശക്തിയാൽ പരിഷ്കൃതമായ ഇദിന്റെ ഒരു ഭാഗമാണു് ഈഗോ എന്നും പറയാവുന്നതാണു്. കലാപരമായ സൃഷ്ടികൾക്കു് ഈഗോയോടും സദാചാരപരവും സാമൂഹ്യവുമായവസ്തു സൂപ്പർ ഈഗോയോടും ഉള്ള ബന്ധത്തെ ഫ്റായിഡ് വെളിപ്പെടുത്തിയിട്ടുണ്ടു്. എന്നാൽകലാപരമായ പ്രചോദന(inspiration)ത്തിന്റെഉല്പത്തി 'ഇദ്'' ആകുന്നു. യുക്തിക്കു ചേരാത്ത കലാസ്വഭാവവും രഹസ്യാത്മകത്വവും നൽകുന്നതു് ഈ ഇദ്ത

ന്നെയാണു്. മനോമണ്ഡലത്തിന്റെ ഇരുണ്ടുകിടക്കുന്ന വശമായ ഇദ്ദിൽനിന്നാണു കലാകാരനു് അവന്റെ വാഗ്വിലാസപരമായ ആവേശങ്ങളും പ്രേരണങ്ങളും ലഭിക്കുന്നതു്. ആത്മീയാഭിനിവേശങ്ങളും തൽസംബന്ധമായ ഉന്നതാഭിലാഷങ്ങളും ആദർശപരമായ അഭിവാഞ്ഛകളുമെല്ലാം സൂപ്പർ ഈഗോയുടെ പ്രത്യേകസൃഷ്ടികളാകുന്നു. കലാകാരന്റെയും മിസ്റ്റിക്കിന്റെയും സവിശേഷതകളെ ഫ്റായിഡ് പ്രസ്തുത സംജ്ഞകൾകൊണ്ടു വിവരിക്കുന്നു. കലാകാരന്റെ പ്രകൃതത്തെപ്പററി ഫ്റായിഡ് ഇങ്ങനെ പ്രസ്താവിക്കുന്നു:

"ജന്മവാസനയുടെ ഉച്ചൈസ്തരമായ ആവശ്യങ്ങളുടെ പ്രേരണകൾ ഏല്ക്കുന്ന ഒരുവനാണു കലാകാരൻ. അവൻ, ബഹുമതി, അധികാരം, സമ്പത്തു്, കീർത്തി, സ്ത്രീകളോടുള്ള പ്രണയം എന്നിവയെ നേടുവാൻ ആഗ്രഹിക്കുന്നു. എന്നാൽ ഈവിധം സംതൃപ്തി നേടുവാനുള്ള മാർഗ്ഗങ്ങൾ അവനു ലഭിക്കുന്നില്ല. അതിനാൽ അസംതൃപ്തമായ അഭിലാഷത്തോടെ യാഥാർത്ഥ്യത്തിൽനിന്നു പിന്തിരിയുകയും തന്റെ അഭീഷ്ടങ്ങളെയും ലൈംഗികാഭിനിവേശങ്ങളെയും ഭാവനാപരമായ ജീവിതത്തിലെ മോഹങ്ങളുടെ സൃഷ്ടികളിലേയ്ക്കു മാററുകയും ചെയ്യുന്നു.

Odipus Complex or Mother Image, Libido Repression എന്നിവയെക്കുറിച്ചുള്ള വിശാലപഠനം കൊണ്ടു് നമുക്കു പല കൃതികളെയുംസംബന്ധിച്ചു് നവീനവസ്തുതകളും സത്യങ്ങളും വെളിപ്പെടുത്തുവാൻ കഴിയുന്നു. സ്വപ്നവ്യാഖ്യാനത്തിനു നമുക്കു ഫ്റായിഡ് നൽകിയിട്ടുള്ള മാർഗ്ഗങ്ങൾ കലാകാരന്മാരുടെയും ചിത്തരോഗികളുടെയും വ്യക്തിത്വത്തെ സംബന്ധിച്ച പല രഹസ്യങ്ങളും പ്രകാശിപ്പിക്കുന്നു. ഡാക്ടർ വിൽഹെംസ്റ്റീക്കെലിന്റെ "കലാകാരന്മാരുടെ സ്വപ്നങ്ങൾ" പൊതുവിൽ പല കലാസൃഷ്ടികളെയും സമീപിക്കുവാനുള്ള പുതിയ സരണികളെ തുറന്നു

തരുന്നു. ഭാന്തി, മിൽട്ടൺ, സ്ത്രിൻഡ്ബെർഗ് മുതലായവരുടെ നരകസ്വർഗ്ഗങ്ങളെ നവീനരീതിയിൽ ഇന്നു നമുക്ക് നിരൂപിക്കാൻ കഴിയുന്നു. ഷേക്സ്പീയരുടെ ഹാംലെററ്, ഗ്രീൻ പാർസറിൻെറ Traum cin Leben എന്നീ നാടകങ്ങളെസംബന്ധിച്ച് ജോൺസും സ്റ്റീക്കെലും നടത്തിയിട്ടുള്ള അപഗ്രഥനപരമായ വിമർശംകൊണ്ടു് അതുവരെ നാം അറിയാതിരുന്ന പല കാര്യങ്ങളും വെളിപ്പെട്ടുകയുണ്ടായി.

എന്നാൽ വ്യക്തിഗതമാണെന്ന നിലയിലും ഏകപക്ഷീയമാണെന്നനിലയിലും പരിമിതമെന്ന നിലയിലും ഫ്റായിഡൻമനഃശാസ്ത്രത്തെ ഇന്നു പ്രധാനികളായ പല മനഃശാസ്ത്രജ്ഞന്മാരും വിമർശകന്മാരും ചിന്തകന്മാരും ഫലപ്രദമായി എതിർത്തിട്ടുണ്ടു്. അവരുടെ ഗണനയിൽ യുങ്, ആഡ്ലെർ, മാക്ഡൂഗെൽ, ബർട്റാൻഡ്റസ്സൽ, കാഡ്വെൽ എന്നിവർ ഉൾപ്പെട്ടുന്നു. ഫ്റായിഡിൻെറ പക്ഷക്കാരിൽ അതിപ്രമുഖനായ ഡാക്ടർ സ്റ്റീക്കെൽതന്നെ ഫ്റായിഡിൻെറ പല പരിമിതികളെയും പോരായ്മകളെയും ചൂണ്ടിക്കാണിക്കയും അവയിൽ പലതിനെ തിരുത്തുകയും ചെയ്തിട്ടുണ്ടു്. ഒരുകാര്യം രീച്ച്യയാണു്. മാനസികസാമ്രാജ്യത്തിലെഗവേഷണങ്ങളെ കൂടുതൽ കൂടുതൽ വിപുലപ്പെടുത്തിക്കൊണ്ടിരിക്കുന്ന മാനസികാപഗ്രഥനസമ്പ്രദായം വിമർശത്തിനുള്ള കഴിവുകളെയും കോപ്പുകളെയും വർദ്ധിപ്പിച്ചുകൊണ്ടാണിരിക്കുന്നതു്. "പൊതുസിദ്ധാന്തങ്ങളുടെ കണ്ടുപിടിത്തത്തിൻെറയും വിശദീകരണത്തിൻെറയും ശുദ്ധീകരണവ്യാപാരമാണു് വിമർശം. എന്നാൽ മനുഷ്യമനസ്സിൻെറ അജ്ഞാതവും അപരിചിതവും ആയ മാർഗ്ഗങ്ങളിലേയ്ക്കു നമ്മെ നയിക്കുന്ന ഒരു സഞ്ചാരത്തിനു നാം തയാറായിരിക്കണം." 14

14 Herbert Read : Collected Esays in Library Criticism

ജനകീയാധിപത്യ(Democracy)ത്തെ അവലംബിച്ചുകൊണ്ടുള്ള വിമർശസമ്പ്രദായങ്ങളോട് ഇന്നത്തെ ലോകത്തിൽതന്നെ അതിശക്തമായ എതിർപ്പുകളുണ്ട്. ജനാധിപത്യത്തെ വകവെച്ചുകൊടുക്കരുതെന്നോ അതിന്റെ വീക്ഷണകോടിയിൽനിന്നു നിരീക്ഷിക്കരുതെന്നോ അല്ല ഈ എതിർപ്പുകാരുടെ അഭിമതം. എന്നാൽ ജനാഭിരുചികൾ എന്നു പറയപ്പെടുന്ന വസ്തുക്കൾ അന്ധമായി കീഴടങ്ങുകയും അതിനനുസരിച്ച് ആശയഗതിയേയും അഭിപ്രായഗതിയേയും നിയന്ത്രിക്കുകയും ചെയ്യുന്നതിനെ അവർ ഭത്സിക്കുന്നു. ആധുനികയൂറോപ്യൻചിന്തയിൽ വലിയ പ്രക്ഷോഭം കലർത്തിയിട്ടുള്ള നിഷെ ഡെമോക്രസിയേയും സോഷ്യലിസത്തേയും നിഷ്കരുണം വിധ്വംസിക്കയൊണു ചെയ്യുന്നതു്. ഡെമോക്രസിയെ ചൊല്ലി പല വിമർശകന്മാരും ചിന്തകന്മാരും ധാരാളം വിഷളത്തങ്ങളെ വലിച്ചുകൊണ്ടു വന്നിട്ടുണ്ടു്. സ്ഥാപിതതാല്പര്യക്കാരായ വ്യക്തികളുടെയും അവരുടെ സംഘങ്ങളുടെയും കൊടിയ അധർമ്മങ്ങളാണു് സാമൂഹ്യപ്രസ്ഥാനങ്ങളെയും ജനകീയസ്ഥാപനങ്ങളെയും ഉദയം ചെയ്യിച്ചിട്ടുള്ളതു്.

സ്കെപ്ടിസിസത്തിന്റെ പ്രബലമായ സ്വാധീനശക്തി ആധുനികവിമർശത്തിൽ പ്രത്യക്ഷമായും അപ്രത്യക്ഷമായും കലർന്നിട്ടുണ്ടെന്നു പറഞ്ഞാൽ നാം എന്താണു മനസ്സിലാക്കുന്നതു്!

ഇന്നുവരെ നമുക്കു ലഭിച്ചിട്ടുള്ള ഒന്നിലും വിശ്വസിക്കാതെ എല്ലാററിനെയും സംശയത്തോടുകൂടി വീക്ഷിക്കുന്ന ഒരു പ്രസ്ഥാനക്കാരാണു് സ്കെപ്ടിക്കുകൾ എന്നു പറയുന്നതു ശരിയല്ല! അവരെ സന്ദേഹവാദികളെന്നോ സംശയാലുക്കളെന്നോ അവിശ്വാസികളെന്നോ വിളിക്കുന്നതും ശരിയല്ല. എന്നാൽ നിരൂപകദൃഷ്ടിയോടെയല്ലാതെ ഒന്നിനെയും സമീപിക്കയില്ല. ഏതെങ്കിലുംവിധത്തിലുള്ള അറിവിന്റെ സാധുതയേയും അസാധുതയേയും

പരീക്ഷിച്ചറിഞ്ഞതിനുശേഷമേ അവർ അതേപ്പററി എന്തെങ്കിലും ചെയ്കയുള്ളു. ഭൂരിപക്ഷം ശരിവെക്കുന്നതു നിമിത്തം ഒരു കാര്യം ശരിയാവണമെന്നു വിധിക്കുന്ന കൂട്ടരല്ല സ്കെപ്ടിക്കുകൾ! അവർ വിജ്ഞാനത്തിന്റെ അന്വേഷകന്മാരും കണ്ടുപിടിത്തക്കാരും ആകുന്നു. പൊതുവെ പറയുകയാണെങ്കിൽ ഇന്നത്തെ എണ്ണമററ പ്രസ്ഥാനങ്ങളെ അവർ ഒന്നോടെ തള്ളുകയോ കൊള്ളുകയോ ചെയ്യുന്നില്ല.

സ്കെപ്ടിസിസത്തെ ഏററവും ചിന്താർഹമാംവണ്ണം പരിപോഷിപ്പിക്കയും അതിനു വിശാലമായ അർത്ഥം നല്കുകയും ചെയ്തിട്ടുള്ള ഇന്നത്തെ ചിന്തകന്മാരിൽ ഏററവും പ്രധാനി ബർട്റാൻഡ് റസ്സലാണ്.

സ്കെപ്ടിക്കുകൾ ഇന്നന്നെഅർത്ഥത്തിൽ വിപ്ലവകാരികളോ അമിതവാദികളോ അല്ല. റസ്സൽ ഇങ്ങനെ എഴുതുന്നു:

"ഞാൻ വാദിക്കുന്ന സ്കെപ്ടിസിസം ഇതാണ്: 1. ഒരു കാര്യത്തിൽ വിദഗ്ദ്ധന്മാർ (experts) യോജിച്ചാൽ അവക്കെതിരായിട്ടുള്ള അഭിപ്രായം ശരിയാണെന്നു ഗണിക്കപ്പെട്ടുകൂടാ. 2. വിദഗ്ദ്ധന്മാർ വിയോജിച്ചാൽ, വിദഗ്ദ്ധന്മാരല്ലാത്തവരുടെ അഭിപ്രായം ശരിയാണെന്നു വിചാരിച്ചുകൂടാ. . ഒരു അഭിപ്രായത്തിന് മതിയായ പശ്ചാത്തലമില്ലെന്ന് അവരെല്ലാവരും ഒന്നിച്ചു ഗണിക്കയാണെങ്കിൽ അതേപ്പററി സാധാരണക്കാരനായ ഒരുവൻ ഒന്നും തീർച്ചപ്പെടുത്താതിരിക്കുന്നതാണ് നല്ലതു്. ........ ഇതു് വളരെ അശക്തമെന്ന് തോന്നപ്പെടാം, എന്നാൽ അംഗീകൃതമായാൽ ഇതു മനുഷ്യജീവിതത്തെ വിപ്ലവത്തിനു വിധേയമാക്കാതിരിക്കയില്ല." [15]

15 B. Russel: Sceptical Essays

വിമശ്ചരിത്രത്തിലെ ക്ലാസിക്സ്പിരിട്ടും മദ്ധ്യകാലവും നവോത്ഥാനദശയും സംരക്ഷിച്ചുപോന്ന മനുഷ്യവിജ്ഞാനത്തിൻെറ അസ്ഥിവാരങ്ങൾ മിയ്ക്കവാറും തകൎന്നുപോയിരിക്കുന്നുവെന്നു വാദിക്കുന്നവരാണു് ഇന്നത്തെ വിദഗ്ദ്ധന്മാരിൽ ഭൂരിഭാഗവും എന്നു നിസ്സന്ദേഹം പ്രസ്താവിക്കാം.

മനുഷ്യവിജ്ഞാനത്തിൻെറ അടിത്തറയ്ക്കു സംഭവിച്ച പരിവൎത്തനത്തെ നോക്കുമ്പോൾ മുൻകാലങ്ങളിലെ വിമശ്കന്മാരുടെ വിധിപ്രസ്താവങ്ങളെ നമുക്കു് ഇന്നു് അംഗീകരിക്കാൻ കഴിയാതെയാണു വരുന്നതു്. എന്നാൽ വിമശ്ത്തിൽ അവർ പ്രകടിപ്പിച്ചിട്ടുള്ള നൈപുണിയും കലാപരമായ അഭ്യാസങ്ങളും ഇന്നും നമ്മുടെ ആസ്വാദനത്തിലും പ്രശംസയിലും ജീവിക്കുന്നു. കഴിഞ്ഞ കാലങ്ങളിൽ ഏററവും വാഴ്ത്തപ്പെട്ട നിരൂപകന്മാർ ഇക്കാലത്തു വാഴ്ത്തപ്പെടാതിരിക്കുന്നുവെങ്കിൽ അതിൻെറ കാരണം താല്പൎയ്യങ്ങൾക്കും അറിവിനും നേരിട്ട സാരമായ പരിവൎത്തനമാണു്. ഇന്നത്തെ അറിവിൻെറ വികാസത്തെ വെച്ചുകൊണ്ടു് അവരെ നാം അധിക്ഷേപിക്കുന്നതു ശരിയല്ല. അതുപോലെ അവരെ അംഗീകരിക്കുന്നതും ശരിയല്ല.

1904-ൽ ജാൎജ്ജ് സെയിൻസ്ബറി 'ഇന്നത്തെ വിമശ്ത്തിൻെറ ദശ'യെപ്പററി ഇങ്ങനെ എഴുതി:

"രാത്രിയിലെ ഏററവും ആപല്ക്കാരികളായ ശത്രുക്കൾ മുൻപു് എന്നപോലെ ഇന്നും സിംഹങ്ങളോ സൎപ്പങ്ങളോ അല്ല; എന്നാൽ തൻെറ ദൗർബ്ബല്യത്തെ വിനിയോഗിച്ചുകൊണ്ടു ചതിക്കയും വഴി തെററിക്കയും ചെയ്യുന്ന മോഹനവിദ്യക്കാരാണു്.... .. ഒരു സുവൎണ്ണദശയുടെ ആശയത്താൽ ഒരുകാലത്തു്—അതായതു് വളരെക്കാലത്തിനു മുൻപു്—വിമശം പ്രേതബാധിതമായിരുന്നുവെന്നു നാം വീണ്ടുംവീണ്ടും കാണുകയുണ്ടായി. അക്കാലത്തു കവിക

ളെല്ലാം പുണ്യാത്മാക്കളായിരുന്നു. വിമർശകന്മാരെല്ലാം അവരെ സംബന്ധിച്ച ന്യായമായ വിധി പ്രസ്താവിച്ചു.

"ഒരുകാലത്തെയും വിമർശം ഒന്നോടെ അലസമോ ഒന്നോടെ പരിത്യാജ്യമോ അല്ലെന്നും നാം കണ്ടു. പഴയ കാലഘട്ടങ്ങളും പഴയ ആളുകളും കേവലം നിഴലുകളല്ലെന്നും എന്നാൽ പുതിയവരെ അപേക്ഷിച്ച് അവർ കൂടുതൽ ഒർജിനാലിററിയുള്ളവരായതുകൊണ്ടു കൂടുതൽ യഥാർത്ഥരാണെന്നും നാം മനസ്സിലാക്കി.........!. എന്നാൽ പുതിയൊരു നിരൂപണപദ്ധതിയുടെ പ്രയോഗംകൊണ്ടു വിമർശത്തിൻെറ വ്യക്തിത്വം ഗണനീയമായി വികസിക്കയും പരിപോഷിക്കയും പ്രബലമാകുകയും ചെയ്തിട്ടുണ്ട്. കവിയും നിരൂപകനും തമ്മിലുള്ള പഴയ എതിർപ്പ് ഇപ്പോൾ ഇല്ലാതായി. എന്നാൽ അതു് ഒരു നിയമമായിട്ടല്ല നിലനിന്നതു്. വിമർശത്തിൻെറ ചില ഗുണങ്ങൾക്കു് അതു് ആഴം നൽകിയിരുന്നു........" [16]

വിശ്വസാഹിത്യത്തിലെ വിമർശത്തിൻെറ ചരിത്രം എഴുതിയിട്ടുള്ള മറെറാരു പ്രശസ്തസാഹിത്യനിരൂപണചരിത്രകാരൻ പഴയ വിമർശത്തിൻെറ ലക്ഷണത്തെ ഇങ്ങനെ വെളിപ്പെടുത്തുന്നു:

"അനുകരണം, സിദ്ധാന്തം, നിയമം, ഫലിതം, യുക്തി, അഭിരുചി എന്നിവ ഓരോ അവസരത്തിൽ റൊമാൻറിക്പ്രസ്ഥാനംവരെ, വിമർശത്തിലെ പ്രധാന നിയമമായിരുന്നു. ഇവയെല്ലാം സൃഷ്ടിപരമായ ഭാവനയുടെ സിദ്ധാന്തത്താൽ അധിരോഹണം ചെയ്യപ്പെട്ടു. ആദ്യത്തെ മൂന്നും നവോത്ഥാനദശയിലെ കവികൾ കടന്നുപോയ ദശകളെ പ്രതിനിധീകരിക്കുന്നു. അവസാനത്തെ മൂന്നും അതി

16 G. Saintsburry: A History of Criticism Vol. III (Modern Criticism)

ൻെറ അധഃപതനത്തെയും നാശത്തെയും തെളിയിച്ച ദശകളെയും." [17]

അനേകം വിമശ്പ്രസ്ഥാനങ്ങളും അനേകമനേകം വിമശ്കന്മാരും നമ്മെ കടന്നുപോയി. അവയുടെയും അവരുടെയും ഒരു സ്ഥിതിവിവരക്കണക്ക സംപൂണ്ണമായി കാണിച്ചാൽ അതിൻെറ വലിപ്പം നമ്മെ ആശ്ചയ്യപ്പെടുത്തും. സെയിൻസ്ബറി ഏഴുകൊല്ലക്കാലംകൊണ്ട് മൂന്നു വാല്യങ്ങളായി എഴുതിയിട്ടുള്ള വിമശ്സാഹിത്യത്തിൻെറ ചരിത്രത്തിൽ മിക്കവാറുമുള്ള വിമശ്കന്മാരെയും അവർ അനുഷ്ഠിച്ച കൃത്യങ്ങളുടെ ചുരുക്കത്തെയും ഉൾക്കൊള്ളിച്ചിട്ടുണ്ട്. രണ്ടായിരം കൊല്ലത്തെ വിമശത്തിൻെറ ചരിത്രം തൻെറ ആദ്യത്തെ ഭാഗത്തിലും പതിനേഴും പതിനെട്ടും ശതാബ്ദങ്ങളിലെ വിമശത്തെ രണ്ടാമത്തെ ഭാഗത്തിലും പത്തൊൻപതാംശതാബ്ദത്തിലേതിനെ മൂന്നാമത്തെതിലും സംഗ്രഹിച്ചിട്ടുണ്ട്. ഇ. എഗ്ഗെറിൻെറ ഗ്രീക്കവിമശത്തിൻെറ ചരിത്രം സ്പിൻഗാണിൻെറ 'നവോത്ഥാനദശയിലെ സാഹിത്യവിമശചരിത്രം' 'പതിനേഴാംശതാബ്ദത്തിലെ സാഹിത്യവിമശം' എന്നീ ഗ്രന്ഥങ്ങൾ വിമശത്തെപ്പററിയുള്ള വിശിഷ്ടഗ്രന്ഥങ്ങളിൽ മുന്നിട്ടുനിൽക്കുന്നു.

വിമശ്കന്മാരിൽ ഭൂരിഭാഗവും, ടി. എസ്. ഇലിയട്ട് പറയുന്നതുപോലെ, ഒടുവിലത്തെ നിരൂപകനായകൻെറ അഭിപ്രായങ്ങളെ ഏററുപറയുന്നവരാണ്. ഒരു വിമശകൻെറ പ്രധാന ചുമതലകളായ താരതമ്യപഠനവും അപഗ്രഥനവും നടത്തിയിട്ടുള്ള വിമശ്കന്മാർ ദുർല്ലഭമാകുന്നു.

പഴയ സിദ്ധാന്തത്തെയോ പുതിയ സിദ്ധാന്തത്തെയോ ഏതിനെയെങ്കിലും അവലംബിച്ചുകൊള്ളട്ടെ, വിമശനം ജീവിതത്തെ പ്രഖ്യാപിക്കണം. അറിയുകയും നിരീ

---

17 A Spingarn; Literary Criticism in the Ranaissance

ക്ഷിക്കയും അനുഭവിക്കയും ദശ്നംകൊള്ളുകയും ചിന്തിക്കയും ചെയ്യുന്ന മനുഷ്യശക്തിയുടെ പ്രഖ്യാപനങ്ങളാണു് അതിൽനിന്നു നാം കേൾക്കേണ്ടതു്.

## ഭാഷയിലെ വിമശ്ശം.

ആധുനികഭാഷാവിമശ്ശത്തെപ്പററി അഭിമാനിക്കുവാനോ അഭിനന്ദിക്കുവാനോ അല്ല, അധിക്ഷേപിക്കുവാനാണു കൂടുതൽ മാഗ്ഗങ്ങളുള്ളതു്. ഇയ്യിടെമുതല്ക്കു് പുതിയ താല്പൎയ്യങ്ങളെയും പുതിയ സമ്പ്രദായങ്ങളെയും അവലംബിച്ചുതുടങ്ങിയിരിക്കുന്ന നമ്മുടെ വിമശ്സാഹിത്യം നിരൎത്ഥകമായ സ്തുതിപാഠങ്ങളുടെയും നിരൎത്ഥകമായ ശകാരവഷങ്ങളുടെയും അവസ്ഥയെ വിട്ടുയന്നിട്ടുണ്ടോ എന്നു സംശയിക്കുന്നു.

ദിക്കാലഭേദം കൂടാതെ, വിശ്വസാഹിത്യത്തിലെ വിമശ്കന്മാരെയും അവരുടെ നേട്ടങ്ങളെയും പററി പറയുവാൻ നമുക്കു് ആളുകളുണ്ടു്. എന്നാൽ അവരിലാരുടെയും വിശിഷ്ടസ്വഭാവത്തെയോ സാമൎത്ഥ്യത്തെയോ അപൂവ്വസിദ്ധികളെയോ അനുസ്മരിപ്പിക്കാൻ കഴിവുള്ള വിമശ്കന്മാർ നമുക്കില്ല. എന്നിരുന്നിട്ടും നമുക്കു് ഒന്നാംതരം വിമശ്ശങ്ങളുണ്ടെന്നും ഒന്നാംതരം വിമശ്കന്മാരുണ്ടെന്നും നമ്മിൽ പലരും ഇപ്പോഴും അഭിമാനിക്കുന്നു. നമുക്കു് നമ്മുടെ കുററങ്ങളെയും കുറവുകളെയും തെററുകളെയും സമ്മതിച്ചുകൊടുക്കാൻ ഭാവമില്ല; അതുപോരാഞ്ഞിട്ടു നമ്മുടെ വൈകല്യങ്ങളെയും അപൎയ്യാപ്തികളെയും ന്യായവൽക്കരിക്കാനും നാം സാഹസപ്പെടുന്നു! അതും പോരാഞ്ഞിട്ടു് അന്യരുടെ മേന്മയെ ആസ്വദിക്കുന്നതിനോ അഭിനന്ദിക്കുന്നതിനോ നാം നമ്മെ അനുവദിക്കാതെ അസഹിഷ്ണുക്കളും ദുരഭിമാനികളുമാക്കി നമ്മിൽത്തന്നെ നമ്മെ അടച്ചിടുകയുംചെയ്യുന്നു. തിന്മ ആരുചെയ്താലും അതിനെ ധൈ

സിക്കുക, നന്മ ആരുചെയ്താലും അതിനെ ആസ്വദിക്കുക എന്ന ഒരു പാരമ്പര്യം ദൗർഭാഗ്യത്താൽ നാം പുലർത്തിവന്നിട്ടില്ല. ആക്രമണചതുരവും സങ്കുചിതവും ആയ കടുത്ത പ്രാദേശികത്വവും അതിനേക്കാൾ കടുത്ത ദേശീയത്വവും നമ്മെ വഞ്ചിക്കയും വഴിതെററിക്കയും ചെയ്യുന്നു.

കട്ടസ്സുകളിൽകിടന്നു് അടഞ്ഞ ഹൃദയംകൊണ്ടും അടഞ്ഞ കണ്ണുകൾകൊണ്ടുമാണു് നാം കാര്യങ്ങളെ അനുഭവിക്കയും കാണുകയും ചെയ്യുന്നതു്. അകമേയും പുറമേയും നമ്മെ മൂടിയിരിക്കുന്ന ആവരണങ്ങളെ നാം അറിയുന്നില്ല. എന്നിട്ടും എല്ലാം അറിയുന്നു എന്നും എല്ലാം കാണുന്നുവെന്നും നാം വിചാരിക്കുകയാണു്. നാം ചരിക്കുന്ന സരണികൾ എല്ലാവരും ചരിക്കേണ്ട സരണികളാണെന്നും നാം വാദിക്കുവാൻ അമാന്തിക്കുന്നില്ല. ഇതെന്തൊരപമാനം! നമ്മുടെ ചുററുപാടിന്നപ്പുറത്തു ലോകമില്ലെന്നും നാം അറിഞ്ഞിട്ടുള്ളതിനപ്പുറത്തൊരറിവില്ലെന്നും ഉള്ള ഭാവമാണു നമ്മെ ഇത്രത്തോളം വിഡ്ഢികളാക്കുന്നതു്. നമ്മുടെ ക്ഷണികമായ ജലകണത്തിനു നാം അഗാധസമുദ്രമെന്നു പേരിടുന്നു. നാം നില്ക്കുന്ന ബിന്ദുസ്ഥലത്തെ നാം ലോകവിശാലതയെന്നു വിളിക്കുന്നു. നമ്മുടെ അശക്തമായ നിസ്തബ്ധസ്പന്ദനങ്ങൾക്കു നാം ആകാശഗർജ്ജനങ്ങൾ എന്നു പറയും. ഇതെന്തൊരു പരിമിതി!. എന്തൊരു പോരായ്മ!

പകവീട്ടാനും പ്രീണിപ്പിക്കാനുമുള്ള പോംവഴികളായിട്ടല്ലാതെ വിമർശത്തെ വിനിയോഗിക്കുന്നവർ നമ്മിലുണ്ടോ എന്നു് ആരായേണ്ടതാണു്. വിമർശിക്കുവാൻവേണ്ടി വിമർശിക്കുന്നവരെ ചിലപ്പോൾ നമ്മൾ ഈ നാട്ടിൽ കണ്ടുവെന്നും പലപ്പോഴും കണ്ടില്ലെന്നും വരും. നമ്മുടെ മെച്ചപ്പെട്ട വിമർശകന്മാർപോലും വിമർശത്തെ ഇന്നു ദുർവ്യയം ചെയ്വാൻ കുതുകികളായി കാണപ്പെടുന്നു. അന്യനോടു പെ

രുമാറാനറിയാത്തവരുടെ മട്ടിൽ കേവലം ചപലവികാരങ്ങളേയും ദുർവിചാരങ്ങളേയും നിയന്ത്രണത്തിൽനിന്നു് അഴിച്ചുവിട്ടുകൊണ്ടു പത്താംതരം ആളുകളായിട്ടാണു് അവർ തങ്ങളുടെ പല വിമൎശങ്ങളിലും പ്രത്യക്ഷപ്പെട്ടു കാണുന്നതു്. വിമൎശകൻെറ കാൎയ്യബോധരാഹിത്യവും വിവരമില്ലായ്മയും ചെയ്യുന്നതിനെക്കാൾ കടുത്ത ദുഷ്ഫലങ്ങൾ അവൻെറ സംസ്കാരശ്ശൂന്യതയും സദാചാരബോധശ്ശൂന്യതയും ചെയ്യുമെന്നുള്ളതിനു നമ്മുടെ ഇന്നത്തെ മിക്ക വിമൎശകന്മാരുടെയും വിമർശങ്ങൾ വേണ്ട തെളിവുകൾ നൽകുന്നു. യഥാൎത്ഥവിമൎശത്തിൽനിന്നും നാം കേൾക്കേണ്ടതു യഥാൎത്ഥമനുഷ്യത്വത്തിൻെറ പ്രഖ്യാപനമാണെന്നു് അമേരിക്കൻനിരൂപകനായ ജാൎജ്ജ് ജീൻനാതൻ പ്രസ്താവിക്കുന്നു. നമ്മുടെ വിമൎശത്തിൽനിന്നു നാം എന്തെങ്കിലും കേൾക്കുന്നുണ്ടെങ്കിൽ അതു യഥാൎത്ഥമനുഷ്യത്വത്തിൻെറ പ്രഖ്യാപനമല്ലെന്നു തീൎച്ച.

വ്യക്തിമാഹാത്മ്യമുള്ളവർ ഇല്ലാത്തിടത്തു് യഥാൎത്ഥവിമൎശം വളരുകയില്ല. വിമൎശത്തിൻെറ മൂല്യം വ്യക്തിമാഹാത്മ്യത്തിൻെറ മൂല്യമാണു്. അതിൻെറ അസ്ഥിവാരത്തിൻെറ ബലാബലം അവൻെറ മാനസികനേട്ടങ്ങളെയും സംസ്കാരത്തെയും അവലംബിച്ചിരിക്കുന്നു. സൂക്ഷ്മമായി പരിശോധിക്കുമ്പോൾ വിമൎശം എന്നതു വ്യക്തിഗതമായ ഒരു കാൎയ്യമാണെന്നു വ്യക്തമാവും. 'തൻെറ വ്യക്തിഗതമായ അഭിപ്രായങ്ങളെ നിയമങ്ങളായി കെട്ടിപ്പൊക്കുവാനാണു് ആത്മാൎത്ഥതയുള്ള ഒരു വിമൎശകൻ പ്രയത്നിക്കുന്ന'തെന്നു് റെമിഡെഗ്രുർമാങ്ങ് പ്രസ്താവിക്കുന്നു. ഒരു അഭിപ്രായം പറയുകയെന്നതോ ഒരു വിധി പ്രസ്താവിക്കുകയെന്നതോ വിമൎശിക്കുക എന്നതാവുകയില്ല. അഭിപ്രായപ്രകടനം വിമൎശമാവുമെങ്കിൽ ഈ ലോകം വിമൎശകന്മാരുടെ ലോകമാണു്. അഭിപ്രായം വിമൎശത്തെയും വിമൎശം

അഭിപ്രായത്തെയും സൃഷ്ടിക്കണം. പലപ്പോഴും അഭിപ്രായംപറയുക എന്നതു് വലിയൊരു കാൎയ്യമല്ല. എന്നാൽ വിമർശിക്കുക എന്നതു എപ്പോഴും വലിയ കാൎയ്യമാണു്. സൃഷ്ടിപരമായ നിയമങ്ങൾ സ്ഥാപിക്കുകയെന്ന ചുമതലയിൽനിന്നു് ഒരു വിമൎശകനു് ഒഴിഞ്ഞുനിൽക്കാൻ കഴികയില്ല. ഈ ചുമതല നിൎവ്വഹിക്കുവാൻ സൃഷ്ടിപരമായ വ്യക്തിമാഹാത്മ്യമാണു വിമൎശകനു് ആദ്യന്തം ഉണ്ടായിരിക്കേണ്ടതു്. വ്യക്തിത്വമില്ലാത്തവനു നിയമം സൃഷ്ടിക്കുവാനും അതിനെ സ്ഥാപിക്കുവാനും കഴിഞ്ഞിട്ടില്ല; കഴികയുമില്ല. അഭിപ്രായങ്ങൾ പ്രകടിപ്പിക്കുന്നതുകൊണ്ടു് ഒരു യഥാൎത്ഥവിമൎശകൻ സംതൃപ്തനാകയില്ലെന്നും അവൻ തന്റെ അഭിപ്രായങ്ങളെ സിദ്ധാന്തങ്ങളായി ബലപ്പിക്കുകയാണു ചെയ്യുന്നതെന്നും മുറൈ പറയുന്നതു ശ്രദ്ധേയമാണു്. സ്വതന്ത്രമായ ഒരു വിചാരസംഘടനയെ ഉൾക്കൊള്ളുന്ന ഒരു നിയമസംഹിതയില്ലാത്ത ഒരു വിമൎശകനും ഒന്നാംതരം വിമൎശകനല്ല. ഈ നിയമസംഹിത അവന്റെ വ്യക്തിത്വത്തിന്റെ ദൎപ്പണവും സൃഷ്ടിയുമാകുന്നു.

ഭാഷാവിമൎശത്തിന്റെ ഏററവും പ്രധാന ഭാഗ്യദോഷം വ്യക്തിമാഹാത്മ്യമുള്ള വിമൎശകന്മാരെ സംബന്ധിച്ചു് അതു് അനുഭവിക്കുന്ന കുറവാകുന്നു. സുദൃഢവും സുന്ദരവും ആയ നിയമങ്ങളുടെ അടിസ്ഥാനത്തെ സ്വതന്ത്രമായി സൃഷ്ടിച്ചിട്ടുള്ള വിമൎശകന്മാർ നമുക്കില്ല. നമുക്കു് അഭിപ്രായപ്രകടനക്കാരുണ്ടു്; അസംബന്ധവും, തെമ്മാടിത്തവും, തോന്ന്യാസവും പറയുന്നവരുണ്ടു്; അവരുടെ തുക ഒട്ടുംമോശമല്ല. എന്നാൽ വിമൎശകന്മാരുണ്ടോ?

എല്ലായിടങ്ങളിലും എന്നപോലെ നമുക്കും പ്രധാനമായി രണ്ടുതരം വിമൎശങ്ങളുണ്ടു്. പത്രവിമൎശനവും വിമൎശകവിമൎശവും. രണ്ടിലും നമ്മൾ ഇതുവരെ മുന്നോട്ടു വന്നില്ല.

നമ്മുടെ വൃത്താന്തപത്രങ്ങളുടേയും ആനുകാലികപ്രസിദ്ധീകരണങ്ങളുടേയും (വാരികകളും മാസികകളുംമററും) വിമർശങ്ങൾ ഇന്നോളം ആശാവഹമായ ഒരു അവസ്ഥയിലെത്തിയിട്ടില്ല.

പത്രവിമർശമെന്നു പറയുന്നതുതന്നെ ഒരു പ്രത്യേകജാതി വിമർശമാണു്. ഇത്തരത്തിലുള്ള വിമർശം എഴുതാൻ മടിച്ചിട്ടുള്ള പല വിമർശകന്മാരും അതിനെ പിടിപ്പതു ശകാരിക്കയും നിന്ദിക്കയും ചെയ്തിട്ടുണ്ടു്. എന്നാൽ പത്രപ്രവർത്തനത്തിൻെറ കാലംമുതൽക്കു വിമർശത്തിൻെറ ഗണ്യമായ ഒരു വിഭാഗത്തെ പത്രങ്ങളും ആനുകാലികപ്രസിദ്ധീകരണങ്ങളുമാണു് വെളിപ്പെടുത്തിയിട്ടുള്ളതു്. പാശ്ചാത്യരാജ്യങ്ങളിലെ പത്രപ്രവർത്തനം വിമർശത്തിൻെറ വിഹാരവേദികളായിരുന്നുകൊണ്ടു് അതിനു പല വിധത്തിൽ വഴി തെളിക്കയും നായകത്വം വഹിക്കയും ചെയ്തിട്ടുണ്ടെങ്കിലും ആ പത്രവിമർശങ്ങളെ പത്രവിമർശങ്ങളായിത്തന്നെ ഗണിച്ചുവരുന്നു. ഉത്തരവാദിത്വമില്ലാതെയും കാര്യഗൗരവമില്ലാതെയും വിമർശിക്കുക എന്നതു് പത്രങ്ങളുടെ പതിവായ ഒരു ശീലമായിത്തന്നെ ഗണിക്കപ്പെടുന്നു. ആ കാലത്തു് ഇംഗ്ലണ്ടിലേയും ഫ്റാൻസിലേയും പത്രപ്രവർത്തനം വിമർശത്തെ നിയമരഹിതമായ ഒരു സ്ഥാപനമായി, എന്തും പ്രവർത്തിക്കുവാനുള്ള ഒരു രംഗമായി വെളിപ്പെടുത്തിയിരുന്നു. എന്നാൽ അവർതന്നെ അതിനു് അസാമാന്യമായ ഉത്തേജനവും നൽകിയിരുന്നു.

കാര്യബോധവും വിവരവും ഇല്ലാതെയുള്ള പത്രവിമർശസമ്പ്രദായങ്ങൾ മുൻകാലങ്ങളിലുണ്ടായിരുന്നതുപോലെ ഇന്നുമുണ്ടു്. "പത്രത്തിൻെറ ആവിർഭാവകാലത്തോടുകൂടി സാഹിത്യം അന്തരിച്ചു" എന്നു് ആർതർ സിമൺസു് അദ്ദേഹത്തിൻെറ ഒരു ഗ്രന്ഥത്തിൻെറ മുഖവുരയിൽ എഴുതുന്നു. ഇംഗ്ലണ്ടിലെ പത്രവിമർശങ്ങളെ ഷാ പരിഹസിച്ചിട്ടു

ള്ള സന്ദർഭങ്ങൾ അനവധിയാണു്. പത്രപ്രവത്തനത്തെയും സാഹിത്യത്തെയും സംബന്ധിച്ചു് ടി. എസ്സ്. ഇലിയട്ടു് ഇങ്ങനെ എഴുതുന്നു: "ഗിബ്ബൺറെ ചരിത്രത്തെയും ഇന്നത്തെ സായാഹ്നപത്രത്തെയും താരതമ്യപ്പെടുത്തുമ്പോൾ പത്രപ്രവത്തനത്തിനും സാഹിത്യത്തിനും തമ്മിൽ നാം കാണുന്ന നിശിതമായ അന്തരം വ്യത്ഥമാണു്. ഈ താരതമ്യവിവേചനംകൊണ്ടു നമ്മുടെ അത്ഥം സിദ്ധിക്കുന്നതല്ല. നല്ലപോലെ എഴുതപ്പെട്ടതും ഉത്തമമായി എഴുതപ്പെട്ടതും ആയ കൃതികൾ തമ്മിലുള്ള അന്തരത്തെ എന്നപോലെ കേവലം സാഹിത്യപരമായ മൂല്യങ്ങളുടെ തോതുവച്ചുകൊണ്ടു്, പത്രപ്രവത്തനത്തിനും സാഹിത്യത്തിനും തമ്മിൽ പ്രയോജനപ്രദമായ ഒരു വ്യത്യാസം കാണുവാൻ നിങ്ങൾക്കു് സാദ്ധ്യമല്ല. ഒരു രണ്ടാംതരം നോവൽ പത്രപ്രവത്തനമല്ല, എന്നാൽ തീച്ചയായും അതു സാഹിത്യവുമല്ല. കഴിഞ്ഞ മുപ്പതു കൊല്ലങ്ങളായി "പത്രപ്രവത്തനം" എന്ന സംജ്ഞ അതിൻെറ അത്ഥത്തിൽ അധഃപതിച്ചുപോയിരിക്കുന്നു.........പത്രപ്രവത്തകൻെറ കൃത്യം താല്ക്കാലിക താല്പയ്യത്തെ മാത്രമേ ആകഷിക്കുന്നുള്ളു വെന്നതാണു് പൊതുവിൽ അവനെപ്പററി പറയുന്ന ആക്ഷേപം. അവൻെറ കൃത്യം ആ സമയം കഴിഞ്ഞാൽ എന്നേക്കുമായി വിസ്മരിക്കപ്പെടുകയും ചെയ്യുന്നു."[18]

എന്നാൽ ഇന്നും സ്മരിക്കപ്പെടുന്ന പത്രപ്രവത്തകന്മാരുടെ കൃതികളെപ്പററി ഇലിയട്ടു് നമ്മെ അവരുടെ പിന്തുണക്കാരനായി നിന്നുകൊണ്ടു് അനുസ്മരിപ്പിക്കുന്നുണ്ടു്.

നമ്മുടെ പത്രവിമശ്ശത്തെപ്പററി അധികമൊന്നും പറയുവാനില്ല. അവയിൽ ഭൂരിഭാഗവും അപ്രധാനവും നിസ്സാരവും അന്തസ്സുകെട്ടതുമാണു്. ഇന്നത്തെ നമ്മുടെ

---

18 Points of View

വൃത്താന്തപത്രങ്ങളിലും ആനുകാലികപ്രസിദ്ധീകരണങ്ങളിലും കാണപ്പെടാറുള്ള മിക്ക 'പുസ്തകാഭിപ്രായ'ങ്ങളും 'ഗ്രന്ഥനിരൂപണ'ങ്ങളും വിമർശങ്ങളേയല്ല. അവ അഭിപ്രായങ്ങളാണെന്നു ഗണിച്ചാൽതന്നെ അതുകൊണ്ടു നാം തൃപ്തരാകുന്നില്ല. നാലും അഞ്ചും വരികൾ കൊണ്ട് ഒരു പുസ്തകവിമർശം സാധിക്കുന്ന നമ്മുടെ പത്രങ്ങളുടെ പതിവ് ഏററവും പരിഹാസ്യമാണെന്നേ പറയേണ്ടു. വിമർശം എപ്പോഴും ദീർഘമായിരിക്കണമെന്നല്ല ഈ ആരോപണംകൊണ്ടു് വിവക്ഷിക്കുന്നതു്. വിമർശത്തിന്റെ ഹ്രസ്വതയേയോ ദൈർഘ്യത്തേയോ അല്ല വിമർശത്തിന്റെ വിജയം ആവശ്യപ്പെടുന്നതു്.

"ഒരു പുസ്തകത്തിന്റെ നിഴൽപോലുള്ള അവ്യക്തരൂപത്തെ ഗ്രഹിക്കുക, അതിനെ ധൃതിയിൽ വായിച്ചുകളയുക, അതിനെ ഒഴിവുസമയത്തു ഒന്നു മറിച്ചുവിടുക ഇതാണു് ഒരു പുസ്തകനിരൂപകന്റെ പണി. ഇതു് എന്നേക്കുമായി പരാജയപ്പെട്ട ഒരു പണിയാണു്......വിമർശത്തിനുള്ള നമ്മുടെ കഴിവു് അഭിനന്ദനീയമായിരിക്കാം. ആ പുസ്തകത്തെപ്പററി വിധിയെഴുതുവാൻ നാം പ്രാപ്തരാണെന്നുവരാം. എന്നാൽ അങ്ങനെ നാം പ്രാപ്തരാവണമെങ്കിൽ ആ പുസ്തകത്തെ ശരിക്കു മനസ്സിലാക്കണം. അല്ലെങ്കിൽ വിമർശത്തിനുള്ള നമ്മുടെ അഭിരുചികൊണ്ടും സൂക്ഷ്മമായ അവലോകനംകൊണ്ടും യാതൊരു പ്രയോജനവും ഇല്ല"[19] എന്നു് തരംതാഴ്ന്ന വിമർശരീതികളെ അധിക്ഷേപിച്ചുകൊണ്ടു് പെർസിലുബോക് എഴുതുന്നു. "ഈ നാട്ടിൽ നേർവിചാരത്തിനു് യാതൊരു പഴുതുമില്ല. എങ്ങോട്ടു തിരിഞ്ഞാലും അവിടെയെല്ലാം അന്ധവിശ്വാസം, പക, സ്പർദ്ധ, റൊമാൻറിസിസം, ഐഡിയലിസം, സെൻറിമെൻറാലിററി, പഴഞ്ചനാശയങ്ങൾ, ഭീതി. ഏതെങ്കിലും ഒരു ത

---

19 Percy Lubbok. The Crafts of Fiction.

മാശംപറയുന്നതുകൊണ്ട് ഒരു പത്രാംതരക്കാരനും വലിയൊരു പ്രശസ്തനാവാൻ കഴിയും. എന്നാൽ നമ്മുടെ ശാസ്ത്രജ്ഞന്മാരും ചിന്തകന്മാരും അംഗീകരിക്കപ്പെടാതെ അദ്ധ്വാനിക്കുന്നു. വഷളത്തം എഴുതുന്നവരുടെ വാക്കുകൾ അവർ ഉദ്ധരിക്കുന്നില്ല. നേർവിചാരത്തിന് വാണിജ്യപരമായ വിലയില്ല. അതുകൊണ്ട് ആളുകൾക്ക് അതിനോടു മതിപ്പില്ല"[20] എന്ന് ഇന്നത്തെ ഒരു ഇംഗ്ലീഷു ഗ്രന്ഥകർത്രി തന്റെ രാജ്യസ്ഥിതിയെ അധിക്ഷേപിക്കുന്നു. ഇതിനെക്കാൾ എത്രയോ കടുത്ത ഭാഷയിൽവേണം നാം നമ്മുടെ രാജ്യസ്ഥിതിയെ അധിക്ഷേപിക്കുവാൻ!

നമ്മുടെ വിമർശം ഇന്നും ഉയരാതെ കിടക്കുന്നതിന്റെ കാരണങ്ങളുടെ ഒരു ഗണ്യമായ ഭാഗം നമ്മുടെ പത്രങ്ങൾ വഹിക്കണം. നമ്മുടെ മിക്ക പത്രങ്ങളിലും വന്നുകൊണ്ടിരിക്കുന്ന ഗ്രന്ഥവിമർശങ്ങളുടെ സ്ഥിതി വളരെ ദയനീയമാണ്. നമ്മുടെ എഡിററർമാർ ഇക്കാര്യത്തിൽ അവരുടെ നയത്തെ പരിഷ്കരിക്കണം. നിരൂപകന്മാരെ നിയോഗിച്ച് പുസ്തകാഭിപ്രായം എഴുതിക്കുന്ന പതിവ് നമ്മുടെ പല പത്രങ്ങളും സ്വീകരിച്ചിട്ടുണ്ട്. എന്നാൽ വിമർശകന്മാരെ തിരഞ്ഞെടുക്കുന്നതിലും അവക്ക് അനുയുക്തമായ വിഷയങ്ങളെ സംബന്ധിച്ച ഗ്രന്ഥങ്ങൾ നൽകുന്നതിലും നമ്മുടെ പത്രങ്ങൾ വേണ്ടുംപോലെ നിഷ്കർഷയോ ഔചിത്യബുദ്ധിയോ കാണിക്കുന്നുവെന്നു പറഞ്ഞുകൂടാ. ഒരു സാഹിത്യകൃതിയെ സാഹിത്യപരമായ സിദ്ധികളും നിരൂപണസാമർത്ഥ്യവും ഇല്ലാത്തവരും ഒരു രാഷ്ട്രീയകൃതിയെപ്പററി അതിൽ എത്തുംപിടിയും ഇല്ലാത്തവരും നമ്മുടെ പത്രങ്ങളിൽ വിമർശം നടത്തുക സാധാരണമാണ്. ഇതുപോലെ വിവിധവിഷയങ്ങളെക്കുറിച്ചും പറയാവുന്നതാണ്. കേണിയാന്റെ തെങ്ങേററക്കാഴ്ച നമ്മുടെ വിമർശനലോകത്ത് ഒട്ടും അപൂർവ്വമല്ല.

---

20 Ethel Mannin: Confessions and Impressions.

യഥാർത്ഥത്തിലുള്ള നമ്മുടെ അവസ്ഥയെ നാം മനസ്സിലാക്കാതിരിക്കുവോളം നമുക്കു വിമർശത്തിൽ പുരോഗതിയില്ല; കേരളത്തെയും കേരളസംസ്കാരത്തെയും, ഭാരതത്തെയും ഭാരതീയ സംസ്കാരത്തെയും സംബന്ധിച്ച് നാം നമ്മുടെ പാരമ്പര്യത്തിനും മാമൂലിനും പററിയ മട്ടിൽത്തന്നെ അഭിമാനിക്കയും ചിന്തിക്കയും ചെയ്തുകൊണ്ടിരിക്കയാണെങ്കിൽ നമ്മുടെ കഥ ദയനീയമായി തുടങ്ങിപ്പോവും. നമ്മെപ്പററി നാം പഠിക്കയും നമ്മെ പഠിപ്പിക്കയും ചെയ്തിട്ടുള്ള പാഠങ്ങളിൽ വലിയ തിരുത്തുകൾ അനുപേക്ഷണീയമായിരിക്കുന്നു. നമുക്ക് നമ്മെ വിമർശിക്കുവാൻ ഭാവമില്ല; ആത്മപരിശോധനയെ നാം ഭയപ്പെടുന്നു. യുക്തിവിചാരത്തെ അടിച്ചമർത്തുവാൻ നാം നമ്മുടെ അന്ധതയ്ക്കും പാരമ്പര്യത്തിനും അനുമതി നൽകുന്നു. വ്യതിയാനത്തെയോ പരിവർത്തനത്തെയോ നാം വെറുക്കുകയും ഭയപ്പെടുകയും ചെയ്യുന്നു. നമ്മുടെ വിഡ്ഢിത്തങ്ങളുടെ ശിരസ്സിൽ നാം മഹിമയുടെ കിരീടം ചാർത്തുന്നു. നമ്മുടെ മൗഢ്യങ്ങൾക്കു നാം വളംവെക്കുന്നു.

രാജ്യങ്ങളുടെയും സാമ്രാജ്യങ്ങളുടെയും ദൃശ്യവും അദൃശ്യവും ആയ അതിർത്തിക്കെട്ടുകളെല്ലാം കുലുങ്ങിക്കൊണ്ടിരിക്കുന്ന കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. തമ്മിൽത്തമ്മിൽ വേർപെട്ടുനിന്നു വാശിയും വൻപും പറഞ്ഞു് വീറോടെ വീരവാദങ്ങൾ മുഴക്കുവാനുള്ള സൗകര്യങ്ങൾ ഓരോ വർഗ്ഗത്തിനും ഓരോ രാജ്യത്തിനും കുറഞ്ഞുകൊണ്ടിരിക്കയാണെന്ന് നാം ഓർമ്മിക്കണം. നാളത്തെ ലോകത്തെപ്പററി ആലോചിക്കുക, നമ്മുടെ സങ്കല്പശക്തിയെ അങ്ങോട്ടു നയിക്കുക. നാം എന്താണ് കാണുന്നത്?

അതിർത്തികളെ അധിക്ഷേപിക്കുന്ന ലോകം, പുതിയ മനുഷ്യസാമ്രാജ്യം! ജീവിതചക്രവാളത്തിൽ സമുല്ലസിഷ്ടമായ നവീന മനുഷ്യോദയത്തിൻെറ പ്രഭാപൂർണ്ണമായ വർണ്ണോജ്ജ്വലതകൾ നാം കാണുന്നില്ലേ?

ലോകത്തേയും ലോകജീവിതത്തേയും സംബന്ധിച്ചു നമ്മിൽ ബോധം അങ്കുരിപ്പിക്കയും അതിനെ സംസ്കരിച്ചു സൂക്ഷ്മവൽക്കരിക്കയുമാണു കലയുടെയും സാഹിത്യത്തിന്റെയും വിമർശത്തിന്റെയും ചുമതല.

വിജ്ഞാനത്തിന്റെ വളൎച്ചയോടൊപ്പം മാറി മാറിക്കൊണ്ടിരിക്കുന്ന തത്വങ്ങളുടെയും തോതുകളുടെയും അടിസ്ഥാനത്തിൽനിന്ന് കാൎയ്യങ്ങളെ വിമർശിക്കുവാനുള്ള വിമർശകന്മാരുടെ അഭാവം നാം ഇന്നും അനുഭവിക്കുന്നു. ഉൽകൃഷ്ടതരമായ മൂല്യങ്ങളെ സംബന്ധിച്ച പരിചിന്തനം ഇന്നത്തെ വിമർശത്തിൽ മിക്കവാറും പരിത്യജിക്കപ്പെട്ടുകയാണു ചെയ്യുന്നതു്. താഴ്ന്നതരം താല്പൎയ്യങ്ങളെയും അഭിനിവേശങ്ങളെയും തൃപ്തമാക്കുവാനുള്ള ശ്രമങ്ങളിൽനിന്നു നമ്മുടെ പല വിമർശകന്മാരും ഉയരുന്നില്ല. 'പുതിയ സിദ്ധാന്ത'മെന്നും പഴയ സിദ്ധാന്തമെന്നും പറയപ്പെടുന്നവയിൽ അടിയുറച്ചു നിന്നുകൊണ്ടു് തങ്ങളുടെ ഏതു നിലയേയും ന്യായവല്ക്കരിക്കുവാനാണു നമ്മുടെവിമൎശകന്മാർ ശ്രമിക്കുന്നതു്. അവികലമായ അക്ലിഷ്ടമായ നിരീക്ഷണത്തിന്റെയും വിചിന്തനത്തിന്റെയും അഭാവം ഈ പുതുമക്കാരേയും പഴമക്കാരേയും പതിവായി അപഥസഞ്ചാരികളാക്കുന്നു. എച്ച്. ജി. വെൽസ് പ്രത്യേക താല്പൎയ്യത്തോടെ എടുത്തുകാണിക്കുന്ന Sound Knowledge (അരോഗപരിജ്ഞാനം) ഉം റസ്സൽ ചൂണ്ടിക്കാണിക്കുന്ന ഉപയോഗപ്രദമായ പരിജ്ഞാനവും (Useful knowledge) കൂടാത്ത വിമൎശകൻ വഴിതെറ്റിയവനും നമ്മെ വഴിതെറ്റിക്കുന്നവനും ആകുന്നു. ഒരു വിമൎശകൻ ആൎജ്ജിക്കുന്ന വിജയത്തിന്റെ വലിയൊരു ഭാഗം അവന്റെ പരിജ്ഞാനത്തെ എന്നു പറയുന്നതിനെക്കാരം അരോഗപരിജ്ഞാനത്തെ ആശ്രയിച്ചിരിക്കുന്നുവെന്നുവേണം പറയുവാൻ. അറിയുക എന്നതും ശരിയായി അന്യൂനമായി അറിയുക എന്നതും രണ്ടാണു്:

ധാരാളം അറിയുക, ധാരാളം പഠിക്കുക എന്നതിനെക്കാൾ അത്ഥവത്താണു് ശരിയായി അവികലമായി അറിയുകയും പഠിക്കുകയും എന്നതു്. അറിവിന്റെയും പഠനത്തിന്റെയും പ്രാധാന്യവും പ്രയോജനവും അവയുടെ ആധിക്യത്തെയല്ല അവയുടെ അചഞ്ചലതയേയും ആരോഗ്യത്തെയുമാണു് ആശ്രയിച്ചിരിക്കുന്നതു്. Sound knowledge-ന്റെ അഭാവമാണു് ഇന്നത്തെ ചിന്താലോകത്തെ ഇത്രത്തോളം അവ്യവസ്ഥിതവും കലഹപൂണ്ണവും ആക്കുന്നതെന്നു വെൽസ് അഭിപ്രായപ്പെടുന്നതു് ഒട്ടും നിരത്ഥകമല്ല. ബാലൻസ് തെറ്റാത്ത മനസ്സും ബ്ലലക്ഷയം അനുഭവിക്കാത്ത വീക്ഷണങ്ങളും വെടിഞ്ഞ വിമശകൻ ഒരിക്കലും അവന്റെ തൊഴിലിൽ വിജയിക്കയില്ല. ഈ മാനസികാരോഗ്യത്തിന്റെ ആവശ്യകതയെ റസ്സൽ ചിന്താഹമായി എടുത്തുകാണിക്കുന്നു.

"ജന്മവാസന (instinct), മനസ്സ് (mind) സ്പിരിട്ടു് എന്നിവയാണു മനുഷ്യപ്രവത്തനങ്ങളുടെ ഉല്പത്തികൾ. അവയിൽ സ്പിരിട്ടിന്റെ ജീവിതമാണു് മതത്തെ സൃഷ്ടിക്കുന്നതു്. നിരാകാരമായിട്ടുള്ള ഒന്നിനെ സംബന്ധിച്ച ചിന്തയെ മനസ്സിന്റെ ജീവിതം വലയംചെയ്തിരിക്കുന്നതുപോലെ, നിരാകാരമായിട്ടുള്ള ഒന്നിനെ സംബന്ധിച്ച അനുഭൂതിയെയാണു സ്പിരിട്ടിന്റെ ജീവിതം ചുററിയിരിക്കുന്നതു്. ഈ നിലയിൽ നോക്കുമ്പോൾ എല്ലാ കലകളും സ്പിരിട്ടിന്റെ ജീവിതത്തെ ആശ്രയിച്ചിരിക്കുന്നു. കല ജന്മവാസനയിൽനിന്നു് ഉത്ഭവിച്ചു് സ്പിരിട്ടിന്റെ രംഗത്തിലേയ്ക്കുയരുന്നു. മതം സ്പിരിട്ടിൽനിന്നുയന്നു ജന്മവാസനയുടെ ജീവിതത്തെ നിയന്ത്രിക്കുവാനും അതിനു് അറിവുനൽകുവാനും ശ്രമിക്കുന്നു.

"പൂണ്ണമായ ഒരു ജീവിതത്തിനു ജന്മവാസന, മനസ്സ് സ്പിരിട്ടു് എന്നിവ ഒഴിച്ചുകൂടാത്തവയാണു്." ..........
......പരിഷ്കൃതരായ ഇന്നത്തെ സ്ത്രീപുരുഷന്മാരിൽ ജന്മ

വാസനയും മനസ്സും സ്പിരിട്ടും അനുരഞ്ജനയോടെ പ്രവൎത്തിക്കുക അസാധാരണമാണു്. ഇവയിലോരോന്നിനും ന്യായമായ സ്ഥാനം നൽകുന്ന പ്രായോഗികതത്വചിന്ത ചുരുക്കം ചിലൎക്കു മാത്രമേ ലഭിച്ചിട്ടുള്ളൂ. അധികമാളുകളിലും ജന്മവാസന മനസ്സിനോടോ സ്പിരിട്ടിനോടോ കലഹിക്കുന്നു; മനസ്സും സ്പിരിട്ടും തമ്മിൽ കലഹിക്കുന്നു..... മേല്പറയപ്പെട്ട മൂന്നും ഒന്നിനൊന്നു് സഹായകങ്ങളാണു്. ഏതിനെങ്കിലും വികലത സംഭവിച്ചാൽ അതു മാത്രമല്ല പരാജയപ്പെടുന്നതു്. മററുള്ളവൎക്കും തകരാറു സംഭവിക്കുന്നു. ഇവ മൂന്നും പരസ്പരം സഹകരിച്ചു മുന്നോട്ടു പോകണം." ÷

ഈ തത്വം ആവശ്യപ്പെടുന്നതു നമ്മുടെ ആന്തരമായ ബാലൻസിനെയാണു്. ഒരു വിമൎശകൻ അവന്റെ നിലയെ സംരക്ഷിക്കുവാൻ ആദ്യം ഈ ബാലൻസിനെ സംരക്ഷിക്കണം. അല്ലെങ്കിൽ അവന്റെ വീക്ഷണങ്ങളും വികാരവിചാരങ്ങളും എപ്പോഴും വികലങ്ങളായിരിക്കും. ഈ ബാലൻസില്ലായ്മ ഒരു വിമൎശകനെന്നപോലെ അവന്റെ അനുവാചകന്മാൎക്കും അപകടകരമാണു്. അവന്റെ അറകുററങ്ങളും ന്യൂനതകളും ക്ലിഷ്ടതകളും അബദ്ധങ്ങളും അവനെ മാത്രമല്ല ബാധിക്കുന്നതു്. ആരോഗ്യദൃഢമായ മനസ്സില്ലാത്ത വിമൎശകൻ അരോഗമായ വീക്ഷണങ്ങളേയും വിചാരങ്ങളേയും നിയമങ്ങളേയും സൃഷ്ടിക്കുവാൻ പ്രാപ്തനായിരിക്കയില്ല. ഈ അപ്രാപ്തി ഒരു വിമൎശകൻ അവനിൽ വരുത്തിവെക്കുകയും ജന്മനാ ആൎജ്ജിക്കയും ചെയ്യാവുന്നതാണു്. സ്വന്തം താല്പൎയ്യങ്ങളേയും അഭീഷ്ടങ്ങളേയും നിയന്ത്രിക്കാതെയും സംസ്കരിക്കാതെയുമിരിക്കുന്നതുകൊണ്ടു് ഒരുവന്റെ മാനസികമായ ബാലൻസ് തെററുവാനെളുപ്പമുണ്ടു്. വിജ്ഞാനപരമായ പരിപക്വതയുടെ അഭാവവും ഇതിനു് കാരണമായേക്കാം. അറിവിന്റെ വികാസത്തെ

---

÷ Bertrand Russel; Princ'ples Soc'al Rec nstruction.

സംബന്ധിച്ച ബോധശൂന്യതയും അതിന്റെ ഹേതുക്കളിൽ ഒന്നായിവരാം. ഈ ബാലൻസില്ലായ്മയുടെ കാരണങ്ങളെ ഇങ്ങനെ മാനസികമായും കായികമായും നമുക്കു കണ്ടുപിടിക്കാൻ കഴിയുന്നു.

ഇന്നത്തെ ഭാഷാവിമർശകന്മാരിൽ അരോഗദൃഢമായ വീക്ഷണങ്ങളെ പുലർത്തുന്ന ബാലൻസുള്ള വിചാരശീലന്മാർ ഉണ്ടെങ്കിൽ അവരുടെ എണ്ണം ഒന്നോ രണ്ടോ ആകുന്നു. ഒരു വിമർശകനു വിശ്വാസവും ഉറപ്പും തോന്നുന്ന ഏതു വീക്ഷണത്തേയും ഏതു് അഭിപ്രായത്തേയും ഏതു നിയമത്തേയും അവനു പ്രചരിപ്പിക്കാൻ അവകാശമുണ്ടു്. അവന്റെ നിലയെ ഉറപ്പിക്കുവാനും ന്യായവൽക്കരിക്കുവാനും അവനു കഴിവുണ്ടായിരിക്കണം; കരുക്കളുണ്ടായിരിക്കണം. നമ്മുടെ മിക്ക വിമർശകന്മാർക്കും അവർ കൈക്കൊള്ളുന്ന നിലയെ സംരക്ഷിക്കാൻ കഴിയാതിരിക്കുന്നതാണു് കഷ്ടം!

താരതമ്യപഠനത്തെ ഉൾക്കൊള്ളുന്ന വിമർശം, തത്വചിന്താപരമായ വിമർശം, ചരിത്രപരമായ വിമർശം, മനഃശാസ്ത്രപരമായ വിമർശം, കലാപരമായ വിമർശം എന്നിവ മലയാളത്തിൽ ഇതുവരെ എടുത്തു കാണിക്കത്തക്കവിധം വളർന്നിട്ടില്ല. ഭാഷയിലെ ഇന്നത്തെ വിമർശകന്മാരെപ്പററിപറയുമ്പോൾ മി: എ. ബാലകൃഷ്ണപിള്ളയെ വിസ്മരിച്ചുകൂടാ.

ഒരു വിമർശകന്റെ യോഗ്യതകളും അയോഗ്യതകളും ഏററവും കൂടുതലായി കലർന്നുകാണുന്നതു് മി: ബാലകൃഷ്ണപിള്ളയിലാണു്. നേട്ടങ്ങളിലും അവലോകനങ്ങളിലും പ്രവണതകളിലും അദ്ദേഹത്തെപ്പോലൊരു വ്യക്തി കേരളത്തിലില്ല. ശാരീരികവും മാനസികവുമായ ഘടനയെ സംബന്ധിച്ചേടത്തോളം അദ്ദേഹത്തിനുള്ളത്ര പ്രത്യേകതകൾ മററാർക്കെങ്കിലുമുണ്ടോ എന്നു് സംശയിക്കുന്നു. മി: ബാലകൃഷ്ണപിള്ള, ചുരുക്കത്തിൽ പറഞ്ഞാൽ, ഒരു അപൂർവ്വസംഭവമാണു്; ചോരെങ്കിൽ അദ്ദേഹത്തെ നിങ്ങൾ ഒരു

Phenomena എന്നു് വിളിച്ചുകൊള്ളുക. അദ്ദേഹം ഒരു Phenomena തന്നെയാണു്.

അദ്ദേഹം ഒരു വിമർശകനാണു്; അപ്രകാരം പണ്ഡിതനും ചിന്തകനുമാണു്. പാണ്ഡിത്യവും ചിന്തയും വിമർശകനു്—ഒരു യഥാർത്ഥവിമർശകനു്-അനപേക്ഷണീയവുമാകുന്നു. അദ്ദേഹം സത്യസന്ധനാണു്; സ്വാഭിപ്രായനിഷ്ഠനാണു്; ആദർശശാലിയാണു്. ധീരതയും സത്യസന്ധതയും അഭിപ്രായനിഷ്ഠയും ആദർശസംരക്ഷയും വിമർശകന്റെ അവിഭാജ്യഘടകങ്ങളാകുന്നു. ബാലകൃഷ്ണപിള്ള ഭീരുവല്ല; അവസരസേവകനല്ല. ഒരു ഭീരുവിനും അവസരസേവകനും വിമർശകനാവാൻ കഴികയില്ല. അദ്ദേഹം വളരെ ചുരുങ്ങിയ പരിധിയിൽ നിൽക്കുന്ന ഒരു വിമർശകനല്ല. ഒന്നും രണ്ടും അല്ല അദ്ദേഹത്തിന്റെ വിഷയങ്ങൾ. ഒരു സാഹിത്യകലാവിമർശകൻ എന്ന നിലയിൽമാത്രം അദ്ദേഹത്തെ നോക്കുന്നതുകൊണ്ടു് നാം തൃപ്തരാവുന്നില്ല. സാഹിത്യവും കലയും കൂടാതെ അദ്ദേഹം അനേകം വിഷയങ്ങളെപ്പററി അറിയുവാനും ചിന്തിക്കുവാനും ശ്രമിച്ചിട്ടുണ്ടു്. ചിത്രകല, ശില്പകല, മനഃശാസ്ത്രം, സമുദായതന്ത്രം, രാജ്യമീമാംസ, മതം, ധനതത്വശാസ്ത്രം, സയൻസ്, സംസ്കാരം ഇങ്ങനെ പലതും. ഇവയിലേതെങ്കിലും ഒന്നിനെ വിമർശിക്കുമ്പോൾ അദ്ദേഹം മറെറല്ലാററിലേയ്ക്കും വ്യാപിക്കും.

മലയാളത്തിലെ വിമർശത്തിന്റെ പരിധിയെ വിപുലപ്പെടുത്തുകയും അതിന്റെ താല്പര്യത്തെ വളർത്തുകയും ചെയ്തിട്ടുള്ളതാണു്, അദ്ദേഹം ഭാഷാവിമർശത്തിനു ചെയ്തിട്ടുള്ള ഏററവും പ്രധാന സംഗതി. തനിക്കിഷ്ടമല്ലാത്ത നിങ്ങളുടെ പാരതന്ത്ര്യത്തെ ഭഞ്ജിക്കുന്നതിൽ അദ്ദേഹത്തെപ്പോലെ അദ്ധ്വാനിച്ചിട്ടുള്ളവർ ഇവിടെ ഇല്ല. "നമ്മുടെ സാഹിത്യത്തിന്റെ ഭൂതകാലത്തെ വിമർശിക്കുവാനും കവികളെയും കാവ്യങ്ങളെയും പുതിയൊരു വ്യവസ്ഥിതിയിലാ

ക്കവാനം നൂറു കൊല്ലത്തിലൊരിക്കൽ ഒരു വിമശ്കൻ പ്ര ത്യക്ഷപ്പെടേണ്ടതാവശ്യമാണു്" എന്നു് കാവ്യത്തിന്റെയും വിമശ്ത്തിന്റെയും പ്രയോജനത്തെപ്പററി പറയുന്നിടത്തു ടി. എസ്. ഇലിയട്ടു് പ്രസ്താവിക്കുന്നു. അപ്രകാരം നമ്മുടെയിടയിൽ പ്രത്യക്ഷനായ ഒരു വിമശ്കനാണു മി: ബാലകൃഷ്ണപിള്ള. ഇലിയട്ടു് ഇങ്ങനെ തുടരുന്നു: "ഈ കൃത്യം വിപ്ലവം വരുത്തുന്നതിനുള്ളതല്ല. എന്നാൽ പുനഃസംവിധാനത്തിനുള്ളതാണു്." മി: ബാലകൃഷ്ണപിള്ളയുടെ കൃത്യം വിപ്ലവം വരുത്തുന്നതിനാണു്. അദ്ദേഹം വിപ്ലവകാരിയാണു്; വിപ്ലവകാരിയല്ലെങ്കിൽ അദ്ദേഹം ഒന്നുംഅല്ല; ആരുമല്ല.

നമ്മുടെ വിമശ്ത്തിൽ താരതമ്യപഠനത്തെ കടത്തിക്കൊണ്ടുവന്ന ഏററവും പ്രമുഖനായ വിമശ്കനാണു ബാലകൃഷ്ണപിള്ള. തനിക്കു മുൻപുള്ളവരും തന്റെ സമകാലികരും ആയ വിമശ്കന്മാർ അവലംബിച്ചിട്ടുള്ള ഇടുങ്ങിയ വഴികളെ അദ്ദേഹം വെട്ടിത്തുറന്നു. ഒരു യഥാത്ഥ വിമശ്കനു പരിത്യജിക്കവെയ്യാത്ത സാർവ്വത്രികമായ ബോധത്തെയും വീക്ഷണത്തെയും അടിസ്ഥാനപ്പെടുത്തി അദ്ദേഹം നമ്മുടെ വിമശ്ത്തെ പരിഷ്കരിക്കുവാനും പരിവത്തിപ്പിക്കാനും പണിപ്പെട്ടു. നമ്മുടെ വിമശ്ത്തിന്റെ ഭൂതകാലത്തെ അദ്ദേഹം നിരൂപിച്ചു; ഇന്നത്തെ അവസ്ഥയെ വിമശിച്ചു. തന്റെ നോട്ടത്തിനൊത്ത ഒരു ഭാവിയെ സൃഷ്ടിക്കുവാൻ കഴിവുള്ളതെല്ലാം പ്രയത്നിച്ചു. വിശ്വസാഹിത്യത്തിലെ സമുന്നതവിമശ്കന്മാരെയും അവരുടെ വിമശ്സമ്പ്രദായങ്ങളെയും അദ്ദേഹം കേരളത്തിനു് പരിചയപ്പെടുത്തി. താരതമ്യപഠനപരമായ വിമശ്സമ്പ്രദായംകൊണ്ടു് ബാലകൃഷ്ണപിള്ള ഭാഷാവിമശ്ത്തിന്റെ വികാരവിചാരങ്ങൾക്കു വദ്ധനവും ദശനത്തിനു വിശാലതയും ബോധത്തിനു് ആഴവും നല്കി. നമുക്കു് അപരിചിതവും അജ്ഞാതവും ആയിരുന്ന പല മാർഗ്ഗങ്ങളിൽക്കൂടി നമ്മെ നയിക്കുവാൻ അദ്ദേഹം അ-

ധ്യാനിച്ചു. നാം കണ്ടിട്ടില്ലാത്ത പല കാഴ്ചകളും അദ്ദേഹം നമുക്കു കാട്ടിത്തന്നു; കേട്ടിട്ടില്ലാത്ത പലതും കേൾപ്പിച്ചുതന്നു; അറിഞ്ഞിട്ടില്ലാത്ത പലതും അറിയിച്ചുതന്നു.

ഇംഗ്ലീഷ് വിമശ്ശം താരതമ്യപഠനത്തിനു് മാത്യു അർനോൾഡിനു് എത്രത്തോളം കടപ്പെട്ടിരിക്കുന്നുവോ അത്രത്തോളം ഭാഷാവിമശ്ശം അക്കാര്യത്തിൽ ബാലകൃഷ്ണപിള്ളയ്ക്കു് കടപ്പെട്ടിരിക്കുന്നു. ഇത്ര കൂടുതൽ വിവരം നൽകുന്ന മറെറാരു വിമർശകനും ഭാഷയിലില്ല; ഭാഷയിൽ ഉണ്ടായിട്ടില്ല. വസ്തുതകളുടെയും അന്വേഷണത്തിൻെറയും ലോകത്തു് ഇത്രദൂരം സഞ്ചരിച്ചിട്ടുള്ള ഒരു വ്യക്തിയെ ഭാഷാലോകത്തു നാം കണ്ടിട്ടില്ലെന്നുവരാം. അറിയുവാനും പഠിക്കാനും ഇത്ര കൂടുതൽ അദ്ധ്വാനിക്കയും ഇത്രകൂടുതൽ ത്യാഗങ്ങൾ അനുഷ്ഠിക്കയും ചെയ്തിട്ടുള്ള മറെറാരു വ്യക്തിയെ കേരളം ഉല്പാദിപ്പിച്ചിട്ടില്ല. പഠിക്കാതെയും അറിയാതെയും ചിന്തിക്കാതെയും വിമർശിക്കുന്ന നമ്മുടെ മിക്ക വിമർശകന്മാർക്കും ബാലകൃഷ്ണപിള്ള ആപൽക്കാരിയാണു്. കാല്പനികത്വ (റൊമാൻറിസിസം) ത്തിൻെറയും ആദർശപരത (ഐഡിയലിസം) യുടെയും അടിസ്ഥാനത്തിൽനിന്നു് വിമശ്ശത്തെ വിമോചിപ്പിക്കാൻ ഏററവും ഫലോന്മുഖമായ യത്നങ്ങൾ നടത്തിയിട്ടുള്ളതും മി. ബാലകൃഷ്ണപിള്ളയാണു്. വിമശ്ശത്തിൽ മാത്രമല്ല, മറേറതിലും മറെറവിടെയും ഇത്ര കൂടുതൽ വിപ്ലവബീജം വിതച്ചിട്ടുള്ളതും അദ്ദേഹം തന്നെയാണു്. സമകാലീനപ്രശ്നങ്ങൾക്കു വിമശ്ശത്തിൽ ഇത്ര ധാരാളമായ പ്രവേശവും പരിഗണനയും നൽകിയതും അദ്ദേഹമാകുന്നു. വിമർശത്തെ വ്യക്തിഗതമായ വീക്ഷണകോടിയിൽനിന്നു് പരിവത്തിപ്പിച്ചു് അതിനെ സാമൂഹ്യവീക്ഷണകോടിയിൽ ഉറപ്പിക്കുവാൻ ഏററവും കൂടുതൽ ഉദ്യമിച്ചതും ബാലകൃഷ്ണപിള്ളയാകുന്നു. അദ്ദേഹം യാഥാസ്ഥിതികവിമശ്ശത്തിൻെറ വളച്ചയെ തടയുവാൻ ശ്രമിച്ചു.

സാങ്കേതികമായ അൎത്ഥത്തിൽ അദ്ദേഹം വിമൎശത്തിൽ ശാസ്ത്രീയസമ്പ്രദായത്തെ കടത്തിക്കൊണ്ടുവന്നു. ഇങ്ങനെ മി. ബാലകൃഷ്ണപിള്ള ഭാഷാവിമർശത്തിനു് ഗണ്യമായ പല സംഭാവനകളും ചെയ്തിട്ടുണ്ടെന്നുള്ളതിൽ സംശയമില്ല.

മി: ബാലകൃഷ്ണപിള്ളയുടെ അപര്യാപ്തതകളെയും വികലതകളെയും നാം വിസ്മരിച്ചുകൂടാ. ഒരു സാഹിത്യകലാവിമർശകൻ എന്ന നിലയിൽ അദ്ദേഹത്തിനുള്ള ഏറ്റവും പ്രധാനമായ പോരായ്മ അദ്ദേഹത്തിലെ വികാരപരവും ഭാവനാപരവും ആയ വാരംച്ചയും ശുഷ്കതയുമാകുന്നു. താൻ സാഹിത്യത്തിലേയ്ക്കു് വഴിതെററി വന്നുകയറിയ ഒരു 'ശാസ്ത്രജ്ഞ'നാണെന്നു് അദ്ദേഹംതന്നെ സമ്മതിക്കും. താൻ കലാകാരനോ സാഹിത്യകാരനോ അല്ലെന്നു് അദ്ദേഹത്തെക്കാൾ കൂടുതൽ അറിയുന്നവർ ചുരുക്കമാണു്. സാഹിത്യകലകളെപ്പററി അറിയുന്നതുകൊണ്ടു മാത്രം ഒരാൾ സാഹിത്യകാരനാകയില്ല; കലാകാരനാകയില്ല. സാഹിത്യകലാനിയമങ്ങളോ സിദ്ധാന്തങ്ങളോ സാഹിത്യകലാചരിത്രമോ അറിഞ്ഞിരിക്കുക എന്നതും സാഹിത്യകലകളെ സൃഷ്ടിക്കുക എന്നതും ഒന്നല്ലല്ലോ. സാഹിത്യകലാനിയമങ്ങളും അവയുടെ ചരിത്രവും അറിയാത്ത പലരും സാഹിത്യകലകളിൽ അനിഷേധ്യപദവി ആൎജിച്ചിട്ടുണ്ടു്. നമ്മുടെ ഭാവനാശക്തിയേയും വികാരത്തെയും സ്പർശിക്കാൻ കെല്പില്ലാത്ത മനസ്സുകൾക്കു് ഒന്നാംതരം സാഹിത്യത്തെയോ കലയെയോ സൃഷ്ടിക്കാൻ കഴികയില്ല. മി. ബാലകൃഷ്ണപിള്ള സാഹിത്യകലാവിമർശം നടത്തുമ്പോൾ അദ്ദേഹം നിങ്ങളുടെ ഭാവനയേയും വികാരത്തെയും മനസ്സിലാക്കുമെങ്കിലും അവയെ അദ്ദേഹം ചലിപ്പിക്കയോ വിജൃംഭിപ്പിക്കയോ ചെയ്യുകയില്ല. അദ്ദേഹത്തിനു ഭാവനയുണ്ടെങ്കിൽ, വികാരം ഉണ്ടെങ്കിൽ, അവയെപ്പററി നാം അറിയുന്നില്ല. വികാരഭാവനകളുടെ വിവരണാതീതമായ മാന്ത്രികവിലാസങ്ങളും

വിസ്മയങ്ങളും സൂക്ഷ്മതകളും അദ്ദേഹം നിങ്ങൾക്കു സമ്മാനിക്കയില്ല. മനുഷ്യജീവിതത്തെയും അവൻെറ വ്യക്തിത്വത്തെയും (Personality) പൂർണ്ണമായി ഗ്രഹിക്കുവാൻ വികാരഭാവനകൾ ഇല്ലാതിരിക്കുകയോ കുറഞ്ഞിരിക്കയോ ചെയ്യുന്നവക്ക് സാദ്ധ്യമല്ല. ജീവിതം പൂർണ്ണമായി വികസിക്കണമെങ്കിൽ, മനുഷ്യൻെറ വ്യക്തിത്വം അന്യൂനമായി വളരണമെങ്കിൽ, അതിന് വികാരത്തിൻെറയും ഭാവനയുടെയും ന്യായമായ, ക്രമമായ സമ്പർക്കം ലഭിക്കണം; അവയുടെ പ്രകാശവും ഊർജ്ജതയും ലഭിക്കണം. മനുഷ്യപ്രകൃതിയേയും അവൻെറ വ്യക്തിത്വത്തെയും അധികരിച്ച അപഗ്രഥനപരമായ തങ്ങളുടെ ശാസ്ത്രീയപഠനങ്ങളിൽപോലും ശാസ്ത്രജ്ഞന്മാരും ശാസ്ത്രീയചിന്തകന്മാരും വികാരഭാവനകൾ വഹിക്കുന്ന പ്രാധാന്യത്തെയും പങ്കിനെയും വെളിപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്ലേറോവിനാൽ അധിക്ഷിപ്തമായ അനിയന്ത്രിതവും അനഭ്യസ്തവും ആയ വികാരപ്രകടങ്ങളെയും ഭാവനാവ്യാപാരങ്ങളെയും നാം തള്ളിക്കളയുക. ഒരു സാഹിത്യകലാനിരൂപകൻ എന്ന നിലയിൽ മി. ബാലകൃഷ്ണപിള്ള പരാജയപ്പെടുന്നതു് അദ്ദേഹത്തിൻെറ വികാരശൂന്യതയും ഭാവനാരാഹിത്യവും കൊണ്ടാണു്. എമിലി സോളാ സാഹിത്യസൃഷ്ടിയിലും വിമർശനത്തിലും വളരെ വളരെ പരിമിതനായതു് ഇക്കാരണത്താലാകുന്നു. കേവലം ഭൗതികതത്വത്തിൽമാത്രം നിലനിന്നിരുന്ന അന്നത്തെ ശാസ്ത്രീയവീക്ഷണങ്ങൾ സോളായെ ചതിച്ചതും അദ്ദേഹത്തിൻെറ അപജയഹേതുക്കളിലൊന്നാണു്.

ഒരു സാഹിത്യകാരൻേറയോ കലാകാരൻേറയോ സാഹിത്യകലാനിരൂപകൻേറയോ ഭാഷയും രീതിയും (style) അല്ല മി. ബാലകൃഷ്ണപിള്ളയുടെ ഭാഷയും രീതിയും. അദ്ദേഹത്തിനു് സ്വന്തമായൊരു ഭാഷയും രീതിയും ഉണ്ടെങ്കിൽ അവയ്ക്കു് വ്യക്തിത്വത്തെ പ്രഖ്യാപിക്കാൻ കഴിയുന്ന ഉറ

ഉപ്പും സ്വരവും നിറവും സർവ്വോപരി ജീവനും ഇല്ല. ഒരു രീതിയില്ലാത്ത വിമർശകൻ ദയനീയനാണു്. രീതി എന്നതു് എഴുത്തുകാരന്റെ തൊലിയോ മാംസമോ അല്ല. അതു് അവന്റെ രക്തവും മജ്ജയുമാണു്; അവന്റെ പെർസനാലിററിയാണു്. പെർസനാലിററി ഇല്ലാത്തവനെ, നിങ്ങൾക്കു് ധൈര്യമുണ്ടെങ്കിൽമാത്രം, സാഹിത്യകാരനെന്നോ കലാകാരനെന്നോ വിമർശകനെന്നോ വിളിച്ചാൽമതി. ഉയർന്നു ജ്വലിക്കുന്ന എല്ലാ പ്രധാന സാഹിത്യകലാകാരന്മാർക്കും വിമർശകന്മാർക്കും അവരുടെ സ്വന്തമായി ഓരോ രീതിയുണ്ടായിരിക്കും. മി. ബാലകൃഷ്ണപിള്ളയുടെ രീതിയെ രീതിയെന്നുവിളിക്കാമെങ്കിൽ രീതിയില്ലാത്ത എഴുത്തുകാരില്ലെന്നു് വിധിക്കേണ്ടിവരും; എല്ലാ എഴുത്തുകാർക്കും വ്യക്തിത്വം ഉണ്ടെന്നു് സമ്മതിക്കേണ്ടിവരും. അതെങ്ങനെ? അസംബന്ധമോ നിരർത്ഥകമോ ആയ വിധിയും സമ്മതവുമാണതു്.

Sensitiveness ഇല്ലാത്തവർ കലാനിരൂപണത്തിൽ ഒരിക്കലും വിജയിക്കയില്ലെന്നു് മാത്രമല്ല, പരാജയപ്പെടുകയേയുള്ളൂ. ഈ ഗുണം ഉല്പാദിപ്പിക്കാത്ത ഒരു സൃഷ്ടിയും കലയല്ല; കലാനിരൂപകനല്ല. വെറും യുക്തിയിൽക്കൂടിയോ ബുദ്ധിയിൽക്കൂടിയോ മാംസത്തിന്റെ സിദ്ധാന്തത്തിൽക്കൂടിയോ നിങ്ങൾ സംഗീതത്തെ സമീപിക്കുക. തദ്വ്യമത്തിൽ നിങ്ങൾ എവിടെയെങ്കിലും ചെന്നെത്തുമെങ്കിൽ അവിടെ സംഗീതം ഉണ്ടായിരിക്കയില്ല; അതിന്റെ അനിർവാച്യത അവിടെ നിങ്ങൾ അനുഭവിക്കയില്ല. കലയ്ക്കുംസാഹിത്യത്തിനും ബുദ്ധിപരവും മാംസപരവുംആയ അവസ്ഥയുണ്ടെങ്കിൽ അതുപോലെ വികാരപരവും ഭാവപരവും ആയ അവസ്ഥയുമുണ്ടു്. സ്ഥൂലത കലയുടേതാണെങ്കിൽ സൂക്ഷ്മതയും കലയുടേതാണു്. ഒരു വിമർശകനെന്ന നിലയ്ക്കു് ബാലകൃഷ്ണപിള്ള നമ്മുടെ ആന്തരശക്തികളെ സൂക്ഷ്മവൽക്കരിക്കയില്ല. താൻ നോക്കിവെയ്ക്കുന്ന വഴികളെയും രംഗങ്ങളേ

യും പരിചയപ്പെടുത്തുവാനേ അദ്ദേഹത്തിന്ന് കഴിവുള്ളു. ആവേശം അരുളുവാനും ആനന്ദം കൊള്ളിക്കുവാനും അനുഭൂതിയുടെ അനന്തഗഹനതയിലേക്കാകർഷിക്കുവാനും അദ്ദേഹത്തിനറിഞ്ഞുകൂടാ.

ബാലൻസ് തെററാത്ത മനസ്സും ബലക്ഷയം അനുഭവിക്കാത്ത വീക്ഷണങ്ങളും ഉള്ള ഒരു വിമർശകനെ ബാലകൃഷ്ണപിള്ളയിൽ ആരായുമ്പോൾ ആശാഭംഗമാണ് ഉളവാകുന്നതു്. അനല്പമായ വ്യുല്പത്തിയും അനല്പമായ ഗ്രന്ഥപരിചയവും ഉണ്ടായിരുന്നിട്ടും അദ്ദേഹത്തിനു തന്നിലുള്ള ഏററക്കുറച്ചിലുകളെ മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്നു തോന്നുന്നില്ല. അസുഖകരങ്ങളായ സ്വാനുഭവങ്ങളുടെ മൂർച്ചയും അതിൽകൂടിയുള്ള അവലോകനങ്ങളും താല്പര്യങ്ങളും അദ്ദേഹത്തിന്ന് ഏററവും അസാധാരണമായ ഒരു മാനസികവലയത്തെ സൃഷ്ടിച്ചുകൊടുത്തിട്ടുണ്ടു്. അതിൻെറ സ്വഭാവത്തിനും അവസ്ഥയ്ക്കും അനുസരിച്ചു് അദ്ദേഹം ചിന്തിക്കുകയും പറയുകയും ചെയ്യുന്നു. അദ്ദേഹത്തിൻെറ വാക്കുകളിലെല്ലാം ആ മനസ്സ് സ്പന്ദിക്കുന്നു. മാനസികാപഗ്രഥനത്തെപ്പററി വളരെ പറയാറുള്ള അദ്ദേഹം അതിൽകൂടി അദ്ദേഹത്തെ കാണുന്നില്ല. മനസ്സിൻേറയും ശരീരത്തിൻേറയും പരസ്പരസ്വാധീനതയേയും ബന്ധത്തേയും ചിന്താർഹമായി കൂടുതൽ വെളിപ്പെടുത്തുന്നു. പ്രസ്ഥാനസ്ഥാപകക്ക് മഹാകവിപ്പട്ടം കൊടുക്കുന്ന ബാലകൃഷ്ണപിള്ളയുടെ മനസ്സിന്ന് എന്തോ തകരാറുണ്ടെന്നു വിചാരിക്കാനാണെളുപ്പം.

യഥാസ്ഥിതികത്വത്തെ കുഴിച്ചുമൂടുവാനും വിപ്ലവത്തെ കത്തിപ്പൊന്തിക്കുവാനുമാണ് ബാലകൃഷ്ണപിള്ള വിമർശിക്കുന്നതു്; അദ്ദേഹം ജീവിക്കുന്നതും അതിനുതന്നെ. ഈ ശ്രമത്തിൽ അദ്ദേഹം മതത്തേയും തത്വചിന്തയേയും

മിസ്റ്റിസിസത്തേയും ആദർശപരതയേയും ഇന്നത്തെ സദാചാരത്തേയുമെല്ലാം എതിക്കുന്നു; പഴമയുടെ മുദ്രകുത്തി അവയെ അദ്ദേഹം വലിച്ചെറിയുന്നു. മനുഷ്യവിജ്ഞാനത്തിന്റെ കണ്ടുപിടിത്തങ്ങളുടെ പേരിൽ അദ്ദേഹം പുതുമയേയും വിപ്ലവത്തേയും പ്രചരിപ്പിക്കുന്നു. യാഥാസ്ഥിതികത്വത്തെയും വിപ്ലവത്തേയും സംബന്ധിച്ച ബാലകൃഷ്ണപിള്ളയുടെ അഭിപ്രായങ്ങളും വീക്ഷണങ്ങളും ഇന്നത്തെ വിജ്ഞാനപ്രസ്ഥാനങ്ങളുടെ വളച്ചയനുസരിച്ചു നോക്കുമ്പോൾ എല്ലാം സാധുവല്ല. ബർട്രാൻഡ് റസ്സലിനെപ്പോലുള്ളവർ സംരക്ഷിക്കുന്ന സ്കെപ്ടിസിസം കേവലം ഭൗതികമോ കേവലം ആത്മീയമോ ആയ താല്പര്യങ്ങളേയും ചിന്തകളേയുമല്ല ആധുനികവിജ്ഞാനത്തിന്റെ ലോകത്ത് വളർത്തുന്നത്. ചിന്താലോകത്തിലെ ഇന്നത്തെ എക്സ്പെർട്ടുകളുടെ അഭിപ്രായങ്ങൾ അനിഷേധ്യങ്ങളല്ലെങ്കിൽ മി: ബാലകൃഷ്ണപിള്ള പുറപ്പെടുവിച്ചിട്ടുള്ള പല വിധികളും അസാധുവാണ്. ബാലകൃഷ്ണപിള്ള തികഞ്ഞ ഒരു ഭൗതികവാദിയാകുന്നു. അദ്ദേഹം മതത്തേയും തത്വചിന്തയേയും മിസ്റ്റിസിസത്തെയും വെറുക്കുന്നു. അദ്ദേഹം 'പുരോഗതി'യേയും 'വിപ്ലവ'ത്തെയും മാത്രം ഉപാസിക്കുന്നു. പ്രസ്തുത വിഷയങ്ങളെ സംബന്ധിച്ച ഒരു ചർച്ചയ്ക്ക് ഇവിടെ ഒരുമ്പെടുന്നില്ല. ആധുനിക യുക്തിവാദംപോലും ഏററവും സൂക്ഷ്മമായ മതാവബോധത്തെയും മിസ്റ്റിക്പ്രവണതയേയും കൈക്കൊള്ളുന്നുവെന്ന പരമാർത്ഥം മാത്രമേ ഇവിടെ അനുസ്മരിപ്പിക്കുന്നുള്ളു. ബർട്രാൻഡ് റസ്സലിന്റെ ന്യായവാദപരമായ ആദ്ധ്യാത്മികതത്വവും (logical metaphysics) ഡാക്ടർ വൈററ്ഹെഡിന്റെ ധിഷണാതീതമായ philosophy of organis വും ബെർഗ്സന്റെ 'എലാൻവൈററൽ' സിദ്ധാന്തവും നിഷേയുടെ 'ജീവശക്തി' (Life Force) സിദ്ധാന്തവും പതിനേഴാം ശതകത്തിലെ

യും പത്തൊൻപതാംശതകത്തിൻെറ അവസാനദശയിലെ യും ഭൗതികതത്വത്തെ തോല്പിച്ചോടിച്ചുവെന്നു് നാം അറിയു ന്നു. ഈ ദശയിൽ നമ്മുടെ വിജ്ഞാനത്തിൻെറയും അനു ഭവത്തിൻെറയും മണ്ഡലത്തെ വിപ്ലവകരമായി വികസി പ്പിച്ച ഐൻസ്റ്റിൻെറ ആപേക്ഷികസിദ്ധാന്തവും മാക്സ് പ്ലാൻകിൻെറ മാത്രാസിദ്ധാന്തവും ഭൗതികതത്വത്തെയാണു് ഉറപ്പിക്കുന്നതെന്നു് ബാലകൃഷ്ണപിള്ള അഭിപ്രായപ്പെട്ടിട്ടു ള്ളതു തികച്ചും അടിസ്ഥാനരഹിതമാണു്. വിജ്ഞാന ത്തിൻെറയും ചിന്തയുടെയും ലോകത്തിലെ പ്രസ്തുത എക്സ്പെർട്ടുകളുടെ അഭിപ്രായങ്ങളെ ഇവിടെ ഉദ്ധരിക്കുന്നില്ല. സല്ലിവൻ, മില്ലികൻ മുതലായ ശാസ്ത്രപരന്മാരായ എഴുത്തു കാരും, മനഃശാസ്ത്രം, ജീവശാസ്ത്രം, തത്വശാസ്ത്രം, ഗണിത ശാസ്ത്രം എന്നിവയിലെ എക്സ്പെർട്ടുകളും വെറും ഭൗതിക വാദികളായിട്ടല്ല പ്രത്യക്ഷപ്പെടുന്നതു്.

മി. ബാലകൃഷ്ണപിള്ളയ്ക്കു ചൂണ്ടിക്കാണിക്കുവാനല്ലാ തെ അദ്ദേഹം അവലംബിക്കുന്ന നിലയെ തെളിയിക്കു വാൻ കഴിയുന്നില്ല. അദ്ദേഹം ശാസ്ത്രകാരനല്ല, തത്വ ചിന്തകനല്ല, കലാകാരനല്ല. എന്നാൽ സ്വതന്ത്രമായും, ധീരമായും അദ്ദേഹം ചിന്തിക്കുന്നുവെന്നു് നാം വിചാരിക്കു ന്നു. ഇവിടെ ഒരു കാര്യം പ്രത്യേകം ചിന്താർഹമാണു്. ബാലകൃഷ്ണപിള്ള ഒരു സ്വതന്ത്രചിന്തകനാണെന്നു് പറ ഞ്ഞാൽ അദ്ദേഹംതന്നെ സമ്മതിക്കയില്ല. അദ്ദേഹത്തി ൻേറതായി അറിയപ്പെടുന്ന പല അഭിപ്രായങ്ങളും വീക്ഷ ണങ്ങളും അന്യരുടെതാണെന്നും അദ്ദേഹം സമ്മതിക്കും. പാശ്ചാത്യഗ്രന്ഥകാരന്മാരിൽ പലരുടെയും പ്രസ്താവങ്ങ ളെ അദ്ദേഹം സ്വന്തമാക്കിയിട്ടുണ്ടെന്നുള്ളതിനു പല തെ ളിവുകളുണ്ടു്. താൻ പക്ഷപാതബുദ്ധിയായ ഒരു നിരൂ പകനും ചിന്തകനുമാണെന്നു് അദ്ദേഹം ഏറ്റുപറകയും; ലെനിനെക്കാൾ വിപ്ലവകാരിയാണെന്നു വാദിക്കും.

ആധുനികഭാഷാവിമർശം അഭൂതപൂർവ്വമായ ഒരു അവസ്ഥയിലെത്തിയിരിക്കയാണു്. അതിൻെറ ഭാവി ഏതു വ്യക്തമായ രൂപത്തെയും ഏതു വ്യക്തമായ ഭാവത്തെയുമാണു കൈക്കൊള്ളുവാൻ പോകുന്നതെന്നു ദീർഘദർശനംചെയ്ക എളുപ്പമല്ല. 'പുരോഗതി,' 'വിപ്ലവം,' 'പരിവർത്തനം' എന്നിവയെ സംബന്ധിച്ച പരസ്പരഭിന്നങ്ങളായ പരിചിന്തനങ്ങളും നിരൂപണങ്ങളും നമ്മുടെ വിമർശത്തിൻെറ ലോകത്തു പുതിയ തല്പരതകളെയും പ്രവണതകളെയും വികാരവിചാരങ്ങളെയും കടത്തിക്കൊണ്ടുവന്നിട്ടുണ്ടു്. തീർച്ചയായും ഇതു് ആഹ്ലാദകരവും അഭിമാനജനകവുംതന്നെ. ഈ പരിവർത്തനോന്മുഖമായ അവസ്ഥയുടെ അലകൾ ഇളകുവോളം നാം അവലംബിച്ചുപോന്ന നമ്മുടെ അധിഷ്ഠാനം അനാശാസ്യമാണെന്ന ബോധം ഇന്നു നമ്മിൽ അങ്കുരിച്ചു കഴിഞ്ഞു. യാഥാസ്ഥിതികത്വത്തിൻെറ ജീവിതവീക്ഷണസമ്പ്രദായങ്ങളെ വിജ്ഞാനത്തിൻെറ പുതുവികാസം അസ്ഥിരപ്പെടുത്തി; അസാധുവാക്കി. പരിണാമത്തിൻെറ തത്ത്വങ്ങളിൽ നമുക്കു വിശ്വസിക്കാതിരിക്കാൻ കഴികയില്ലെന്നായി. അചഞ്ചലമായിട്ടോ ശാശ്വതമായിട്ടോ യാതൊന്നും നിലനില്ക്കുന്നില്ലെന്നും ഏതിനെങ്കിലും ശാശ്വതത്വം ഉണ്ടെങ്കിൽ അതു പരിവർത്തനമാണെന്നും ശാസ്ത്രീയവിജ്ഞാനം നമുക്കു മനസ്സിലാക്കിത്തരുന്നു. ഈ ബോധവും ആപേക്ഷികസിദ്ധാന്തം പഠിപ്പിക്കുന്ന പാഠവുമാണു നമ്മുടെ മാനസികജീവിതത്തെ പാടേ പരിവർത്തിപ്പിച്ചതു്. എല്ലാവിധ നവീന വിമർശത്തിൻെറയും മൗലികവീക്ഷണത്തെ സൃഷ്ടിക്കുന്നതു് ഈ നവീന ബോധമാകുന്നു. ബാഹ്യത്തെയും സൂക്ഷ്മത്തെയും സംബന്ധിച്ച നമ്മുടെ പഴയ ആശയങ്ങളും വിചാരങ്ങളുമെല്ലാം പരിത്യക്തമാവുന്നു. ഏകമായ സത്യത്തെയോ യാഥാർത്ഥ്യത്തെയോ അധികരിച്ചു നാം പുലത്തിയിരുന്ന വിശ്വാസങ്ങളെല്ലാം പുനഃസംവിധാനംചെയ്യപ്പെടുന്നു. പ്രപഞ്ചത്തെയും അതിലടങ്ങുന്നവയേയും നാം

നോക്കിക്കണ്ടിരുന്ന പഴയ വീക്ഷണകവാടങ്ങളിൽക്കൂടി ഇന്നു നാം നോക്കാതായി. പദാർത്ഥസിദ്ധാന്തം പാടേ മാറിവന്നതോടുകൂടി 'ഭൗതികത്വ'ത്തിനും 'ആത്മീയത'യ്ക്കും നാം പുതിയ വിവരണങ്ങളും നിർവ്വചനങ്ങളും കല്പിക്കുന്നു.

മനുഷ്യവിജ്ഞാനപരമായ അവലോകനങ്ങളിലും വിധികളിലും നമ്മുടെ വിമർശകന്മാർ പൊതുവേ വിജ്ഞാനലോകത്തിലെ എക്സ്പെർട്ടുകളുടെ നിലയെ വിഗണിക്കയോ തെററിദ്ധരിക്കയോ വിസ്മരിക്കയോ ചെയ്യുന്നതായി തോന്നിപ്പോകുന്നു. ഈ എക്സ്പെർട്ടുകളെ കണ്ടുപിടിക്കുക എന്നതു ശ്രമാവഹമായ ഒരു കൃത്യമാണ്. എക്സ്പെർട്ടുകളല്ലാത്തവരുടെ അഭിപ്രായങ്ങളെയും നിഗമനങ്ങളെയും അവലംബിക്കുക എന്നതു ഒരിക്കലും ആശാസ്യമോ ഉചിതമോ അല്ല. ആധുനികശാസ്ത്രവും തത്വജ്ഞാനീയവും തനി നാസ്തികത്വത്തെയാണു വളർത്തുന്നതെന്നും അല്ല, അവ ആസ്തികത്വത്തെയാണു സംരക്ഷിക്കുന്നതെന്നും രണ്ടു വിഭിന്നപക്ഷക്കാരുണ്ട്. ഈ രണ്ടു പക്ഷക്കാരുടെയും നില ശരിയല്ല.

മനുഷ്യനു് അറിവു സിദ്ധിക്കുന്നതു രണ്ടുപ്രകാരത്തിലാണെന്നു ക്രോചെ സിദ്ധാന്തിക്കുന്നു. ഒന്നു യുക്തി (reason) യിൽക്കൂടി; മറേറതു സഹജാവബോധ (intuition) ത്തിൽക്കൂടി. മതബോധവും മിസ്റ്റിസിസവും സഹജാവബോധപരമായ അറിവിലാണു് അധിഷ്ഠിതമായിരിക്കുന്നതു്. ആന്തരമായ അനുഭവം, ദർശനം എന്നിവയുടെ രഹസ്യങ്ങൾ ഇത്തരം അറിവിൽ അടങ്ങിയിരിക്കുന്നു. ശാസ്ത്രീയമായ അപഗ്രഥനവും സമീപനവും ഈ അറിവിനെ സംബന്ധിച്ചിടത്തോളം മിക്കവാറും പരാജയപ്പെടുകയാണു ചെയ്യുന്നതു്. അപഗ്രഥനാതീതമായ അറിവിനെ അംഗീകരിച്ചുകൂടെന്നു ശഠിക്കുന്ന ഒരുപക്ഷം ശാസ്ത്രപരന്മാരുടെ വിവാദങ്ങൾകൊണ്ടു് പുരോഹിതന്മാർ പ്രചരിപ്പിക്കുന്ന മത (dogmatic religion) ത്തിന്റെ അടിസ്ഥാനം പൊളി

ഞ്ഞുപോകുന്നു. എന്നാൽതണുത്തുറഞ്ഞ യുക്തിയുടേയോ ശാസ്ത്രീയസമ്പ്രദായത്തിൻേറയോ അപഗ്രഥനങ്ങൾക്ക് അതീതമായ അനുഭവങ്ങളെ ചോദ്യംചെയ്കയോ പരിത്യജിക്കയോ ചെയ്യുന്ന പതിവിനെ ഇന്നത്തെ നവീനയുക്തിവാദവും ശാസ്ത്രീയബോധവും അംഗീകരിക്കുന്നില്ല. ഇന്നുവരെ അഖണ്ഡിതമായിരിക്കുന്ന ബർട്രാൻഡ്റസ്സലിൻേറ പുതിയ റിയലിസം (New Realism) യുക്തിയെ അപരിമിതമാക്കുന്നതിനുള്ള ഏററവും ചിന്താർഹമായ ഉദ്യമമാണ്. ഇന്നത്തെ ഭൗതികശാസ്ത്രങ്ങളും തത്വശാസ്ത്രവും സഹജാവബോധത്തിൽക്കൂടിയും യുക്തിയിൽക്കൂടിയും മനുഷ്യനു ലഭിക്കുന്ന അറിവിനേയും അനുഭൂതിയേയും ദർശനങ്ങളേയും സമഞ്ജസമായി സന്ധിപ്പിക്കയാണു ചെയ്യുന്നത്. ഏതദ്വിഷയകമായ ഒരു വിപുലപരിചിന്തനത്തിനു് ഇവിടെ ഒരുമ്പെടുന്നില്ല.

നമ്മുടെ മിക്ക വിമർശകന്മാരും മനുഷ്യനെ ഒന്നുകിൽ മൃഗമാക്കുവാനും അല്ലെങ്കിൽ ഈശ്വരനാക്കുവാനുമാണ് ശ്രമിക്കുന്നതു്. വിജ്ഞാനത്തിൻേറ വളർച്ചയെ പരിശോധിച്ചുകൊണ്ടുള്ള അഭിപ്രായങ്ങൾക്കാണു സാധുതയെങ്കിൽ പ്രസ്തുത രണ്ടു ശ്രമങ്ങളും എതിർക്കപ്പെടേണ്ടവയാണു്. ഇന്നത്തെ നമ്മുടെ 'പുരോഗമന'വിമർശകന്മാരിൽ അധികമാളുകളും മനുഷ്യനെ മൃഗമാക്കുന്നവരാണു്. മാനസികവികാസമെന്നും മനഃസംസ്കാരമെന്നും പറയപ്പെടുന്നവ ഭൗതികവികാസവും ഭൗതികസംസ്കാരവുമാണെന്ന അവരുടെ പുതിയ വ്യാഖ്യാനം വെറും പഴയ വ്യാഖ്യാനമാണു്. തങ്ങൾ നവീനന്മാർ എന്ന അവരുടെ അഭിമാനം അർത്ഥവത്തല്ല. മനസ്സും ശരീരവും ഒരു പദാർത്ഥത്തിൻേറ രണ്ടവസ്ഥകളാണെങ്കിലും അവയുടെ ആവശ്യങ്ങൾ ഒന്നല്ല. പരസ്പരാശ്രയത്തിൽക്കൂടിയല്ലാതെ അവയ്ക്കു വളരാൻ കഴികയില്ലെന്നിരുന്നാലും അവയുടെ സ്വഭാവത്തിനു് സാരമായ അന്തരമുണ്ടെന്നു് ഇന്നത്തെ മനഃശാസ്ത്രവും ജീവശാസ്ത്രവും പദാ

ത്ഥശാസ്ത്രവും അസന്ദിഗ്ദ്ധമായി വെളിപ്പെട്ടുത്തിയിട്ടുണ്ട്. മനുഷ്യനും പ്രപഞ്ചത്തിനും നൽകപ്പെട്ടിരുന്ന കേവലം യാന്ത്രികവ്യാഖ്യാനങ്ങളുടെ മരണമണി അടിച്ചിട്ട് അരശതാബ്ദത്തോളം കഴിയുന്നു. കാലഹസ്തം യാന്ത്രികതത്വത്തിൽ ബലപ്പിച്ചിരുന്ന പിടി നിശ്ശേഷം ഇളകിപ്പോയിരിക്കുന്നു. പ്രപഞ്ചത്തിൻെറയും മനുഷ്യൻെറയും സംവിധാനത്തെയും സൃഷ്ടിയേയും സംബന്ധിച്ച മാർക്സിയൻ വിചാരപദ്ധതി ആധുനികവിജ്ഞാനത്തിൻെറ പരീക്ഷണത്തിൽ, വെറും പഴയ സാധനമാണെന്നു തെളിഞ്ഞിരിക്കുന്നു. വ്യഷ്ടിയേയും സമഷ്ടിയേയും സംബന്ധിച്ച ചരിത്രപരവും തത്വചിന്താപരവും ആയ മാർക്സിയൻവീക്ഷണങ്ങൾ, അവയുടെ അടിത്തറ ചിതറിയപ്പോൾ, മറിഞ്ഞുവീണുപോയി. ഭൗതികതത്വത്തിൽ കെട്ടിപ്പൊക്കപ്പെട്ട മാർക്സിൻെറ ധനതത്വശാസ്ത്രവും രാജ്യതന്ത്രവുംപോലും പരിഷ്കരിക്കപ്പെടുന്ന കാലം തുടങ്ങിയിട്ട് വളരെ കൊല്ലങ്ങളായി. ലെനിനിസം മാർക്സിസത്തിൻെറ പരിഷ്കരിക്കപ്പെട്ടതും കൂട്ടിച്ചേർക്കപ്പെട്ടതും ആയ പ്രസ്ഥാനമാണെങ്കിലും അതിൻെറ അടിസ്ഥാനത്തിലും നിസ്സാരമല്ലാത്ത തകരാറുകളുണ്ട്. യഥാർത്ഥ മനുഷ്യത്വത്തിൻെറ ഒരു വശം അതുകൊണ്ടു ചുക്കിച്ചുളിഞ്ഞുപോകയാണു ചെയ്യുന്നതു്. മാർക്സിസത്തെയോ ലെനിനിസത്തെയോ ഉപജീവിക്കുന്ന നമ്മുടെവിമർശകന്മാർ മനുഷ്യശക്തികൾ ഒന്നിച്ചുചേർന്നുള്ള അനുരഞ്ജനയോടുകൂടിയ വളർച്ച നല്കുന്നില്ല.

ജനങ്ങൾക്ക് എളുപ്പത്തിൽ മനസ്സിലാകുന്നതും നമ്മുടെ പ്രത്യക്ഷത്തിലുള്ള ദൈനംദിനജീവിതത്തെ ഏററവും ഗാഢമായി സ്പർശിക്കുന്നതും പ്രസ്ഥാനമായതുകൊണ്ട് മാർക്സിസത്തിനോ ലെനിനിസത്തിനോ പലരും അനല്പപ്രാധാന്യവും പരിഗണനയും നൽകുന്നതിൽ ആശ്ചര്യമില്ല. എന്നാൽ മനുഷ്യപുരോഗതിയുടെ എല്ലാ വശങ്ങളേയും എല്ലാ അർത്ഥങ്ങളേയും അവയിൽ ഒതുക്കുവാൻ ശ്രമിക്കുന്ന നമ്മു

ടെ ചില വിമർശകന്മാരുടെ വികലനിലയെ അവർ കാണു ന്നില്ല. ജനകീയമെന്നും സാമൂഹ്യമെന്നും പറയപ്പെടുന്ന എല്ലാ വീക്ഷണകോടികളേയും ശരിവെക്കുന്ന ഒരു നില ഒരു വിമർശകൻ സ്വീകരിക്കയാണെങ്കിൽ അതു വളരെ ദയ നീയമായിരിക്കും. ജനങ്ങളുടെ പദവിയെ ഉയർത്താതെയും ഉത്തേജിപ്പിക്കാതെയും അവരുടെ പദവിയിലേയ്ക്കു താഴ്ന്നി റങ്ങുന്ന വിമർശകൻ വ്യക്തിത്വമുള്ള വിമർശകനല്ല. കേവ ലം ജനപ്രഭുത്വം (Absolute Democracy)നാഗരികതയു ടെയും സംസ്കാരത്തിന്റെയും വിപത്താണ്. നീഷേയുടേ യും ഷായുടേയും അതിമാനുഷന്മാരോ അവരെ അധികരി ച്ച സിദ്ധാന്തങ്ങളോ വിഡ്ഢിത്തത്തിന്റെ സൃഷ്ടികളല്ല. ഡാ ർവിന്റെയും മാർക്സിന്റെയും ലോകത്തു ജീവിക്കാൻ വിഡ്ഢി കൾക്കല്ലാതെ കഴികയില്ലെന്ന ഷായുടെ പ്രസ്താവത്തിൽ അ പ്രതിഷേധ്യമായ സത്യം അടങ്ങിയിരിക്കുന്നു. നീഷേയുടെ അതിമാനുഷന്റെ ദൃഷ്ടിക്ക് 'മനുഷ്യൻ' എന്നതു ഒരു ഗോ റില്ലാ മാത്രമാണ്. നീഷേയുടേയും ഷായുടേയും അതിമാനു ഷന്മാരെക്കൊണ്ടു് ലോകത്തെ നിറയ്ക്കുവാൻ കഴികയില്ലെ ന്നിരുന്നാലും ഇന്നത്തെ മനുഷ്യത്വത്തെ പരിവർത്തിപ്പിക്കാ നുള്ള ആദർശത്തെ വിഗണിക്കുന്ന ലോകം ആശാരഹിതമാ യിരിക്കും. വ്യക്തിത്വത്തെയും ജീനിയസിനെയും സംഹരി ക്കുക എന്നതിന്റെ പേർ മനുഷ്യലോകത്തിന്റെ 'മനുഷ്യ' ത്വത്തെ സംഹരിക്കുക എന്നാണ്. വ്യക്തിയേയും ജീനി യസിനെയും വരിഞ്ഞുകെട്ടുവാൻ കഴിഞ്ഞുവെന്നു വരാം; എന്നാൽ അവരെ മറെറാന്നിൽ ലയി പ്പിക്കാനോ കൊന്നു കുഴിച്ചുമൂടുവാനോ കഴികയില്ല. വി ജ്ഞാനം ഉദയം ചെയ്യുന്നതും ഉടലെടുക്കുന്നതും വ്യക്തിയി ലാണ്; സമുദായത്തിലല്ല; ജനങ്ങളിലല്ല. ദർശനങ്ങളും അനുഭൂതികളും വ്യക്തികളിലെ സംഭവങ്ങളാണ്. വ്യക്തി ക്കും സമുദായത്തിനും കമ്മ്യൂണിസവും സോഷ്യലിസവും പ രസ്പരബന്ധവും ചരിത്രപരമായ സ്ഥാനവും നിർണ്ണയിച്ചിട്ടു

ളളതിൽ സാരമായ തിരുത്തങ്ങൾ ചെയ്യപ്പെടണ്ടം; അങ്ങനെ തിരുത്തപ്പെട്ടിട്ടമുണ്ട്. ജീനിയസിനെയോ വ്യക്തിത്വത്തെയോ വിധ്വംസിക്കാനുള്ള പുരോഗതിക്കാരുടേയോ വിപ്ലവക്കാരുടേയോ ശ്രമങ്ങളും കാര്യങ്ങളുടെ മൂല്യങ്ങളെ സംബന്ധിച്ചു് അവർ അവലംബിച്ച അസാധുവായ നിലയുമാണ് ആധുനികപുരോഗമനവാദത്തിലെ കളങ്കങ്ങൾ.

നല്ലതിനേയും ചീത്തയേയും ഒന്നുപോലെ ആവഹിച്ചുകൊണ്ടു് ഇരമ്പിക്കയറുന്ന ജനകീയപ്രസ്ഥാനപ്രവാഹത്തിൽ; ആത്മവിശ്വാസമോ വിചാരശുദ്ധിയോ കൂടാതെ അകപ്പെട്ടു കൊട്ടുകന്ന വിമർശകന്മാരുണ്ടു്. അതിലെ ദൂരകളെ കാണാതെയും കണ്ടാൽത്തന്നെ ദൂരീകരിക്കാൻ ശ്രമിക്കാതെയും ഇങ്ങനെ ചെയ്യുന്നവരിൽനിന്നു് ഗുണവും ദോഷവും നാം അനുഭവിക്കുന്നു. പേരിനെയും പെരുമയേയും ആശിച്ചും തങ്ങളുടെ നിലയെ ഉപായത്തിൽ സുരക്ഷിതമാക്കുവാനും കാലുമാറുന്ന വിമർശകന്മാർ കപടന്മാരാണു്. അവർ അവരിൽവിശ്വസിക്കുന്നവരല്ല; മററുള്ളവരിൽ വിശ്വസിക്കുന്നവരല്ല. സത്യസന്ധതയെ വെടിയുന്ന വിമർശകൻ അവൻെറഎല്ലാററിനെയും വെടിയുന്നവനാണു്; അവൻെറ നിലനില്പിനെ നിഷേധിക്കുന്നവനാണു്. തൻെറവളർച്ചയ്ക്കനുസരണം അവൻെറ അഭിപ്രായവും വീക്ഷണവും മാറിയെന്നുവരാം. ഒരു യാഥാസ്ഥിതികനു് വിപ്ലവകാരിയാവാം; ഒരു വിപ്ലകാരിക്കു് യാഥാസ്ഥിതികനാവാം; ഒരു മുതലാളിക്കു് കമ്മ്യൂണിസ്റ്റാവാം; ഒരു കമ്മ്യൂണിസ്റ്റിനു മുതലാളിയാവാം. എന്നാൽ അവൻ അവൻെറ കാലുമാററത്തെ സംശയിക്കരുതു്, ചോദ്യം ചെയ്യരുതു്. അവനു് അവനിലും അവൻ ചെയ്യുന്നതിലും പറയുന്നതിലും വിശ്വാസവും ആത്മാർത്ഥതയും തോന്നണം; തൻെറ നിലയെ ഉറപ്പിക്കാനും ന്യായീകരിക്കുവാനും അവനു കഴിവുണ്ടായിരിക്കണം. വ്യക്തിപരവും കക്ഷിപരവും ആയ വിരോധം, എതിർപ്പു്, നിന്ദ, മുതലായവയെ പേടിച്ചു് സ്വന്തം നിലയെ വിട്ടുമാറുന്ന

വൻ വിമർശകനല്ല. അവൻ ഏതു പ്രതിബന്ധത്തെയും ഏതു ആക്രമത്തെയും ഏതു നിന്ദയേയും അതിജീവിക്കാൻ കടപ്പെട്ടവനാണു്. പിന്താങ്ങലുകളുടെയും അഭിനന്ദനത്തിന്റെയും ആർപ്പുവിളികൾ അവനെ വഞ്ചിച്ചുകൂടാ. ഏതു ദുഃസഹമായ ഏകാകിത്വത്തെയും സഹിച്ചു് അവൻ അവന്റെ വഴിയിൽകൂടി മുന്നോട്ടു പോവാൻ ധീരതയുള്ളവനായിരിക്കണം.

ഇന്നത്തെ ഭാഷാവിമർശത്തിൽ, പൊതുവെ പറയുകയാണെങ്കിൽ, സാംസ്കാരികമായ ഉയൎന്ന തോതുകളോ ഉദ്ദേശശുദ്ധിയുടെ വ്യാപാരങ്ങളോ അനുഭവപ്പെടുന്നില്ല. പലപ്പോഴും നമ്മുടെ ഇന്നത്തെ വിമർശം ഒരു വിലയും നിലയുമില്ലാത്ത പുലഭ്യം പറച്ചിലുകളായി അധഃപതിക്കയാണു ചെയ്യുന്നതു്. ലബ്ധപദന്മാരായ വിമർശകന്മാർപോലും അവരുടെ നിലയെ അവസരസേവയ്ക്കും മററും ഇങ്ങനെ അലങ്കോലപ്പെടുത്തുകയും തരം താഴ്ത്തുകയും ചെയ്തുവരുന്നു. അനുഭാവം, സഹിഷ്ണുത, സാംസ്കാരികബോധം, സത്യസന്ധത മുതലായവയോടുള്ള യാത്രപറച്ചിൽ നമ്മുടെ വിമർശത്തിന്റെ വിനാശത്തെയാണു് ധ്വനിപ്പിക്കുന്നതു്. അഭിപ്രായഭിന്നത അധിക്ഷേപാർഹമല്ല; അന്തസ്സില്ലായ്മ അപമാനകരമാണു്. നമ്മുടെ വിമർശത്തെ അന്തസ്സിലേയ്ക്കു ഉയർത്തണം.

# A Short Bibiliography.


| | |
|---|---|
| G. Saints-burry | History of Criticism in 3 Vols. |
| J. E. Spingarm | Histcry of Literary Criticism in the Renaissance |
| ,, | Critical Essays in the 17th Century |
| E. Egger | History of Greek Criticism |
| E. A. Greeming Lamborn | Rudiments of Criticism |
| Mathew Arnold | Essays in Criticism |
| G. Gregory Smith | Elizabethan Critical Essays |
| L. Abercrombie | Principles of Literary Criticism |
| Thomas Gray | Essays in Criticism |
| Edmond Gosse | Aspects and Impressions |
| ,, | Portraits and Sketches |
| Percy Lubback | The Craft of Fiction |
| F. L Luccas | Authors Dead and Living |
| Desmond Mac Carthy | Criticism in 2 Vols. |
| Arthur Quiller Coach | Adventures in Criticism |
| G. B Shaw | Prefaces |
| ,, | Pen Portraits and Reviews |
| Stephen Spender | The Destructive Element. A Study of Modern Writers and Beliefs |
| Arthur Symon | Studies in Prose and Verse |
| Robert Lynd | Books and Authors |
| J. Middleton Murry | Aspects of Literature |
| W. Paler | Appreciations |
| Clive Bell | Art |
| Herbert Read | Collected Essays in Literary Criticism |
| J. A. Richard | The Meaning of Meaning |

JAWAHAR BALBHAWAN & CHILDREN'S LIBRARY
KOTTAYAM
(A PROJECT OF KOTTAYAM PUBLIC LIBRARY)

Cl. No. M07 Acc. No. 21

This book should be returned on or before the date last stamped below.

M07

വക്കം അബ്ദുൽ
ഖാദർ

വിമർശവും വിമ
ർശകന്മാരും

ഉ1